KOTTAYAM PUBLIC LIBRARY

Call No MA2 Acc. No 1660

Author പരമേശ്വരൻ നമ്പൂതിരിപ്പാട്

Title വെണ്ണിവണ്ണി ഉതിമൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# വെണ്മണികൃതികൾ.

രണ്ടാംഭാഗം.

(ഭാഷാനാടകങ്ങളും ഭാണങ്ങളും.)

ഉടമസ്ഥൻ,

വെണ്മണി നേത്രൻപരമേശ്വരൻ നമ്പൂതിരിപ്പാട്.

പകർപ്പവകാശം ഉടമസ്ഥന്ന്.

1119.

(രണ്ടാംപതിപ്പ്)

കോപ്പി 500.) (വില 1—8—0)

ഉടമസ്ഥന്റെ മുദ്രയില്ലാത്ത പുസ്തകങ്ങൾ വ്യാജനിർമ്മിതങ്ങളാകുന്നു.

No: 466

NATIONAL BOOK STALL KOTTAYAM

# അനുക്രമണിക.


| നമ്പ്ര | ഭാഷാനാടകങ്ങൾ. | ഭാഗം. |
|---|---|---|
| 1. | അതിമോഹം | 1_26 |
| 2. | പ്രച്ഛന്നപാണ്ഡവം | 27_63 |
| 3. | പുരന്ദരാരുണം | 64_80 |
| 4. | പീയൂഷവിദ്യോദയം | 81_119 |
| | ഭാണം. | |
| 5. | കാമതിലകം | 120_204 |



കുന്നംകുളം പഞ്ചാംഗം പ്രസ്സിൽ അച്ചടിച്ചതു.

ശ്രീ

# പ്രസ്താവന.

"ശങ്കാഹീനം ശശാങ്കാമലതരയശസാ
കേരളോല്പന്നഭാഷാ-
വൻകാട്ടിൽസഞ്ചരിക്കും, സിതമണി ധരണീ
ദേവഹര്യക്ഷവര്യ"നായ, ആ വെണ്മണി

മഹൻ (കടംബൻ) നമ്പൂതിരിപ്പാട് എൻെറ വലിയച്ഛൻ (അച്ഛൻെറ ജ്യേഷ്ഠൻ) ആയിരുന്നു.

ഇദ്ദേഹത്തിൻെറ ജനനം 1019-ാമാണ്ട് മേടം 6-ാംനു-യായിരുന്നു. ഈ വന്ദ്യകവിയുടെ കൃതികൾ, കിട്ടിയേടത്തോളം തേടിപ്പിടിച്ച് — നാലുഭാഗങ്ങൾ (വാല്യങ്ങൾ) ആയി പുതിയരീതിയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ട് അധികം നാളുകളായി. അതിൽ "നാടകങ്ങളും ഭാണവും" കൂട്ടിച്ചേർത്ത രണ്ടാംഭാഗം തീരെ ഒടുങ്ങുകയും ആവശ്യക്കാർ വർദ്ധിച്ചുവരികയും ചെയ്തതിനാലാണ്; കടലാസ്സുവില മുതലായ എല്ലാ ചിലവുകളും ഏററവും വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത് ഇതിൻെറ പുതിയ പതിപ്പ് അടിക്കുവാൻ ഒരുങ്ങിയത്.

പുറമെ: ഈ മഹാശയന്റെ "ശതാബ്ദവൃത്തി" ആഘോഷിക്കുന്നതിന്നായി കേരളത്തിലെ സാഹിത്യകാരന്മാരും മററും ഒത്തുചേർന്ന് ഒരു സമിതി രൂപീകരിക്കുകയും ശതവാർഷികദിനമായ ഈ 1119 മേടം 9-ാംനു- വെള്ളാരപ്പിള്ളിയിൽ വെച്ച്, സാഹിത്യസമ്മേളനവും മററും നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ള ഈ സന്ദർഭത്തിൽ, ആ വന്ദ്യഗുരുഭൂതന്റെ ഈ കൃതി പുറത്തിറക്കുവാൻ സംഗതി വന്നതിൽ ഈയുള്ളവൻ ഒരു വിധത്തിൽ കൃതകൃത്യനായിരിക്കുന്നു.

ചാലേ, ചാലിച്ച ഗോപിക്കുറി, വള
പുലിയന്മോതിരം, നൂപുരം പൊ-
ന്നോല,സ്സോലപ്പൊളിക്കൊന്നക,മണി
കുഴലിൽ പ്പീലി, പൂമാലികാളി;
കാലേ മൈചേർത്തുമിററ,ത്തിണ്ണയിലൊ-
രിടയക്കുട്ടിയോടൊത്തു പൂത്താം-
കോലും കൈക്കൊണ്ടുകോലും കുതുക
മൊടമരും കോലമാലംബനം മേ.

എന്ന്

ഗുരുവായൂർ,
10-8-1119.

വെണ്മണി നേത്രൻ പരമേശ്വരൻ
നമ്പൂതിരിപ്പാട് ഉടമസ്ഥൻ.

# അതിമോഹം.

## നാടകം.

മൂർദ്ധന്യൎദ്ധേന്ദുചൂഡൻമുടിയിലുമചലം
　　തന്നിലുംമന്നിലുംഭൂ-
ഷ്പൌരന്ധ്രേഗംഗേസമുദ്രത്തിലുമഥവിഹരി
　　ച്ചിപ്പൊഴോസപ്തലോകേ
ചാടീ,കൊള്ളാംചരിത്രംതവഗതികൾകിഴ
　　പ്പെട്ടതെന്നംബതൻനൽ
ക്രീഡാഹാസ്യപ്പൂത്തുപ്പുഞ്ചിരിയതുചിരമെ
　　ന്നാൎത്തിയെത്തീൎത്തിടട്ടേ.

അത്രതന്നെയുമല്ല,

ഊന്നീടുംപൊന്മണിപ്പട്ടൊരുകരമതുകൊ
　　ണ്ടുള്ളൊരാത്താങ്ങലോടും
ചിന്നീടുംകേശമോടുംതൊടുകുറിവിലസും
　　ഫാലപട്ടാഭയോടും
മിന്നീടുംപന്തടിച്ചങ്ങിനെമൃഡമനതാ
　　രിട്ടിളക്കിസ്സമീപേ
ചെന്നിടുംമായതൻപൊൻകളത്തനുകരളിൽ
　　കണ്ടുഞാൻകൈതൊഴുന്നേൻ.

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.

സൂ — വാഞ്ഛാനുകൂലമൊരുവൈഭവരീതികൊണ്ടു
താഞ്ചാലവേരമണപഞ്ചകനെഞ്ചിണക്കി
ചാഞ്ചല്യമററധരമിച്ചൊരുമിച്ചിരുന്ന
പാഞ്ചാലിതൻപടുതകൾക്കുപണിഞ്ഞിടുന്നോൻ.

അത്രതന്നെയുമല്ല—

കുട്ടിക്കുരംഗമിഴിയാമുമതന്റെചട്ട
പൊട്ടിക്കരുത്തിളകുമാക്കുളുർകൊങ്കരണ്ടും
മുട്ടിക്കടിക്കുമൊരുകുംഭിമുഖത്തൊടുള്ള
കുട്ടിക്കുഞാൻ കുതുകമോടിതകുമ്പിടുന്നോൻ. 4

എന്നുമാത്രമല്ല—

ഭൃശഗുണഭംഗാരാമൻ
ദശമുഖദമനൻജിതോഗ്രദുഷ്ടരാമൻ
കുശലംജഗദഭിരാമൻ
കുശലവജനകൻതരട്ടെരംല്യരാമൻ 5

(മുൻഭാഗത്തു നോക്കീട്ട്)

അമ്പൊത്തീവില്ലുകൊണ്ടിടുന്നതിങ്ങവൈ
രാണിക്കളത്തണ്ടെഴും
ശംഭുശ്രീതിരുവുത്സവംനിഖിലവുംകാ
ണ്മാൻനികാമാഗ്രഹം
ജൃംഭിച്ചെത്തിയൊരീജ്ജനങ്ങളിടതി–
ങ്ങീടുന്നരംഗത്തിലെൻ
ചമ്പിച്ചീടിനവിദ്യയുംചിലതിനി
ക്കാട്ടിപ്പുകിട്ടീടണം 6

വിദ്വത്സദസ്സുവിരവോടിതുകണ്ടുനെഞ്ചു
വിദ്യുത്തുപോലെപിടയുന്നുടനെങ്കിലുംമേ
വിദ്യാപ്രയോഗമൊരുദിക്കതിൽവേണമെന്നാൽ
വ്യത്യാസമില്ലവിധിപോലിവിടത്തിൽവേണം 7

(അണിയറയിലേക്കു നോക്കീട്ട്)

ഹേ, ഹേ, വേഗത്തിലിവിടെ വരു.

നടി—(വന്നിട്ട്)ഇവിടുന്നു എന്തിനാണിപ്പോൾ എന്നെ വിളിച്ചതു?

സൂത്ര—അസാരം പ്രയോജനമുണ്ടായിട്ടുതന്നെ.

നടി—അതെന്താണ്?

സൂത്ര—പറയാം.

മത്സമീപത്തുവന്നാശുമത്സ്യനേർമ്മിഴിമൽപ്രിയേ
അസ്സലായിതുകണ്ടാലുമിസ്സദസ്സിന്റെവൈഭവം
ചിതമോടിവിടെക്കാലോചിതമോടൊരുനാടകം
അതിമോഹാഖ്യമാടേണമതിമോഹനമാണത്.

അതിന്നു ആട്ടക്കാരോടു പറഞ്ഞു അവരെ കൂട്ടിക്കൊണ്ടു വരുവാനാണ് വിളിച്ചത്.

നടി—അതു വേണ്ടാവേണ്ട - നന്നായാലും ചീത്തയായാലും ജനങ്ങൾ ദോഷം മാത്രം തിരഞ്ഞെടുത്ത് ശകാരിക്കും, പരിഹസിക്കും, നമുക്കു അദ്ധ്വാനം മാത്രം ശേഷിക്കും. 'പ്രായേണ സമ്പ്രതിജനാഃ പരിഹാസശീലാഃ' എന്നു കേട്ടിട്ടില്ലേ?

സൂത്ര—അതുവ്വ്-എങ്കിലും നമുക്കുള്ള വിചാരിച്ചു കലധർമ്മമായ വിദ്യയെ ഉപേക്ഷിപ്പാൻ പാടുണ്ടോ? എ

ന്തായലും ശരി, നമുക്കിവിടെ ഒന്നു പ്രയോഗിച്ചുനോക്കണം.

ചൈതന്യത്തൊടുചെറുമൂനമണയാ
തിന്നിപ്രജാപാലനം
ചെയ്താലുംശരിരാജ്യരക്ഷവഷളാ
കുന്നുണ്ടതെന്നിങ്ങിനെ
ഓതീടുംചിലരായതോൎത്തുകുലധ
ൎമ്മാത്മപ്രജാരക്ഷതാ
നേതൃംകൈവിട്ടമോസട്ടാംക്കുമുടിനീ
രാജാവുരാജാവഹോ! 10

അത്രതന്നെയുമല്ല.

നന്നായാൽനന്നിതെന്നുംപുനരതൊരിടമ
ട്ടാകിലോമട്ടിലായും
നന്നായിലെന്നുവന്നാലിതുബഹുവഷളാ
യെന്നുമെന്നുംനിതാന്തം
അന്നന്നോതീടുമൽപ്പൃമലരതിലൊരുസി
ദ്ധാന്തമില്ലാത്തലോകം
നന്നായാൽഭാഗ്യമിന്നമ്മുടയകുലമഹാ
ധൎമ്മമീക്കൎമ്മമല്ലേ. 11

എന്നുമാത്രമല്ല,

ദുഷ്കൂററുകാരിതഴകാവുകിലുംഹസിക്കും
മൽക്കൂററുകാരഥരസിക്കുമിതസ്സരണ്ടും
ഇക്കണ്ടിടുന്നസമബുദ്ധികളാംനൃപന്മാ–
രക്കണ്ടവസ്ഥതവടിക്കുമതാണുസാരം 12

നടി—അങ്ങുന്നു പറഞ്ഞതു നല്ല കാൎയ്യം തന്നെയാണ് എങ്കിലും ഞാൻ എന്റെ മൂഢതകൊണ്ടു ഒന്നു ചോദിപ്പാൻ ഭാവിക്കുന്നു. ദ്വേഷ്യപ്പെടുമോ?

സൂത്ര—കഷ്ടം-കഷ്ടം! നിന്നോടു ഞാൻ ഒരു കാലത്തും ദ്വേഷ്യപ്പെടുമോ. എന്തെങ്കിലും ചോദിക്കാം.

നടി—ശാകുന്തളം, ഉത്തരരാമചരിതം, മാലതീമാധവം ഇങ്ങിനെ വിശേഷപ്പെട്ട നാടകങ്ങൾ കണ്ടിട്ടും കേട്ടിട്ടും ആടീട്ടും ഉണ്ട്. ആ കൂട്ടത്തിൽ ഈ 'അതിമോഹം' എന്നൊരു നാടകമുണ്ടെന്നു ഈ വയസ്സിനിടെക്കു ഇതുവരേയും കേട്ടിട്ടില്ല. ചെവിക്കു പുത്തരിയാണ്. ആട്ടെ ഒട്ടു നന്നോ-ആരുണ്ടാക്കിയതാണ്?

സൂത്ര—അല്ലാ, നീ കേട്ടിട്ടില്ലെ അത്ഭുതം തന്നെ.

നടി—ഞാൻ കേട്ടിട്ടില്ല. ഒന്നു പറഞ്ഞു കേട്ടാൽ കൊള്ളാം.

സൂത്ര—എന്നാൽ ഞാൻ പറയാം, കേട്ടാലും.

കല്യൻകൊച്ചുണ്ണിഭൂപൻകവിമണിചരമാ
 ബ്ധിശരൻതീൎത്തോരോമൽ
കല്യാണീനാടകംപോലൊരുസരസകൃതി
 കണ്ടുമാളല്ലതെന്ന്
ചൊല്ലേറുംകാവ്യരാജ്ഞീതനയരതിൽമിട്ട്
 ക്കാഖ്യനാംമാടഭൂപൻ
ചൊല്ലാൽശൌൎയ്യംപിടിച്ചാസ്സിതമണിമണിയാ
 യോൎത്തുതാൻതീൎത്തതാണ്. 18

നടി—ഏതു സിതമണി?

സൂത്ര—ഉ, അതു സംശയിപ്പാനുള്ളതുതന്നെ.

അച്ഛൻനമ്പൂതിരിപ്പാടല്ലച്ഛിന്നപ്രാണനായികേ!
സ്വച്ഛന്ദംതനയൻതീൎത്തോരച്ഛന്നകൃതിയാണതു്.

നടി—അല്ലാ, മഹൻ നമ്പൂതിരിപ്പാട്ടിലേക്കു കവിതാ സാമൎത്ഥ്യമുണ്ടോ?

സൂത്ര—ആശ്ചൎയ്യം തന്നെ. നീയതു കേട്ടിട്ടില്ലേ?

നടി—ഞാനതു കേട്ടിട്ടില്ല.

സൂത്ര—എന്നാൽ അദ്ദേഹം അസാരനായ ഒരു കവിയല്ല. ശുചിരത്നം കവികളാൽ ബഹുമാനപ്പെട്ടു കൊടുക്കപ്പെട്ട വരരത്നനാമധേയത്തോടുകൂടിയ കവിരത്നമാണു്. അതിനി മേലിലെങ്കിലും അറിഞ്ഞിരിക്കട്ടെ. എന്തോ കഥ, അദ്ദേഹത്തിനു എത്ര മഹാകവികൾ ബഹുമാനിച്ചു് സൎട്ടിഫിക്കററു് കൊടുത്തിരിക്കുന്നു!

നടി—അതുവ്വോ—ആരൊക്കെയാണു്.

സൂത്ര—അയ്യോ, അതൊക്കെ ഇപ്പോൾ പറവാൻ കഴിയോ? ഏതാനും ആളുകളെ പറയാം.

*   *   *   *

നടി—അമ്പമ്പാ അദ്ദേഹം ഇത്ര കേമനാണല്ലേ! എന്നാൽ അദ്ദേഹത്തിന്റെ കവിതകളൊന്നും ഏറെപ്പുറത്തേക്കു കേൾക്കുന്നില്ലല്ലോ. അതെന്താണങ്ങിനെ?

സൂത്ര—രാമരാമ! അദ്ദേഹത്തിന്റെ കവിതയല്ലാതെ വേറിട്ടു ഒരാളുടെയെങ്കിലും ഇപ്പോൾ അത്ര നടപ്പുണ്ടോ?

നടി—അങ്ങിനെയാണല്ലേ, അദ്ദേഹം എന്തൊക്കെയുണ്ടാക്കീട്ടുണ്ട്?

സൂത്ര—അതൊക്കെ ഇപ്പോൾ പറവാൻ എന്നാൽ പ്രയാസം തന്നെ. ചിലതു പറയാം.

നടി—എന്നാൽ കേൾക്കട്ടെ.

സൂത്ര—കീരപ്പെൺമൃദുവാണികീചകവധം
പൂരപ്രബന്ധംരസം
പൂരിക്കുന്നൊരുഭൂതിഭൂഷചരിതം
ഭാണാളിശോണാധരേ
കാരോന്നീവകതീൎത്തുവിട്ടവനിലെ-
ശ്ലോകാളിലോകാന്തരം
തോറുംചെന്നണയുന്നിതീച്ചെവികളിൽ
ചെല്ലുന്നതില്ലെന്നതോ. 15

നടി—കാഹോ! അതൊക്കെ ഞാൻ കേട്ടിട്ടുണ്ട്. എന്നു തന്നെയല്ല, ആ വകയിലുള്ള ശ്ലോകങ്ങൾ കട്ടമുക്കാലും തോന്നും എന്നുതന്നെ പറയാം. അതൊക്കെ അങ്ങുന്നു പറഞ്ഞ മഹൻ നമ്പൂതിരിപ്പാട്ടിലെ കൃതിയാണോ?

സൂത്ര—അതെ.

നടി—എന്നാൽ ഈ നാടകം വളരെ വിശേഷമായിരിക്കുമല്ലോ.

നാടകമതിലതിമോഹം
നാടകമിതുസൂരികൾക്കൊരതിമോഹം
ആടിക്കാണ്മതിനുണ്ടേ-
നാടലകന്നോതിയെങ്കിലതുതന്നെ. 16

പറകിതുഭഗവൽകഥയോ
പരിചൊടുകാൎയ്യസ്ഥതാദി പൻകഥയോ. 17
സൂത്ര— ഭാൎയ്യേഭഗവൽകഥയെ
നാൎയ്യേതോന്നില്ലകേൾക്കിലെന്നാലും
കാൎയ്യമതാണൊട്ടുവിചിതിൻ
വീൎയ്യമതാമൎത്ഥമോൎക്കിലത്യൎത്ഥം 18
അഹംഭാവജ്ഞകേളിഹപരവനാക്കുംസ്ഥിതിമറ–
ന്നഹംഭാവംപൂൎത്തുംപിശുനതദുരന്തംദുരവരം
അഹംകാരംദുഷ്ടാക്കപടമതിമോഹങ്ങളിവയ–
ന്നഹംകാൎയ്യാതേനല്ലറിവുഹൃദയേചെക്കമിതയേ.
നടി—കല്യാണീവരനാടകത്തൊടെതിരായ്
നിൎമ്മിച്ചരാണിന്നീതാ–
കല്യശ്രീശുചിത്തോമായകവിര
ത്നംതാനായതംഭവാൻ
ഉല്ലാസത്തൊടിപണ്ണമോതിയതുപോ
ലികാവ്യവുംപാൎക്കില–
ഞ്ഞെല്ലാംകേരളഭാഷയോപറകനൽ
ച്ചൊവ്വായശീൎവ്വാന്നമോ? 20
സൂത്ര—ഇതുംപ്രിയേ!കേരളഭാഷയാണെ–
ന്നതിന്നുദോഷംരസികൎക്കശേഷം
ഇതോപയോജ്ഞാഷ്ടിമണേ!ധരിക്കാ
രതോപയോഗംസരസപ്രയോഗം 21
നടി—കല്യാണിനാടകമഹോ ചിലർമെച്ചമെന്നും
കല്യാണശീലചിലരോബഹുമിശ്രമെന്നും

ചൊല്ലുന്നതുണ്ടതിനിടക്കൊരുകള്ളിയില്ല
ചൊല്ലുന്നവക്കതുകണക്കിതുമാകയില്ലേ 22

സൂത്ര—എന്നാലുമസ്സചിലർവാഴ്ത്തീട്ടുമപ്രകാരം
നിന്ദിക്കുമത്ര ചിലർഭിന്നരുചിർഹിലോകഃ
എന്നല്ലയോകവിശിഖാമണികാളിദാസൻ
ചൊന്നോരുവാക്കതിതിനാക്കവികാതലാക്കി.

നടി—ശരിതന്നെ. എന്നാൽ താമസിക്കാതെ ആട്ടക്കാരെ കൂട്ടിക്കൊണ്ടു വരുവാൻ ഞാൻ പോകട്ടെ.

സൂത്ര—അങ്ങിനെയാട്ടെ (നടി പോയി)

സൂത്ര—(മുൻഭാഗത്തു നോക്കീട്ടു) ഓ! വസന്തം വന്നു.

മഞ്ജുശ്രീമലർമണ്ഡനങ്ങളഴകിൽ
പൂണ്ടിട്ടുപൂന്തോട്ടമായ്
രഞ്ജിപ്പിച്ചിങ്ങുവസന്തലക്ഷ്മിവിളയാ-
ടീടുന്നുവീതാമയം
കുഞ്ഞിക്കോമരമന്നനൊത്തുകുസുമാ
സ്ത്രത്തിക്കെട്ടിപ്പൊഴീ-
കുഞ്ഞിക്കുട്ടിയെഴുന്നപോലെവിപുലാ
മോദംവിളങ്ങുന്നുതേ. 24

(എന്നു പോയി)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം കിടക്കയിൽ ഇരുന്നുംകൊണ്ടു കുഞ്ഞി
ക്കോമരും കുഞ്ഞിക്കുട്ടിയും പ്രവേശിക്കുന്നു)

കുഞ്ഞിക്കുട്ടി—അല്ലാ, നേരം ഉദിച്ചു.

കുഞ്ഞിക്കോമര—ഏ, ഇത്രവേഗം നേരം ഇത്രയായോ?

കുഞ്ഞി—ഉവ്വു, ഇതാ ഇപ്പോൾ-

സോമൻപോയ്മറഞ്ഞുസൂര്യോദയനൊരുമയൊടും
ഭോജിനിപ്പെണ്ണുമായി
കാമംക്രീഡിച്ചുപോയീടിനപകലഥപോ
യപ്പൊളാപ്പെണ്ണുറങ്ങി
ശ്രീമത്സന്ധ്യക്കണന്നില്ലിതുവരെയുമണ
ത്താനവൻവന്നവൾക്കു
ള്ളാമെയ്യിൽതൻകരംരാഗമൊടഴകിലണ
ക്കുന്നുമെല്ലെന്നിദാനീം 25

അത്രതന്നെയുമല്ല.

ആകാരംകൊണ്ടഹോനമ്മുടെമുഖമൊടുപോ
രിട്ടുപോരായ്മയോടും
രാകാരമ്യേന്ദുപോയോരളവുകുമുദിനി
പ്രേയസിക്കായതിനാൽ
ശോകാരംഭംതുടങ്ങിപ്പെരുകിമിഴിയുട
ച്ചുങ്ങുരോദിപ്പതിപ്പോൾ
കാകാരാവച്ഛലത്താൽചെവിയിലിതതര
ക്കുന്നുവല്ലാതെവന്ന് 26

എന്നുമാത്രമല്ല-

ഉണ്ടാംമരായയാഖ്യജായക്കുഴലിതുപൊഴുതെ
ന്നോർത്തുകത്തീട്ടുരാഗം

കൊണ്ടാശ്ലേഷംതുടങ്ങീരവികമലിനിയെ
കൈതവത്താൽകരത്താൽ
കൊണ്ടാടിക്കേൾക്കധമ്മാധിപനുടെഗൃഹംവാം
പോലവൻപോയികാലം
കണ്ടാലുംകാലമെന്തോപറവതുകയറീ
കപ്പലിൽതന്നെകള്ളൻ. 27

അത്രതന്നെയുമല്ല,

ഗർഭംപ്രാപിക്കപരോഗ്രതിയതിനതിനാൽ
ഭാരമായ്പൂണ്ണമായി
ട്ടപ്പേററിൻനോവുകൊണ്ടാക്കിളിരവകപട
ത്താൽകരഞ്ഞുംപിരിഞ്ഞും
ഇപ്പോൾബാലാക്കനെപ്പെററിതുചളുവളയാ
യങ്ങുമുങ്ങുന്നുകാൺകി
നമ്പ്ഭാഗത്തുള്ളചോരപ്രളയമതിലഹോ
തള്ളയുംപിള്ളതാനും 28

അത്രതന്നെയുമല്ല-

ഇപ്പോൾനാമിഷ്ടമോത്തീവിധമിണപിരിയാ
തെന്തിരിപ്പാണിതക്കൻ
ക്ഷിപ്രംവന്നങ്ങുദിച്ചാൻകുളിമുതലഴകായ്
നിത്യകൃത്യംകഴിച്ച്
സത്തുകത്ത്യാസവ്വലോകേശചരപദനതിച്ചെ
യ്യേണ്ടതാണെന്നുചെയ്യാം
താല്പയ്യംതോന്നിടുന്നില്ലതിനതികഠിനം
പാക്കിലെൻപാപശക്തി 29

കോമര— സത്താമിസ്സമയസ്ഥിതിപ്രകൃതമൊ
ന്നോൎത്തമ്പൊടിച്ചൊന്നതും
ഷ്ടത്താരിങ്കലിനിക്കുദിച്ചതുമൊര
ച്ചാണിന്നതത്യത്ഭുതം

കുഞ്ഞി— വ്യത്യാസംവരുമോന്നിനക്കിലിതിനെ
ന്നത്യത്ഭുതംനമ്മൾതൻ
ചിത്താംഭോരുഹമൊന്നുചിന്തപലമ
ട്ടെന്നായിവന്നീടുമോ 30

(എന്നു കുഞ്ഞിക്കോമരക്ക് മുറുക്കാനുണ്ടാക്കി കൊടുക്കുന്നു)

കോമര—(മുറുക്കിൻെറ രസാനുഭവം നടിക്കുന്നു.)

കുഞ്ഞി—ഇവിടുന്നെന്താണൊന്നും അരുളിച്ചെയ്യാതിരിക്കുന്നതാവോ! എലയമറെറത്തു നന്നായില്ലെന്നുണ്ടോ?

കോമര—മുറുക്കു കന്നാന്തരമായി. അതിൻെറ രസമനുഭവിച്ചങ്ങിനെ മിണ്ടാതിരുന്നു എന്നേയുള്ളു.

കുഞ്ഞി—വല്ല അററകുററവുമുണ്ടെങ്കിൽ അരുളിച്ചെയ്യണേ-

കോമര—എയ്, ഒൎററകുററവുമില്ല-അഥവാ വല്ലതുമുണ്ടെങ്കിൽ നമുക്കതു തോന്നുകയുമില്ല-

കയ്പുള്ളകാഞ്ഞിരമതിന്നിലനുറുതേച്ചു
കെല്പോടുനീതരികിലും തരളാക്ഷിയാളേ!
കല്പദ്രുമത്തളിരൊടുംതവചുണ്ടിനോടു
മൊപ്പംനമുക്കതുമഹോമധുരംമനോജ്ഞേ! 31

കുഞ്ചി—ഇവിടെക്കു മുഖസ്തുതി അരുളിച്ചെയ്യാൻ നല്ല ശീലമുണ്ട്.

കോമര—ശിവശിവ, ഇതു മുഖസ്തുതിയോ?

കുഞ്ചി—(വിചാരം) ഞാനും ഒന്നു മുറുക്കട്ടേ-

(കണ്ണാടിയെടുത്തു നോക്കിക്കൊണ്ടു)

ചോപ്പൊക്കെപ്പോയ ചുണ്ടും ചുമലിലിലണികുഴൽ
 കെട്ടുമഴിഞ്ഞുചിഹ്ന
കോപ്പുംകണ്ണസ്തനാദ്യങ്ങളിലരമെമ്മത
 ല്ലായ്മയുംമെയ്കുഴപ്പും
താല്പര്യക്രീഡ ചിന്തിച്ചുടയ പുളകവും
 തേടുമീമോടികൊണ്ടും
തോല്പിപ്പാൻപോരുമോമത്സുരസുമുഖികളെ
 പ്പോലുമിപ്പോളഹോഞാൻ 32

(മുറുക്കി കണ്ണാടി നോക്കീട്ട്)

മാലേയംമാഞ്ഞകൊങ്കത്തടമലസമിഴി
 ക്കോണുതാംബൂലഗന്ധ
പ്രാലേയാംശുപ്രസന്നാനനമിളകിവിഴും
 ചില്ലിനിമ്മാല്യമാല്യം
ഫാലേചിന്നുംവിയപ്പാക്കുറുനിരകളലി
 ഞ്ഞൊട്ടുപൊട്ടുന്നപൊട്ടി
ക്കാലേജാത്യങ്ങളിത്യാദികളെഴമിഹമ
 ത്തുല്യമാരില്ലലോകേ 33

അത്രതന്നെയല്ല-

താളംതെററാതെതല്ലിക്കവിളിലുരസുമാ
ത്തക്കതൻകാന്തിതട്ടും
തോളുംതുള്ളുന്നനാസാമണിയുമൊരുപത
ക്കംപെട്ടംപൊന്നൂലും
കോളല്ലാതേകിഴിഞ്ഞുള്ളട്ടുതുകിലുമതിൻ
മോടിചേരുന്നൊരെന്നെ
ക്കാളുംകണ്ടാൽഗുണത്തോടൊരുവളുരഗലോ
കത്തിലുംനാസ്തിതന്നെ 34

എന്നുമാത്രമല്ല-

സമ്പത്താൽസാരസത്തിൻമകളുമതിഗുണം
തിങ്ങുമീയംഗലക്ഷ്മീ
സമ്പത്താൽസാരസാസ്യാന്തകഗൃഹിണിയുമെൻ
വാണിയാൽവാണിതാനും
അമ്പിൽപ്പൂബാണലീലക്കടയപടുതയാൽ
മാരദാരങ്ങളുംതോ
ററമ്പിപ്പോമെന്നൊടേതാണൊരുവൾകിടവിരി
ഞ്ചപ്രഭാവപ്രപഞ്ചേ 35

അമ്പായെൻയൌവനത്തള്ളലിനവധിയതി
ല്ലഞ്ചുമാസങ്ങൾകൊണ്ടി
ട്ടെൻപ്രായക്കാരിലെന്നല്ലബലകളിലട
ച്ചോക്കിലിസ്സൽഗുണത്താൽ
മുമ്പായീഞാൻനിമിത്തംഭുവിസകലപുമാ
ന്മാരിലുംമാരനെയ്യു

നമ്പായിലോട്ടതായീപൊറുതിയിനിയവ
ക്കമ്പിലെൻപിമ്പിലായി 36

കോമര—(വിചാരം)ഇവൾ കുറെയേറെ വിശേഷം തന്നെയാണ്. എല്ലാംകൊണ്ടും ഇത്ര ഗുണമുണ്ടായിട്ടു മറെറാരുത്തിയേയും കാണ്മാനില്ല.

കാരോരോഗ്ഗുണമുള്ളപായമടവാ
രുണ്ടായ്വരാംപാരിലീ
യാരോമൽത്തരുണിക്കപാക്കിലതുപോ
ലല്ലിന്നുകില്ലെന്നിയേ
കാരോന്നോത്തുഗണിക്കകിൽഗണികയാ
യാൽവേണ്ടസത്തൊക്കെയും
നേരോട്ടുണ്ടുകുരുട്ടുഭാഗ്യമിവളെ
ക്കഷ്ടിച്ചുകിട്ടുന്നതും 37

(അനന്തരം വേലു പ്രവേശിക്കുന്നു)

കോമര—ആരാണത്, വേലുവോ?

വേലു—എറാൻ, അതെ.

കോമര—പോവാൻ വൈകി, അല്ലേ. വഴി രണ്ടു നാഴികയുണ്ട്. അസഹ്യത– നീ താഴത്തിറങ്ങി ചെന്നു പുറത്തു വല്ലവരും ഉണ്ടോ എന്നു നോക്കി വേഗം വാ.

വേലു—എറാൻ, (എന്നുപോയി)

കുഞ്ഞി— (വ്യസനഭാവത്തോടുകൂടി) ഇനി എന്നാണാവോ കാണുവാൻ സംഗതിവരുന്നത്?

കോമര—(വിചാരം)ഇവൾക്ക എൻെറ നേരെ വളരെ സ്നേഹമുണ്ടെന്നു ഞാൻ വിചാരിച്ചതു കുട്ടം തെററിട്ടി

ല്ല. എന്റെ വേർപാടിങ്കൽ ഇവൾക്കു നന്നെ വ്യസനമുണ്ടെന്നു മുഖത്തുതന്നെ പ്രകാശിക്കുന്നുണ്ട്. (പ്രകാശം) ഇനിക്കും പിരിഞ്ഞുപോവാൻ നന്നെ ബുദ്ധിമുട്ടുണ്ട്. നിങ്ങളുടെ മഠത്തിൽ വെച്ചുണ്ടു ഇവിടെത്തന്നെ ചുററിപ്പററിക്കൂടിയെങ്കിലോ.

കുഞ്ഞി—എന്നാൽ വളരെ നന്നായിരുന്നു. പക്ഷേ, മഠത്തിലെ കിണററിൽ ഒരു പൂച്ച വീണു ചത്തിട്ടു പുണ്യാഹം കഴിച്ചിട്ടില്ല.

കോമര—എന്നാൽ ഈ പാർവ്വതികാവിലോ രാമന്റെ ക്ഷേത്രത്തിലോ ചെന്നു കൂടിയാലോ?

കുഞ്ഞി—അയ്യോ, അതു വെടപ്പാണോ? ഇവിടത്തെ അവസ്ഥകൾ അങ്ങിനെ പാടുണ്ടോ. എന്നുതന്നെയല്ല, ആളുകൾ അറിഞ്ഞു സംസാരമാവില്ലേ?

കോമര—അതു ശരിയാണ്. വേർപിരിഞ്ഞു പോവാനുള്ള മടികൊണ്ടിങ്ങിനെ പറഞ്ഞു എന്നേ ഉള്ളു. ഞാൻ കോവിലകത്തേക്കു തന്നെ പോകുന്നു. അസ്തമിച്ചു ഒമ്പതു മണിക്കു വരാം.

കുഞ്ഞി—അതുവേണ്ടാ. ഇനിക്കു നാളായിരിക്കുന്നു. രാത്രി ബുദ്ധിമുട്ടി എഴുന്നള്ളുമ്പോൾ പുറത്താണെങ്കിൽ ദുർഘടമല്ലേ? അതുകൊണ്ടു ഇനി അഞ്ചാറു ദിവസം കഴിഞ്ഞിട്ടുമതി.

കോമര—എന്നാലങ്ങിനെയാട്ടേ. (എന്നാലിംഗനം ചെയ്തിട്ടു, വിചാരം)

ഇഷ്ടമെഴുന്നിവളൊടുവേർ
പെട്ടീടാതെന്നുമൊത്തുവിഹരിപ്പാൻ
കഷ്ടംമമതലയിലെഴ
ത്തിട്ടില്ലല്ലോവിരിഞ്ചനവിവേകീ 38
മംഗളയായിടുമിവളിൽ
തിങ്ങളിതങ്ങഞ്ചുകൊണ്ടുകൊണ്ടാടി
ഇങ്ങിനെയൌവനമഴകിനൊ
ടെങ്ങിനെതള്ളിച്ചയോടുതടവിയഹോ 39
അഴകിഴകുന്നിവളാമി
പ്പുഴകവിയേയൌവനാഖ്യമലവെള്ളം
മുഴകുന്നുണ്ടതിൽമാനുഷ
മിഴികരിമീനങ്ങളുണ്ടുമുഴുകുന്നു 40
വമ്പൊടൊരാനമദിച്ചിവൾ
മുമ്പതിൽനേരിട്ടുടുത്തെതിർത്താലും
സമ്പ്രതിനില്ക്കില്ലിവളോ
ടമ്പുംചോരത്തിളപ്പിതമ്പമ്പോ 41
മുന്നംഞാൻതൊട്ടനാൾതൊട്ടിവൾമുലവലുതാ
യോപമാനക്രമംഹാ
സന്നംപാർത്താൽമണിച്ചൃതണിമലർമുകുളം
പമ്പരംപന്തുപിന്നെ
മിന്നുംപൊന്മുക്കുലപ്പൊങ്കലശമരിയൊരാ
നത്തലക്കുന്നുസാക്ഷാൽ
പൊന്നുംകുന്നേവമായിന്നലെയിനിയുമിതെ
ത്രക്കുവദ്ധിക്കുമാവോ! 42

(പ്രകാശം) ഞാൻ നിന്നോടൊന്നു ചോദിക്കട്ടേ.

കുഞ്ഞി—എന്തെങ്കിലും ചോദിക്കാമല്ലോ. ഈ വിശ്വാസത്തിൻെറ അവസ്ഥക്കു അങ്ങിനെയല്ലേ വേണ്ടത്.

കോമര— വിധിതാൻഭാരതിയോടും
വിധുലക്ഷ്മിയൊടുംപുരാരിശിവയോടും
വിധിയൊടുയോജിച്ചെഴുമാ
വിധമിഹഞാൻനിന്നൊടിന്നുചേൎന്നില്ലേ 43

കുഞ്ഞി— (പുഞ്ചിരിയോടുകൂടി) അതിനെന്താണു സംശയം. നമ്മുടെ ദേഹം രണ്ടാണെന്നു മാത്രമല്ലേയുള്ളു.

കോമര—അങ്ങിനെ പറയൂ - നമ്മൾ തമ്മിലുള്ള ഈ യോജിപ്പിൻെറ അവസ്ഥക്കു നാം തന്നെ വേണം നിനക്കു സംബന്ധം. അതു നിനക്കു സമ്മതമാണോ?

കുഞ്ഞി—അല്ലാ, ഇവിടുന്നിപ്പോൾ സംബന്ധമല്ലേ-അടിയനങ്ങിനെയാണു വിചാരിച്ചിരുന്നത്.

കോമര—സംബന്ധം തന്നെയാണെന്നു വെച്ചോളൂ-എങ്കിലും തറവാട്ടുകാരാരും അറിയാതെ കണ്ടല്ലേ ഇപ്പോൾ എൻെറ വരവ്.

കുഞ്ഞി—അതല്ലെയ്, അമ്മയും ചേച്ചിയും മററും അറിഞ്ഞിട്ടുണ്ട്.

കോമര—അതുകൊണ്ടായില്ലല്ലോ. മുറക്കു വേണ്ടേ- നിങ്ങൾക്കൊക്കെ സമ്മതമാണെങ്കിൽ ഉടനെ തന്നെ കഴിച്ചു കളയാം.

കുഞ്ഞി—ഇവിടുന്നങ്ങിനെയുറച്ചാൽ വളരെ സന്തോഷം. അടിയൻ ഇവിടുത്തെ തന്നെ വിശ്വസിച്ചിരിക്കുന്നു.

കോമര—അങ്ങിനെ തന്നെ, നാം ഉറച്ചു. വേഗത്തിൽ അതിനു ശ്രമിച്ചുകൊള്ളാം.

വേലു—(പ്രവേശിച്ചിട്ടു) ചോട്ടിലാരേയും കാണാനില്ല. എഴുന്നള്ളത്തിനു നല്ല തരമാണു്.

കോമര—എന്നാൽ നീയീസാമാനങ്ങളെല്ലാം എടുക്ക.

വേലു—(സാമനങ്ങൾ എടുക്കുന്നു)

കോമര—(വിചാരം)

വിണ്ണോർനാഥൻെറവീടിന്നൊരുവിലപിടിയാ
താക്കിടുംഢീക്കൊടിന്നീ
വണ്ണംശോഭിക്കുമിപ്പൊന്മണിയറയിലൊളി
ച്ചിപ്പൊൾഞാനിപ്രകാരം
കണ്ണിന്നാനന്ദസാരാമൃതലഹരിയതായ്
മിന്നുമിത്തന്വിയാളെ
ത്തിണ്ണംപ്രാപിച്ചതോത്താലൊരുസുകൃതവിശേ
ഷോദയംമേദുരംമേ 44

പൊന്നോളംശോഭയുള്ളിപ്പുതുതനുതരളാ
പാംഗശൃംഗാരഹാസം
കുന്നോളംപോന്നകൊങ്കത്തടമധരമിളം
ചില്ലിനൽപ്പല്ലിതെല്ലാം
ഇന്നോളംപാത്തുപാത്താസ്മരകടുകനലേ
റ്റുള്ളുടൻവെന്തുവെന്തീ
യെന്നോളംബുദ്ധിമുട്ടീട്ടിനിയൊരുവനുമി
ല്ലിത്രിലോകത്തിലോത്താൽ 45

(എന്നു കോമരും വേലുവും പോയി)

കുഞ്ഞി—(കവച്ചിയിന്മേൽ ഇരുന്നുംകൊണ്ടു) ഈ പിശുക്കൻ രാജാവിനെ വെച്ചുകൊണ്ടിരുന്നിട്ട് എന്താണ് കാൎയ്യം. ഈ അഞ്ചു മാസത്തിനകത്തു പറയത്തക്കതായിട്ട് ഒന്നുംതന്നെ തന്നിട്ടില്ല.

പാരാതഞ്ഞൂറുറുപ്പികക്കൊരുമണിപതക്കം
പത്തുനാനൂറുറുപ്പ-
ക്കീരാജൻനാത്തുമൂക്കുത്തികളിരിവതുവിൽ-
ക്കാശ്ശുകൊണ്ടോരുനൂലും
നൂറുംനൂററമ്പതുംരുപയിലഴകെഴുമീ
മോതിരംരണ്ടുചോപ്പും
വൈരക്കല്ലുംഞെരുങ്ങീട്ടിവചിലതിവിടെ-
ത്തന്നുവെന്നൊന്നുചൊല്ലാം. 46

എന്നേകഷ്ടമൊരെട്ടുരാത്രിയിടവി-
ട്ടിട്ടുംകുറേത്രുപയാ-
യിന്നേകട്ടെയതൊന്നുറുപ്പികയതാ-
യഞ്ഞൂറതെന്ന്യേപരം
എന്നിഷ്ടത്തിനുനല്കിയില്ലിവകൾവി-
ട്ടോൎത്താലതിത്രേനൃപൻ
തന്നിട്ടുള്ളുനിനക്കിലെന്തൊരുപിശു-
ക്കാണേകൊടുക്കാനഹോ! 47

നൃപാലൻമയങ്ങീടുമാറുള്ളകള്ള-
ത്രപാലംബലീലാവിലാസങ്ങളാലേ
കപാലംമറിക്കാമിനിക്കായവങ്കൽ
കൃപാലേശമെന്തിന്നുചിന്തുന്നുചിത്തേ. 48

സ്തനമൊട്ടുകൊതിച്ചു നാട്ടിലുള്ള-
ജ്ജനമൊട്ടുക്കിനിവന്നിടുന്നമുമ്പേ
ധനമൊട്ടിവനോടുതട്ടണംക-
ണ്മുനമൊട്ടമ്പതുവിട്ടുവിഡ്ഢിയാക്കി. 49

ആട്ടവേണ്ടില്ലവമ്പവൃത്തമടിയിലൊരാ
ളേറെന്നാൾചെന്നുമാന്തി-
ക്കോട്ടയെന്നാൽക്രമത്താലടിപുഴകിവിഴും
തിണ്ണമവ്വണ്ണമിപ്പോൾ
കൊട്ടേലിട്ടാട്ടിഞാനീയരചനുടയനെ-
ല്ലിപ്പടിച്ചോടുകാട്ടി-
പ്പോട്ടെപോപുല്ലിതെന്നായൊടുവിൽവിടുവനെൻ
പഥ്യമിവിത്തമല്ലോ. 50

(അണിയറയിൽ) നാരായണ കിട്ടണാ, നാരായണ കിട്ടണാ-

കുഞ്ഞി—(കേട്ടിട്ട്) ഓ, ചെറിയ മുത്തശ്ശിയുടെ വരവാണ്. ഇതിനെ കാലത്തു കണ്ടാലന്നു കഞ്ഞി കിട്ടില്ല. ഇതിൻെറ ആകൃതിയോ പ്രകൃതിയോ അധികം വിശേഷമെന്നു സംശയമാണ്. രണ്ടും തകൃതിതന്നെ-

കോന്ത്രമ്പല്ലാക്കുറുമ്പൻതലവിറകൊറുകൊ-
ക്രക്കരച്ചേങ്ങലേത്താ-
പ്പന്തഭ്ള്ളാഭിചാരപ്പണികൾദ്ദുരദ്ദ്രു-
ഹങ്ങൾക്കുനൾക്കനട്ട്
ചന്തിത്താഴത്തുടപ്പീനടവടിവടിനൽ
കൊട്ടുകാലീറവേശ്യാ

തന്നുച്ചൊല്ലീവകക്കോപ്പുടയചെറിയമൂ
ത്തശ്ശിയത്ത്യുഗ്രമൂൎത്തി. 51

വലിയ മൂത്തശ്ശിയെ വിചാരിച്ചാൽ ഇതു കുറെ ഭേ
ദമാണ്.

ബപ്പിത്തംവാശിവാൎദ്ധക്യമൊരവപകടവാ-
ക്കേറെറമ്മൂററംമുറുക്കി-
ച്ചപ്പുംശബ്ദങ്ങൾചപ്രത്തലവിറചെരചീ-
ങ്കണ്ണുവാവട്ടിവദ്ധി
അപ്പക്കാൽമന്ത്രമോന്തയ്ക്കൊരുമറുദ്ദരദ്ദ-
ഷ്ടീഷ്യദേഷ്യംമഹാകാ-
മഭ്രാന്തിത്യാദിയൊത്തീവരണവലിയമൂ-
ത്തശ്ശിവല്ലാത്തതാണേ! 52

(അനന്തരം ചെറിയമൂത്തശ്ശി പ്രവേശിക്കുന്നു)

ചെറിയ—എടി കുഞ്ഞികുത്തി, ഇഞ്ഞോത്തെറങ്ങി വാ
ടി പെണ്ണേ, നീ യെന്താണ്ടി നേരം ഉച്ചയായിട്ടും കു
ളിക്കാണ്ടു മാളിമ്പുറത്തമ്മയായിരിക്കണത്. നെൻെറ
തോന്ന്യാസം കൊറെ ഏറുണലോ-ഇഞ്ഞോത്തു വാ;
നിണക്കിന്നു തല്ലിൻെറ മമ്മന്ത്രമാണ്.

കുഞ്ഞി—(അടുത്തു ചെല്ലുന്നു.)

ചെറിയ—എന്താണ്ടി ഇത്രനേരം ഇതിൻെറ മോളിൽ
ചെയ്തത്-നിണക്ക് താഴത്തുവന്ന് വല്ല പണിയെടു
ത്താൽകയ്യിന്മലെ വള ഊരിപ്പോവോ? ഇത്ര അശ്രീക
രം കെട്ടത് ഇവിടെവന്നു തീൎന്നുലോ!! കുററാന്ന് ഈ
തറവാട്ടിൽകുരുത്തം പിടിക്കാത്തത്? ഇതിനെ എത്ര

ശകാരിച്ചാലും ഒരു പലോല്യ-ഇതാ ഇതൊരു നാണം കൂടാണ്ട് ഒരു നത്തിനേപ്പോലെ ഇളിച്ചു നിക്കണു- ഈ ചൂലിൻെറ എളിക്ക് ഈ വടികൊണ്ടൊന്നു കൊടുത്തെങ്കിലോ-

കുഞ്ഞി—(വിചാരം)

ഇതിൻെറനാക്കൽക്കടമായവജ്ര-
മതിൻെറപൊട്ടോവിഷവൃക്ഷമൊട്ടോ
അതിക്രമംവാക്കിതുകേൾക്കവയ്യീ
മുതുക്കിചാവില്ലയമൻമറന്നോ? 53

ചെറിയ—എന്താണ്ടി നീയ്യു മിണ്ടാണ്ടെ നിക്കണ്. പോ, വേഗംപോയി കുളിച്ചുവാ-

(എന്നു രണ്ടുപേരും പോയി)

* * * * * * *

എന്മുത്രിക്കേറെമൂററംതടവിനധരണീ
പാലനല്ലെങ്കിലാഢ്യൻ
നമ്പൂരിപ്പാടതല്ലാതണയുകിലൊരുന-
മ്പൂരിസമ്പത്തുവേണം
അമ്പോടല്ലെങ്കിലുദ്യോഗമൊടെഴമൊരുവൻ
തള്ളമാരിപ്രകാരം
മുമ്പേതന്നേവിചാരിച്ചമരുമൊരുമഹാ-
കന്നനാകുംകലാശം. 54

മിന്നുംമാണിക്യദീപംപുതുരതിമതിരാൻ
തൈലമോലുംവിളക്കാ

ണ്ണെന്നോർത്തുതീടിനാനപ്പൊഴുതുപൊടിയക-
ന്നൊന്നുകൂടിത്തെളിഞ്ഞു
അന്നേരത്തങ്ങുഭ്രഷ്ടാരുചിരുചികല-
ന്നാനനംതാഴ്ത്തിനാണി-
ച്ചെന്നെക്കൈവിട്ടുപോയ്നിന്നിതുമറവിൽമന്നി
ശ്രീകവാടേനവോഢാ. 55

ശൃംഗാരസാരമൊഴുകീമിഴിരണ്ടിലുംന-
ല്ലംഗാഭതന്നിൽമുഴുകീമനുജാക്ഷമത്സ്യം
ഇങ്ങാക്കതാണൊരഴകീമകളോളമിപ്പോൾ
മങ്ങാതെകണ്ണുകഴുകീടണമൊന്നുകാണ്മാൻ 56

ധാത്രിക്കുമൽതിലകമാശ്ശിലസുന്നപൊൻപൂ-
ഗാത്രിക്കുനല്ലനവയൌവനകാലമായി
കീർത്തിക്കുകീഴമരിയാദകൾപോലൊരാള്ള
രാത്രിക്കുവേണമതിനോരുവിനാരുവേണ്ടു. 57

മുട്ടോളമായിതലയുംതരമൊത്തതണ്ടാർ
മൊട്ടോളമായിമുലയുംതനുവുംമിനുങ്ങി
കട്ടോളമൊത്തുപുരികംപുരുഹൂതഹർമ്മ്യ
ത്തട്ടോളമെത്തിമകൾതൻപുകളത്രപൊങ്ങി. 58

ഉരുണ്ടുനന്നായ്മുലനീണ്ടിരുണ്ടു
ചുരുണ്ടുപിന്നെത്തലമോടിയൊക്കെ
വരേണ്ടതെല്ലാമിഹവന്നുപെണ്ണു
തിരണ്ടുതീണ്ടാരിതുടങ്ങിയല്ലോ. 59

പാരംചടച്ചനടഭംഗിയൊടുംനിതംബ
ഭാരംതടിച്ചുഴുണമോക്കിലൊക്കെയായി

 No: 4662

മാരൻചൊടിച്ചുമലരമ്പതയച്ചുമത്ത്യ-
ന്മാരുംചെടിച്ചുമകളാംമകരാക്ഷിമൂലം. 60
അതാവില്ലിവിടെപ്പാപ്പീ ശതായുരിതിഹേസഖേ!
മതിയായപഴഞ്ചൊല്ലുണ്ടതാവന്നാണുസംഗതി. 61

ചൊല്ലൊണ്ടുംതൃക്കാക്കര
യപ്പൻതാന്തന്നെവേണമെന്നാണ്
താല്പര്യംമമചിത്തേ
പാപ്പീ! നിൻപക്ഷമേററമെന്താണ്? 62
കണ്ണുകൾചീമ്പിശ്വാസം
തിണ്ണംപോവാത്തമട്ടിലീവണ്ണം
പൊണ്ണച്ചിരിച്ചുചിരിച്ചൊരു
പെണ്ണാകല്ലേഭവാനതിന്നേരം. 63
കുന്നമ്മൽക്കുരുപോലി
സ്ഥാനത്താക്കോമർവന്നുകൂടീടിൽ
ആസനവുംവായയുമി-
ല്ലാസകലംക്കൂടിനല്ലകൂത്തായി. 64
ഇതൃക്കാക്കരയപ്പനെന്നുപലരും
വർണ്ണിച്ചുവർണ്ണിച്ചുലോ-
കത്തിൽകേട്ടുതുടങ്ങിനന്നെവമ്മരെ-
പ്പണ്ടെക്കപണ്ടേതരം
ഇത്രേചെന്നിട്ടവെന്നതുണ്ടുകിഴവ-
ച്ചാരായിരിക്കുന്നിതോ
ചത്തോ.സംശയമെന്നിലുംതിരുവയ-
സ്സേറിട്ടുമേററംദൃഢം. 65

ഊശാമ്പിവാരർതൻെറയു മാശയംകേട്ടതില്ലയോ
മോശംമോശമിവക്കെള്ളാരാശാൻതാനുംസസേമിര. 66

നലമൊട്ടുകേൾക്കണമാററി
ക്കലെമൂപ്പിൽത്തമ്പുരാനതായീടിൽ
പലഗുണമുണ്ടാമിവിടെ
ച്ചിലവിനുകിട്ടുംധനങ്ങൾധാരാളം. 67

ബ്രഹ്മാവീയിവരെതീത്തനന്മണ്ണവിടെയുള്ളതോ (തോ.
ച്ചെമ്മേശീമയിൽനിന്നിന്നുസമ്മോദാൽസംഗ്രഹിച്ച

അതുവേണ്ടവിടെക്കുഭാര്യമാരു
ണ്ടതിരാഗത്തൊടുരണ്ടുമൂന്നിദാനീം
അതിലൊന്നിതുമെന്നഭാഷയാകും
പ്രതിപത്തിക്കുറവായിവന്നുപോകും. 69

മാമകപക്ഷംചൊല്ലാ
മാമെങ്കിൽസ്വീകരിപ്പാനെല്ലോരും
കോമളനാകിയകുഞ്ഞി
ക്കോമരുമതിയേകടന്നുപോകട്ടെ. 70

# പ്രചണ്ഡപാണ്ഡവം.

## നാടകം.

വില്ലോൽപൊട്ടിച്ചുവേട്ടോരവനിജയെഹരി
ച്ചോനെവെന്നൊന്നുകൂടി
ത്തെക്കോട്ടെക്കുപേസിച്ചിട്ടരുളിനഭഗവാൻ
ജാനകീജാനിരാമൻ
തൃക്കണ്ണിൻകോണിലോലുംകരുണയൊടൊരുനോ
ക്കിന്നുനോക്കികടാക്ഷി-
ച്ചുൾക്കൊള്ളുംമാലൊഴിച്ചങ്ങുടനുപരിഭവാ
ന്മാക്കുഭാഗ്യംതരട്ടേ. 1

അത്രതന്നെയുമല്ല,

ചീർത്തോലുംഗംഗചീറുംഫണിചിടയിലിളം
തിങ്കൾചിററുംപുലിക്കു-
ള്ളാത്തോലുംശ്ശൂലഖണ്ഡാഭയവരമഴുമാൻ
ഭിണ്ഡിപാലംകപാലം
മേത്തോലുംഭൂതിഭൂഷാദികളിവകളൊടും
പോരപോരീശനാക്കു
ത്താത്തോലുംവേണമമ്മാതിരിവിലസണമെ
ന്നുൾക്കളേമക്കളോടും. 2

അത്ര മാത്രമല്ല,

പാരാതേരണ്ടുപൊൻപൂവടയിൽനടുവിൽമൂ
ലത്തെടംപിന്നെമോളിൽ
പോരാട്ടംരണ്ടുപൂമൊട്ടതിനുപരിലസൽ
പല്ലവത്തെല്ലിവണ്ണം
താരുണ്യത്തള്ളൽകൈക്കൊണ്ടരുണരുചിയൊടാ
സ്ഥാണുമേൽചുററിമിന്നും
കാരുണ്യോല്ലാസലിവ്യാഞ്ചിതകനകലതേ!
ദേഹിമേദേഹസൌഖ്യം 3

എന്നുമാത്രമല്ല,

മൂന്നൂറുകൊട്ടമലർനല്ലവിലൊന്നിതൊക്കെ
ത്തിന്നൂറുമൂൺക്കുത്തുകമാക്കടവഡ്ഢിയാട്ടി
സ്കന്ദൻെറപൂർവ്വജ!കനിഞ്ഞുകിതച്ചുമണ്ടി
വന്നെൻെറമുമ്പിൽവിലസീടലസീടൊലാന്നീ 4

അത്ര തന്നെ പോര,

പയ്യെപ്പെക്കട്ടിതന്നെപ്പരിചിനൊടുപിടി
ച്ചുന്തിനീക്കീട്ടുതള്ള
പ്പൂച്ചിൻകാൽക്കുടണഞ്ഞിട്ടുകിടവിടവിടെ
ത്താൻ പതുക്കെത്തലോടി
തയ്യാറായ്മുട്ടുകുത്തിത്തദനുമുഖമുയ
ത്തിച്ചുരത്തുംനറുംപാ-
ലയ്യാമുട്ടിക്കുടിക്കുംപശുപശിശുപദം
കേവലംമേഖലംബം 5

അത്രമാത്രവുമല്ല,

മാതംഗീദേവിതാനും,മമഗുരുവരനും
മാന്യനാകുംപിതാവും
മാതാവുംമാമലപ്പെൺകൊടിയുടയൊരുമ
ക്കണ്ണനുംകണ്ണനുംമേ
ആതങ്കംവിട്ടനേകംകൃതികൾതകൃതിപാ
ടീടുവാൻതാങ്ങിടട്ടേ
ചേതംചെററന്തവക്കുള്ളതുഗ്ഗുണമിവനോ
തെല്ലതൊന്നല്ലതാനും 6.

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്ര— ബിംബനിഭാധരി!ഭീമക
ഢുംബിനി!ഭൂഭൃൽകുമാരിസുകുമാരി!
അംബ!ഖലാവലിനാശിനി!
കംബുഗളേ!കൈതൊഴുന്നുപദയുഗളേ 7

(വിളക്കത്തേക്കു നോക്കീട്ട്) വിളക്കു കെട്ടുപോയല്ലോ? കാററു വല്ലാതെ വീശുന്നു.

വയ്യോക്കാൻതന്നെദൃഷ്ടിചകമുഖകറിനോൽ
കണ്ടകക്രൂരദാരു
ത്തയ്യൊക്കെത്താൻതകത്തങ്ങിളകിമദമിയ
ന്നങ്ങുമിങ്ങുംചരിക്കും
മെയ്യൊക്കുംകാഴ്ചയിൽകണ്ടറിയുകകഴിയാ
താശ്ശുഭഗോൽഭൂതഭീമ
ക്കയ്യേകമ്പോ!ജയിക്കുന്നിതുജഗദഖിലോൽ
കർഷനിഷ്കർഷയോടും 8

ആവു, കാററു കുറഞ്ഞു; വിളക്ക നല്ലവണ്ണം തെളി
ഞ്ഞു. (നാലുപുറത്തും നോക്കീട്ട്)

തെളിവൊടുതിരുവൈരാണി
ക്കുളമെഴുമീശോത്സവങ്ങൾകണ്ടിടുവാൻ-
വിളിപെടുമീവിദ്വാന്മാ
രിളകിവിളങ്ങുംസദസ്സിതസ്സുലഹോ!! 9

എന്നുടെകോപ്പൊന്നിവരുടെ
മുന്നിടമതിലൊന്നുകാട്ടിയെന്നാകിൽ
ഇന്നുടനിവർസമ്മാനം
തിന്നിടുമതിനാലെനിക്കുസന്മാനം 10

(ഉത്സാഹത്തോടുകൂടി)

അയ്യാരണ്ടുമിഴാവടിച്ചുഴകിൽന-
മ്പ്യാന്മാരുതായമ്പക
കയ്യോരോന്നുതകർത്തിടുന്നിടയിലായ്
നങ്ങ്യാരുരംഗാന്തരേ
പയ്യേക്കൈമണികൊട്ടിമുണ്ടതിലിരു
ന്നക്കിത്തചൊല്ലുന്നതു
ണ്ടയ്യേ!കേൾക്കിലരച്ചുതപ്പമതിതി
ന്നംഗത്തിലൊന്നാൺപോൽ 11

വത്തുളംപെരിയതാളശൃംഗതകിൽ
കാളമാത്തിമിലകാഹളം
മദ്ദളംമുരളിവേണുവീണകളി
ടെയ്ക്കശംഖുകളിടയ്ക്കകൾ

കത്തിളുംകുഴലിവററവെച്ചുപൊടി
പാററീടുന്നതിഹകേട്ടരം-
ഗത്തളത്തിലിവർശേഷമൊക്കെനിര
സിച്ചെഴുന്നിതുരസിച്ചഹോ 12

(അണിയറയിലേക്കു നോക്കീട്ട്) ഹേ, ഹേ, ഇവിടെ വരു, ഇവിടെ വരു.

നടി—(വന്നിട്ട്)ഇതാ ഞാൻ വന്നിരിക്കുന്നു. അങ്ങുന്നു എന്തിനാണെന്നെ വിളിച്ചതു്?

സൂ—മററൊന്നുമല്ലമഹിമാവെഴുമിസ്സദസ്സിൽ
പററുന്നതാകിയൊരുനാടകമാടിടേണം
തെററിന്നശേഷമണയാത്തതിലൊന്നുവേണം
തെററെന്നുവേണമതിനാണതിനേതുവേണ്ടു 13
പ്രാണാവസാനമതിൽമുമ്പൊരുദിക്കിൽവെച്ചു
ചേണാർന്നനമ്മുടെയവിദ്യകൾവിദ്യുരാഭേ!
കാണിസ്സുകാട്ടണമതെങ്കിലതിസ്സദസ്സി
ലാണൊന്നുവേണ്ടതിതുപോലെസമാജമുണ്ടോ? 14
മലയാളികൾക്കുരസമേററമേശുവാൻ
മലയാളഭാഷയതിലുള്ളനാടകം
മലയാതെനീപറകനല്ലതൊന്നു;പൊൻ
മലയായെതിർത്ത മുലയായനായികേ! 15
ഒന്നാമതക്കവിരസജ്ഞനതായിടേണം
തന്നാടകേനവരസങ്ങളുമൊത്തിടേണം
നന്ദ്യാനവീനതരമാകണമാകമാന
മൊന്നാന്തരത്തിലതിമേത്തരമായിടേണം. 16

നാടകമീവിധമൊന്നീ
നാടകമതിലേതുചൊല്ക ശുകവചനേ!
നാടകമോൎത്തുകയല്ലൊ-
ന്നാടകംവേണ്ടതുനമുക്കുമതിവദനേ! 17

നടി—ഈ കാൎയ്യത്തിൽ ഞാനെന്താണു പറയേണ്ടതു? അങ്ങുന്നു തന്നെ നിശ്ചയിച്ചു കല്പിച്ചാൽ മതി.

സൂത്ര—ഞാൻ ഒന്നു നിശ്ചയിച്ചിട്ടുണ്ട്. അതായാൽ മതിയോ?

നടി—ഏതാണെന്നറിയാതെ ഞാൻ എങ്ങിനെയാണെന്റെ അഭിപ്രായം പറയുന്നത്?

സൂത്ര— എന്നാൽഞാൻപറയാംകേൾക്ക
നന്നാൎയ്യേ ട്ടാശുനിന്മതം
ചൊന്നാലും;ചൊല്ലേഴന്നോരു
പൊന്നാളീകദളേക്ഷണേ! 18

അച്ഛന്നസൽക്കവിസുവെണ്മണിയായിടുന്നോ
രച്ഛന്നുവെണ്മണിമഹൻമഹനീയശീലൻ
സച്ഛന്ദമോൎത്തുകൃതിചെയ്തകഥകാൎയ്യവെച്ചാ
പ്രച്ഛന്നപാണ്ഡവമതാണമൃതാണതോൎത്താൽ 19

അനവധിയനവധികേരള
ജനഭാഷാനാടകങ്ങളുള്ളവയിൽ
ഇനിയൊന്നില്ലിതിൽമുമ്പായ്
മിനുമിനുസംമീഞ്ചലാക്ഷിമിളിതരസം 20

അതുകൊണ്ടതുതന്നെവേണമെന്നെൻ
മതികൊണ്ടിങ്ങിനെനിശ്ചയിച്ചു;നിന്റെ-

മതമങ്ങിനെയല്ലയെങ്കിലോ, സ
ന്മതമിങ്ങുംമദിരാക്ഷി! മാറുവാനും 21

നടി—അല്ലാ, വെണ്മണി മഹൻനമ്പൂതിരിപ്പാട്ടിലേക്കും കവിതയുണ്ടോ?

സൂത്ര—കഷ്ടം, കഷ്ടം.

കോടക്കാർവേണി! കേളിത്ര-
ചോടാണോഹന്തനിൻകഥ
പ്രൌഢസൽക്കവിയാണിന്നീ
ക്കേടകന്നോരുഭൂസുരർ 22

നടി—എന്ത്, അങ്ങിനെയാണല്ലേ. എന്നാൽ അച്ഛനും മകനും ആകുമ്പോൾ കവിതയ്ക്കു് ആരാണു മുമ്പൻ?

സൂത്ര—അങ്ങിനെ ചോദിക്കരുത്.

കണ്ടിക്കാർകബരീഭരേ! കളലസ
ന്മാധുര്യമുള്ളോരുകൽ
ക്കണ്ടക്കട്ടയിലൊന്നു രണ്ടുമുറിയായ്
പൊട്ടിച്ചുവെച്ചിട്ടതിൽ
രണ്ടുംക്കൂട്ടുകിൽനല്ലതേതിതികട
ന്നാഹന്തചോദിക്കുമാ
രുണ്ടോകേളുതുപോലെയാണുകവിത
സ്ത്രീരണ്ടുപേരുംപ്രിയേ! 23

അതുകൊണ്ടു ഒട്ടും തന്നെ സംശയിപ്പാനില്ല.

വാണീവൈഭവമേറിടുന്നസുമഹാ
നാകുംമഹൻവെണ്മണി

ക്ഷോണീനിജ്ജരനിമ്മിതംസുലളിതം
മാധുൎയ്യവീൎയ്യാന്വിതം
ഏണീശാബദളാക്ഷി! നല്ലരസമു
ണ്ടൊന്നിങ്ങതാടീക്ഷണം
താണീടാതെവെളുത്തതാക്കിടുവതാ
ണീനാടകംനാടകം 24

നടി—ഓഹോ, അങ്ങിനെതന്നെ ആവാമല്ലോ എങ്കിലും ഞാൻ ഒന്നുകൂടി ചോദിക്കട്ടേ. അച്ഛൻ നമ്പൂതിരിപ്പാട്ടിലെ കവിതകൾ പലതും ഞാൻ കേട്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെതൊന്നും കേട്ടിട്ടില്ല.

സുലളിതമധുരാൎത്ഥശയ്യ പിന്നെ
സ്സുലഭതയെന്നിവകൊണ്ടുരണ്ടുപക്ഷം
തുലതപെട്ടമതെന്നുറപ്പിനാക്കൊ
ന്നലഘുമതേ! തവവാക്കതൊന്നുതന്നെ 25

ധാരാളമായ്ധവളരത്നമഹൻമഹാനുൾ-
ത്താരാളുമുന്നതകുതൂഹലമോടുകൂടി
ഓരോന്നുതീക്ഷ്ണമൊരുതൻകൃതിയൊക്കെനന്നായ്
ത്തിന്നീടുമോ? ചിലതിടക്കിഹ ചീത്തയാമോ? 26

നമ്പൂ—എന്താണായതി നിസ്സംശയമഹോ
രീത്താൽവെടുപ്പാകുമ
ങ്ങത്സ്സാരസ്യമന്നവെണ്മനിമഹൻ
നമ്പൂതിരിപ്പാടിന്
ചന്തക്കേടുകൾശ്ലോക്കളിൽപിണയുമോ?
ചിത്രംസുധാരശ്മിതൻ

ചിന്തുംശോകൾചിലപ്പോൾനല്ലവിഷമായ്
വന്നീടുമോവല്ലഭേ! 27

നടി— എന്നാൽ പ്രച്ഛന്നപാണ്ഡവം തന്നെ ആട്ടേ, സംശയിപ്പാനില്ല. ഞാൻ പോയി വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു ആട്ടക്കാരെ കൂട്ടിക്കൊണ്ടു വരാം.

സൂത്ര—അങ്ങിനെയാകട്ടെ.

നടി—(പോയി)

സൂത്ര—(നാലുപുറത്തും നോക്കീട്ട്) ഈ വസന്തവിലാസം വിശേഷം തന്നെ.

ആമോദത്തോടനേകവൃക്ഷലതികാ
ജാലങ്ങൾമാലററുപൊൻ
പൂമോടിപ്പൂങ്ങധാടിയോടുപുതുതായ്
പൂത്തുംതളിർത്തുംപരം
ആമോദംമനതാരിൽവന്നണയുമാ
റ്വണ്ണം വിളങ്ങീടുമി
കാമോദ്ദീപനകാലകാന്തികരളും
കണ്ണുംക വന്നീടുമേ. 28

എന്നുമാത്രമല്ല,

രസംതിങ്ങുംരമ്യപ്പൂമലരിളങ്കാറ്റുകൾസുധാ
രസംതൂകുംചന്ദ്രപ്രഭകളിവകൊണ്ടേറെവിലസി
ത്രിസന്ധ്യസ്ഥംമുങ്ങുംമുനികളെയുമമ്പിച്ചെഴുമൊരീ
വസന്തംവർണ്ണിപ്പാൻസുരഗുരുവുംപോരഗുരുവും 29
ചിത്രംവസുന്ധരയിതിങ്കലെഴുംനരന്മാർ
വൃത്തംവസന്തതിലകത്തിലിതിങ്കലെന്തോ

കത്തിച്ചിട്ടുംകരളുനംഗനതല്ലനൃത്തം
തത്തിച്ചുടൻതരുണരെത്തകിടക്കുമറിക്കും 30

അത്രതന്നെയുമല്ല.

പാടുന്നുപഞ്ചമത്തിൽപരഭൃതമല്ലിയ
ങ്ങേറ്റുപാടുന്നുശാഖി
ച്ചീടുന്നുചന്ദ്രദീപംയുവസുജനനട
ന്മാർതിരശ്ശീലനീക്കി
ആടുന്നുസംഘലണ്ഡാദികളഥമലർമൊ
ട്ടമ്പനാംനട്ടുവൻകൊ
ണ്ടാടുന്നുവന്നണഞ്ഞിട്ടുഴൽമധുമധുര
ക്കാററിനാലാററിടുന്നു 31

അത്രതന്നെയുമല്ല,

മായംകൂടാതെകൂടുന്നൊരുമലർവനിതാ
മാനിതാമോദമോടും
കായശ്രീശോഭതേടുംസുമശരജനകാ
വസ്ഥചന്ദ്രാസ്ഥയോടും
കായാമ്പൂക്കാന്തിയോടുംമധുപമധുരവേ
ണുസ്വനാദ്യങ്ങളോടും
ന്യായത്തോടുംവിളങ്ങുന്നിതുമഹിമയോടും
മാധവൻബാധയെന്ന്യേ 32

ഇനി ഞാൻ വേണ്ട കാര്യം നടത്താൻ ശ്രമിക്കട്ടെ

(എന്നു പോയി)

## പ്രസ്താവന.

(അനന്തരം ദ്വാരകയിൽ ശ്രീകൃഷ്ണനും ബലഭദ്രരും നാലു ബ്രാഹ്മണന്മാരും പ്രവേശിക്കുന്നു)

ബലഭദ്രൻ—രാഗദ്വേഷവിഹീനരായയോഗിഭവാ-
ന്മാരെങ്ങുനിന്നാണതി
നാഗദ്വേഷിരഥാലയത്തിലെഴുന്ന-
ള്ളീടുന്നു കേടെന്നിയെ
യോഗംകൂടിയടുത്തുനിങ്ങളെമുദാ
ഞങ്ങൾക്കുകാണ്മാൻമഹാ
യോഗംവന്നതുനല്ലൊരഭ്യുദയമാ-
ണേതാണ്ടതേതാകിലും 33

കൃഷ്ണൻ—പരിചിനൊടുഭവാന്മാൎക്കുള്ളതൃക്കാല്ലൊടിക്കി
ല്പൂരമതിലൊരിണക്കംവന്നമൂലംസമൂലം
പരമിഹയദുവംശംശുദ്ധമായ്ത്തീൎന്നു,ഞങ്ങൾ-
ക്കൊരുശുഭമിതിലേറെപ്പാൎക്കിലെന്തിന്നിവേറെ

വൃമംഗലത്തുനമ്പൂതിരി—

ധന്യശ്രീധൎമ്മജന്മാദികളൊടുമൊരുമി-
ച്ചിത്രനാളുംവനാന്തം
തന്നിൽച്ചീത്തോരുസൌഖ്യത്തിനുകുറവുവരാ-
തങ്ങഹോഞങ്ങൾവാണു
ഭിന്നിച്ചാർപാണ്ഡവന്മാരിതുപൊഴുതതിനാൽ
ഞങ്ങൾവൻകാടുവിട്ടി-
ങ്ങൊന്നിച്ചാനാട്ടിലേയ്ക്കായവരവർതിരിയേ-
പ്പോണുകേളുണതെണ്ടി. 35

ബല — പാണ്ഡവന്മാരിപ്പോൾ ഭിന്നിപ്പാൻ എന്താണു
സംഗതി? എന്തെങ്കിലുമാവട്ടെ.

ധന്യമഹാബ്രാഹ്മണരാ-
കുന്നമഹാന്മാർകളായ നിങ്ങളുടെ
സന്ദർശനമതുകൊണ്ടി-
ഞ്ഞിന്നുമഹാസുദിനമെന്നുവന്നുദൃഢം. 36

ഞാൻ നിങ്ങളോടു വളരെയൊന്നും ഇപ്പോൾ സം
സാരിക്കുന്നില്ല. എന്തെന്നാൽ —

ഉള്ളൊക്കംപടി യുണ്ടവന്നൊരടകി-
ട്ടാഞ്ഞിട്ടുമുണ്ണാതെക-
ണ്ടുള്ളൊന്നങ്ങിലകിട്ടിടാഞ്ഞുമുഴലു-
രാകുന്നു പെണ്ണിങ്ങിനെ
കള്ളംവിട്ടുകഥിച്ചിടുന്നവിധമാ-
ണിപ്പോളതിന്നാൽമറ-
സ്സുള്ളോരാക്കശലങ്ങളേറെവളരെ-
ച്ചൊല്ലുന്നതില്ലിന്നുഞാൻ. 37

ഊനംചെററണയാതെപോയുരുസുഖം
കൈക്കൊണ്ടുമാദ്ധ്യന്ദിന-
സ്നാനംചെയ്തശനംകഴിപ്പിനഴകിൽ
സല്ലാപമെല്ലാമിനി
ആനന്ദത്തൊടുപിന്നെയാംമമകഴി
ച്ചേനൂണ,തിൻക്ഷീണമീ
ഞാനല്പംനടുനീർത്തിടട്ടെ സഹജൻ
നില്ക്കുംസഹായത്തിന്. 38

ബാലകൃഷ്ണ!മടിയാതെലൌകികം
പോലവിപ്രരുടെഭക്ഷണാദികൾ
മാലകന്നിഹകഴിച്ചുകൂട്ടുകെ-
ന്നാലയംപ്രതി,ഗമിച്ചിടുന്നുഞാൻ. 39

(എന്നു ബലഭദ്രൻ പോയി.)

കൃഷ്ണൻ—ജ്യേഷ്ഠന്റെ കഥയൊക്കെ ഇത്രയേ ഉള്ളു. പാണ്ഡവന്മാരുടെ വൎത്തമാനമൊന്നും വിസ്തരിച്ചു ചോദിപ്പാനിടയില്ല. അപ്പോഴക്കും പോകുവാൻ പരിഭ്രമമായി. ദുൎയ്യോധനാദികളുടെ വല്ല വൎത്തമാനമാണെങ്കിൽ എന്തു നിഷ്കൎഷയാണ്!

കൂറോതീടുന്നതല്ലേ കുറവുകൾപറവാൻ
പാണ്ഡവൎക്കൊട്ടുമില്ലേ
നേരോതാംനൂറുപേൎക്കാണപകടകപട-
ക്കൎമ്മതോപൊൎമ്മതല്ലേ
പാരാതെന്നാലുമെൻജ്യേഷ്ഠനു, തിരുമനമ-
ന്ധാത്മജന്മാരിലല്ലേ
ചേരാൻപാടുള്ളു മല്ലേറിടുമവനവിടെ-
ശ്ശിഷ്ടനാംശിഷ്യനല്ലേ. 40

വൃദ്ധം — ഓരുമ്പോളൊന്നുരസ്സാമുരുതരമതിമാ-
ന്മാൎക്കുമന്യൎക്കുമെന്ന-
ല്ലോരോരോപക്ഷപാതാദികൾജഗതിജനി-
ച്ചോൎക്കുചിക്കുന്നതല്ലേ?
പാരംതൽകാൎയ്യമെല്ലാംപരിചൊടുപറയേ-
ണ്ടമ്മയെത്തല്ലിയാലും

പാരാത്തുണ്ടാകയില്ലേ പരമത്തുകരുതി-
കൊണ്ടുഹോരണ്ടുപക്ഷം. 41

ആട്ടേ, അതെല്ലാമിരിക്കട്ടേ-
ഇന്നീലോകരിരിക്കുയുംപരിസരം
തന്നിൽഭവാൻനില്ക്കുയും
നന്നീലൌകികമോക്കിലെന്തുകഥയാ-
ണൊട്ടല്ലകഷ്ടംവിഭോ!
നാത്ഥാലോകപതേ!നിരാമയമിരു-
ന്നാലുംമടിച്ചീവിധം
നിന്നാലോശരിയല്ലവല്ലവരുമെ-
ന്താണിന്നുകാണില്ലയോ. 42

കൃഷ്ണൻ—ആട്ടേ, ഇരുന്നുകൊള്ളാം. (ഇരിക്കുന്നു) നി-
ങ്ങൾ പാണ്ഡവന്മാരെ വേർവിട്ടു പോരുവാൻ കാര
ണമെന്താണ്? വർത്തമാനമൊക്കെ കേൾക്കട്ടേ-

പൂമംഗലം—

വിരിഞ്ഞീടുംമോദാൽവിരവിനൊടുവിശ്വംമുഴുവനും
നിറഞ്ഞീടുംനിത്യൻ നിരതിശയനാംനിന്തിരുവടി
അറിഞ്ഞീടാതെന്തൊന്നവനിയിലതീഞങ്ങളഖിലം
പറഞ്ഞീടുന്നെന്തിന്നരുളുകിലതോഹോ! പറയുവൻ. 43
ധാർമ്മികതപമുഖസൽഗുണങ്ങളാൽ
സാമ്യമററരചർ ധർമ്മജാതികൾ
കാമ്യകാടവിയിലാണഹോ!!ജഗൽ-
കാമ്യകായ!നിവസിപ്പതിപ്പൊഴും. 44

കൃഷ്ണൻ—പുഞ്ചിരിയോടുകൂടി)

ഞാനീക്കാമ്യഫലങ്ങളിന്നെവിടെയു
ണ്ടെന്നല്ലചോദിച്ചതാ
മാനിസ്സ്യേണ്ടോരുമാനവേന്ദ്രരെവിടെ
പ്പോയെന്നതായല്ലയോ?
ആനക്കാൎയ്യമുരച്ചിടുന്നസമയം
കൊള്ളാമതിന്നുത്തരം
ചേനക്കാൎയ്യമുരച്ചിടുന്നവിധമാ
യങ്ങേപ്രസംഗംപരം 45

സുമംഗലം—(വിചാരം) ഇതെന്തു കഥയാണ് ഇദ്ദേഹം അരുളിച്ചെയ്യുന്നത്. (പരിഭ്രമം നടിക്കുന്നു)

തെക്കുന്നത്തക്കിത്തര്—

ഊനന്നൂരിപറഞ്ഞതിൻപൊരുളറി
ഞ്ഞില്ലെന്നനാട്യത്തോട
നീനൎമ്മോക്തികളെന്തിനേററമരുളി
ചെയ്യുന്നതയ്യോഹരേ!
ഊനംവിട്ടോരുകാമ്യകായമൊഴിയി
ന്നങ്ങേക്കുസംബന്ധിയാണ്

കൃഷ്ണൻ—ഏതുനാമിക്കഥയോൎത്തതില്ലശരി
തന്നേതെററുതന്നേമമ. 46

എന്തിനാണ് എന്നോടിങ്ങിനെ ഭംഗി പറയുന്നത്?

നേരിട്ടുനല്ലോരുമുഖസ്തുതിതട്ടുവാനീ
പ്പാരെട്ടുമാറിലുമിളാസുരരെക്കണക്കെ
വേറിട്ടതില്ലൊരുവരുംമതിയാക്കിടേണ്ട
കേറട്ടെമേനിയഹമോതുവനാട്ടെയാട്ടെ 47

പൂമം— സ്വാമിൻമുഖസ്തുതിയതല്ല ചരാചരാന്ത-
 ര്യാമിൻ!ഭവാനഖിലമങ്ങറിയാമതല്ലോ
കൃഷ്ണൻ—പൂമംഗലക്ഷിതിസുരാഢ്യ!പരിഭ്രമിച്ചും
 പൂമങ്ങിടേണ്ട യിവയൊക്കെയിരുന്നിടട്ടെ 48

അക്കിത്തര്— അല്ലാ, ഇവിടുന്നു ഈ പൂമംഗലത്തിനെ അറിയുമോ?

കൃഷ്ണൻ—ഞാനോ! ശിവശിവ!!
 കണ്ടിങ്ങുതെല്ലൊരറിവല്ലിഹഞങ്ങൾതൻമെയ്
 രണ്ടെന്നിരിയ്ക്കിലുമതിന്നൊരുജീവനാണ്
 പണ്ടെൻറതശ്മണിയയച്ചിഹവന്നുനമ്മെ
 കൊണ്ടങ്ങുപോയ ജഗജ്ജല്ലിയതാണിതല്ലോ 49

അക്കി—ഉള്ളതുതന്നെ. ഞാനക്കഥ മറന്നുപോയി.

കോഴിമിററം—അതങ്ങിനെവരും.
 പ്രായാധിക്യമതാണതീമറവികേൾ
  നൽബാലപാഠങ്ങളെ
 ന്തായാലെന്തുമറക്കയില്ലൊരുശിലാ
  രേഖാപ്രമാണംഹൃദി
 മായംവിട്ടുകിടക്കുമാവിധമിനി
  പ്പററീടുമോ ഹാ!വയ
 സ്സായില്ലേതവഷഷ്ടിപൂർത്തിവരുമീ
  യായില്ല്യമായില്ലയോ? 50

കൃഷ്ണൻ—അത്രയേ ആയുള്ളൂ. കണ്ടാൽ അതിലധികം തോന്നും

മുതിർപ്പറമ്പ്—(അക്കിത്തരോടു)

അവരുടെകുളിപിന്നെദ്ദേവകാൎയ്യങ്ങളുംമ
ററിവരുകളഖിലമിപ്പോളേകദേശംകഴിഞ്ഞു
ജവമൊടിനിനമുക്കുംപോകയല്ലേകുളിപ്പാൻ

കൃ— ഏവരെവരുവിശേഷിച്ചിന്നിവരല്ലാരുമുണ്ടോ?

വൃമം—ഉവ്വ്, അവരൊക്കെ കുളിപ്പാൻ പോയി. ഞ
ങ്ങൾ മാത്രമേ ഇങ്ങോട്ടു കയറിയുള്ളു.

കൃഷ്ണൻ—ആരൊക്കെയാണ് വന്നിട്ടുള്ളത്?

അക്കി—വൃമംഗലം തന്നെ പറയു. ഞാൻ അവരെ എ
ല്ലാവരേയും അറിയില്ല. എന്നുതന്നെയല്ല,

പാരാതിന്നുപരുങ്ങലാണുപുനരെ
ന്നൊന്നിച്ചുവന്നുണ്ണിന
ന്മൂരാരൊന്നിനെയുംനിനസ്സിലറിയി
ല്ലീവൃദ്ധനെക്കാൺകിലോ
ഓരോന്നോടിയൊളിക്കുമാസ്സുരുകരെ
ക്കാണുന്നകുളിടപിജ—
ന്നാരോടെന്തുകളിച്ചിട്ടുന്നതു കന
പ്പിച്ചാണിരിപ്പിയ്യിടെ 52

കൃഷ്ണൻ—തരമോക്കാതിനിയക്കി
ത്തരുവിടപാൻവൃദ്ധനായൊരങ്ങേയ്ക്കു്
ഒരുവക മുലകുടിമാറാ—
ത്തൊരുകുളക്കുട്ടുകെട്ടുകുറവാണേ 53

ആരൊക്കെയാണെന്നു വൃമംഗലംതന്നെ പറയു.

വൃമ—ഞാൻതന്നെ പറയാം. ഞങ്ങൾ നാലാളേയും
കൂടി ഒരടിയായിത്തന്നെ പറയാം.

വല്ലേടം കോന്നിമിററം വടമനവടല്ലൂർ
കോഴിമിററം കൊളങ്ങൂ-
ഝല്ലാസൽപ്പൂളമിററം മഠമിരിടിമഠം
പൂഴിമിററം പുഴമ്പ്രം
വല്ലൂർ,വല്ലക്കുളം,മേത്തറയടിതിരി മു-
ണ്ടൂരുനമ്പൂരിമുണ്ടൂ
രില്ലത്താഢ്യൻ കഴിഞ്ഞില്ലിനിയുമിതൊരു
പട്ടാളമുണ്ടാളതോത്താൽ. 54

ചെമ്പൂർചെമ്പകമിററമാനമല
മറേറടംമറിച്ചേടമൂ
ററമ്പൂർചെങ്ങഴിമിററമാട്ടുവല
പല്ലിക്കാടിളിക്കാട്ടിളി
കമ്പശ്ശേരികരിപ്പുറംമണൽകുഴി
ച്ചോമാതിരിപ്പാട്ട തെ-
ക്കമ്പാടിന്നിയുമുണ്ടുകേൾക്കുക കഴി-
ഞ്ഞില്ലാള്ളൂചൊല്ലാമഹം 55

കില്ലെന്ന്യേപറയാംകിണക്കുഴി കിഴ
ക്കില്ലം പുലിക്കാട്ടുതെ
ക്കില്ലം കൽക്കുഴികാഞ്ഞിരപ്പടിപടി
ഞ്ഞാററില്ലമാററിപ്പുറം
കല്ലന്നൂർകളരിപ്പുറംകൊടിവട
ക്കില്ലംപുളിക്കാട്ടമു
ക്കില്ലംകേൾക്കകഴിഞ്ഞതില്ലിനിയുമു
ണ്ടോപ്പെക്കുളംപാൽക്കുളം 56

മേലില്ലംനടുവില്ലമേററുകരകീ
ഴില്ലംകിഴക്കേടമാ
ച്ചേലശ്ശേരികിഴത്താറച്ചെറിയസോമൻ
നെയ്ക്കുളംതെക്കുളം
മൂലത്തൂർമുതിരപ്പറമ്പുമത്തൂ വൂർ
മൂട്ടപ്പറമ്പക്കരെ
ക്കേലൂരിന്നിയുമുണ്ടുകേൾക്കവിപുലം
വിസ്മാപിതാസ്മാദികൾ 57
വൈക്കന്നംപാതിരിക്കാടടിമനകനക
ശ്ശേരിനമ്പൂരിതാനീ
ത്തെക്കന്നത്തുള്ളൊരക്കിത്തരുകണികഴത
ശ്ശേരിനമ്പൂരിപിന്നെ

കൃഷ്ണൻ—(പുഞ്ചിരിയിട്ടുംകൊണ്ട്) ഒന്നാന്തരം തന്നെ.

കണികഴതശ്ശേരി—അങ്ങിനെയാണല്ലെ?

നമ്പൂതിരി—(ചിരിച്ചുംകൊണ്ട്) അങ്ങിനെയായി.

കൃഷ്ണൻ—നേരം പോകുന്നു. ആട്ടെ—പിന്നെ—പിന്നെ.

നമ്പൂ—വൈക്കംവേളപ്പാമ്പിൽപെരിയവലിയ
ചോമാതിരിപ്പാടൊട്ടുക്കം
പൊയ്ക്കാടിങ്ങിന്നിയുംസാമ്പ്രതമറിയണമെൻ
കൂട്ടതായ്ക്കൂട്ടരുണ്ടേ 58
പുത്തില്ലംപുലിയൂർപുഴക്കടിപുലാ
ന്തോട്ടംപുലക്കാടതാ
പ്പുത്തില്ലംപഴയേടമക്കരമഠം
മാന്തോടമാന്തക്കളം

വത്തിപ്പിള്ളിവെളിപ്പറമ്പുപുനര
ഞ്ഞില്ലത്തുനമ്പൂരി,ഫോ
നൽത്തെററായ്മപൃതമംഗലമതാ
ണഞ്ഞില്ലമഞ്ഞോക്കണം 59
വയ്ക്കാടുവാരിജവിലോചന! ഞാനഫോതി-
ററിക്കാടു കല്ലഴികനൽക്കഴി കാളിമിററം
തീക്കോട്ടുഭട്ടതിരി തൃപ്പലിയോടു പിന്നെ
നീക്കോട്ടുഭട്ടതിരി———

കൃഷ്ണൻ—ശിവ ശിവ,
(നില്ലൂത്താഴംനിലത്തീവകശിവശിവനേ!!
നല്ലമാററിത്തമോരോ—
ന്നൊക്കെത്താൻചൊല്ലിടൊല്ലേപരമടനിവർത്തൻ
ഭുക്തിയുംപോക്കിടൊല്ലേ
ധിക്കത്ര്യന്തംപെടുംദുശ്ലടമിവനിനിയെ
ന്തൊക്കെയാത്രുപമില്ലേ
വയ്ക്കത്തെപ്രാതലാശ്ചര്യമൊരപകടവും
ദൈവമേകൈവരൊല്ലേ 60

പൃമംഗല———തെററിയിനിക്കുതെററി 61
അല്ലിമംഗലവുംകേളതല്ലമംഗലവുംവിഭോ
കല്യമംഗലമൂത്തേയുണ്ടില്ലമംഗലമാക്കമേ 62
തിണ്ണംപാണ്ഡവരായ്പിരിഞ്ഞുതിരിയെ
പ്പോംഞങ്ങളിന്നീവിധം
തൊണ്ണൂററഞ്ചുജനങ്ങളുണ്ടിവിടെവ
ന്നിട്ടെൻെറപിട്ടല്ലിത്

എണ്ണംപാൎക്കിലഹോ!!ശരാശരിയതാ
ണിപ്പോളുണൎത്തിച്ചതീ
വണ്ണംതന്നെയതാണുഞങ്ങളുടെയി
ല്ലപ്പേരുമെപ്പേരുമേ 63
എമ്പത്തേഴായിരത്തിൽപരമറികൊരുതൊ
ള്ളായിരത്തോടുരണ്ടും
നമ്പൂരാർനന്ദിയോടിന്നലെയുമഥമിനി
ഞ്ഞാന്നുമായ്മന്ദമെന്ന്യേ
വമ്പിച്ചീടുംവനംവിട്ടവരവരവർതൻ
നാട്ടിന്നായ്ക്കൂട്ടുകെട്ടി
കമ്പംകൈവിട്ടൊഴിച്ചാർനൃപവരരെമുദാ
നുഗ്രഹിച്ചുൾഗ്രഹിച്ചു 64
കൃഷ്ണൻ—പിന്നെയൊരാളെവിടെപ്പോ
യെന്നുരചെയ്കെന്നൊടെൻ്റനമ്പൂരി
വൃമംഗ—ഇന്നശനപ്പിള്ളിവൃദ്ധാ
നന്ദനസവിധത്തിലുണ്ടൊഴിച്ചില്ല 65
കൃഷ്ണ— കുന്തീകുമാരരൊടുസമ്പ്രതിവേർപിരിഞ്ഞി
ഞ്ഞെന്തീമഹീവിബുധർനിങ്ങളൊഴിച്ചിടുന്നു?
സ്വാന്തേവനസ്ഥിതിയതിന്നുമുഷിച്ചിലായോ
കാന്താരമഗ്നിപിടിപെട്ടുകരിഞ്ഞുപോയോ?
വൃമ—പന്തീരാണ്ടായിപാൎത്താൽപരിചിനൊടുഞെ
ങ്ങിപ്പിടിച്ചന്തരംഗം
വെന്തീടുംവണ്ണമയ്യോ!!വലിയൊരുവനവാ
സംവിലാസങ്ങളെന്ന്യേ

കുന്തീപുത്രാദികൾക്കങ്ങിനിയുടയൊരുകൊ
ല്ലത്തെയജ്ഞാതവാസ
ച്ചെന്തീപ്പാഥോധിനീന്തിക്കയറുവതിനുപാ
രംവിചാരങ്ങളായി 67

അമ്പോടജ്ഞാതവാസത്തിനുപുനരധുനാ
ഞങ്ങൾപോകുന്നു വിന്നി
സ്സമ്പൂർണ്ണശ്രീവിളങ്ങുംസകലയതിമുനി
പ്രൌഢരുംവൃദ്ധമോദം
നമ്പൂരാരുംപിരിഞ്ഞീടുവിനൊരുവരുമൊ
ന്നിച്ചുവേണ്ടെന്നുരച്ചാൻ
വൻഭൂപൻകേളതാണാളുകളവരൊട്ടുവേർ
പെട്ടതും വിഷ്ടപേശ! 68

കുഞ്ഞു—അത്രയായി, ഇല്ലേ? ഞാൻ ആ കഥ ലേശംപോ
ലും അറിഞ്ഞില്ല.

പൃമ—ചെമ്മേചെററൊരുവസ്തുപോലുമറിയാ
തേകണ്ടാരാളാണത
ങ്ങിമ്മട്ടിന്നിയൊരുത്തനില്ലപറവാ
നമ്പാപരംപാക്കിലോ
ഉന്മേഷാദിവികാരഭേദമിവിടെ
സ്സുണ്ടോ? നിനച്ചാൽപര-
ബ്രഹ്മംതന്നെരമാപതേ!ബ്ബതഭവാൻ
കില്ലേതുമില്ലേവിഭോ!

കുഞ്ഞു—ക്ലേസാതേകമ്പവീക്ഷംപടിമിഴികളുട
ച്ചനപഥംസഖ്യനന്നായ്

ഘോസാമെന്നോർത്താഴിച്ചില്ലിതുവരയശന
പ്പിള്ളിയാംപുള്ളിയെന്നോ
ഹേ സാധുക്ഷ്മാസുരൻ! നിങ്ങളുതഖിലമൊഴി
ച്ചിട്ടുമെന്താണതങ്ങു-
ള്ളാസാൽ വാഴുന്നതപ്പിസ്സുഴകിനൊടൊരുകോ
പ്പിട്ടു സാപ്പാട്ടുപാള

പരേംഗിതജ്ഞാനമതിത്രയില്ലാ 70
തൊരാളെയുംഞാനിതുപോലെയിന്നി
കരേടവുംപാർക്കിലോതുവാനീ
ധരാതലേകണ്ടറിവില്ലകേട്ടും 71

അയാളെക്കൊണ്ടു അവക്കു ബുദ്ധിമുട്ടായി തീരുമോ അതോ? എങ്കിലും അവർ ബുദ്ധിമാന്മാരാണല്ലൊ. അതുകൊണ്ടു്,

അയാളെത്തോഷിപ്പിച്ചുടനവരുപായത്തൊടുപം
ഞ്ഞതയച്ചോളുംവല്ലെങ്കിലുമുലകിൽവല്ലേടവുമഹോ
നയജ്ഞന്മാരെന്നേ പുനരൊളിവിൽവാഴ്കെക്കരുതി
പ്രയത്നംചെയ്യുള്ളൂ ദൃഢമതുസംഖേദംബതസഖേ!

ക, ഇനി കളിപ്പാൻ ഉത്സാഹിക്കാം. ഊണിന്നുകാലമായിരിക്കും.

തല്ക്കാലമിപ്പോളാവശ്യമൊക്കെക്ഷിപ്രംനടക്കവാൻ
കക്കെല്ലില്ലത്തിലില്ലേ നാംവെക്കമെത്തിച്ചിടേണമോ?

വൃമംഗലം — കക്കെയുണ്ടു് —

മതിരപ്പാമ്പ് — അവധിപ്രകാരവനവാസമൊന്നത
ങ്ങവർചത്തിടാതെമഹാനിവ്വഹിച്ചതും

തവതൃക്കടാക്ഷമതുതന്നെ സംശയം
ലവലേശമില്ലനിഖിലേശകേശവ! 74

കുജ്ഞാനിയാംകുരുടപുത്രനുരച്ചപോലു
ള്ളജ്ഞാതവാസവുമിനിത്തകരാറതെന്ന്യേ
പ്രജ്ഞാഗുണങ്ങളിയലുന്നൊരുപാണ്ഡവക്കു
യജ്ഞാകൃതേ! കഴിയുവാൻകനിവോലണംതേ 75

കൃഷ്ണ — അപരാധമകന്നമംഗളശ്രീ-
നൃപരായോരവരെക്കുറിച്ചിനിയ്ക്കു്
കൃപയുണ്ടതിനാൽപറഞ്ഞുവെച്ചാ
ശ്ശപഥത്തിന്നൊരുതെറ്റുപറ്റുകില്ല 76

അക്കിത്തര് — അവക്കു ഒരപകടം ഒരു ദിക്കിലും സംഭവിക്കയില്ല.

സത്യംസദ്ധർമ്മസൽക്കീർത്തികൾവിനയവിവേ
കങ്ങൾവിദ്യാഗുണംസൽ
കൃത്യംകാര്യപ്രബോധം കൃപ നൃപനിചയ
ശ്രീഗുരുത്വം ഗുരുത്വം
നിസ്തുല്യപ്രജ്ഞധൈര്യംപലതിവപെട്ടവോ
ക്കെന്തുമാലിന്നൊരുന്നായ്
നിത്യംനിൻതൃക്കടാക്ഷങ്ങളുതവരുടെ നേ-
രിട്ടു വേറിട്ടുമില്ലേ? 77

കോഴിപ്പറമ്പു —

കണ്ടാൽനൽക്കാന്തികാളുംസുമുഖതമൂട്ടവാ-
ക്കൾക്കരുന്നിൽപ്പരശ്രീ-

കണ്ടാൽസന്തോഷമാസ്സജ്ജനസഭയിൽവഴ
ക്കം വഴക്കുള്ളവങ്കൽ
കൊണ്ടാളുംവീര്യ്യ,മെന്നീവകകളെഴുമവ
ർക്കുണ്ടൊരാപത്തൊരേട-
ത്തുണ്ടാമോ പിന്നെയില്ലേതവകളകഴൽവി
ശ്വാസവുംവിശ്വമൂർത്തേ!
മതി—ഉഷ്ണാംശുദ്യൽക്കരത്താൽ തൃണതതികൾകരി
ക്കുംവിധംഭീമസേനൻ
ജിഷ്ണുശ്രീസൂനുജിഷ്ണുപ്രമുഖരരികളെ
കൊല്ലുവാൻകല്പരല്ലേ
കൃഷ്ണിയ്ക്കില്ലെങ്ങുമിന്നായവർക്കുള്ളകമൊട
ജ്ഞാതവാസത്തെയുംശ്രീ
കൃഷ്ണശ്രീകാന്തയുഷ്മൽക്കഴൽകരളിലുറ
പ്പിച്ചതൊപ്പിച്ചമാറും 79
വൃമം—ആചാര്യന്മാർകളാദിക്കഴകിനൊടുപദേ-
ശിച്ചവണ്ണംഹരേ!ന-
ല്ലാചാരാത്മീയകർമ്മാദികളൊടമൃതമാ
സ്സത്തുകൾക്കസ്തശങ്കം
ഭൂചാപല്യംപുലന്നീടിനകുരുപതിപോ-
ക്കീടിലും,നിൻകടാക്ഷ-
ഭ്രൂചാപംപോരുമല്ലോ പരമുലകുജയം
പൂണ്ടുടൻവീണ്ടെടുപ്പാൻ 80
കൃഷ്ണ—ഞാൻ താമസിക്കാതെ പാണ്ഡവന്മാരെ കാ
ണ്മാൻ പോകുന്നുണ്ട്.

അക്കി— അതു വേണ്ടതുതന്നെ- അങ്ങിനെ തോന്നിയതു അവരുടെ നല്ലകാലം.

കൃഷ്ണ—ഇങ്ങിനെ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നാൽ കണക്കല്ല- വേഗത്തിൽ കുളിയും ഊണും കഴിക്കു-

എല്ലാവരും—അങ്ങിനെ തന്നെ.

(എന്ന് എല്ലാവരും പോയി)

## രണ്ടാമങ്കം.

(അനന്തരം കാമ്യകവനത്തിൽ പാണ്ഡവന്മാരും പാഞ്ചാലിയും പ്രവേശിക്കുന്നു.)

ധമ്മപുത്രൻ— (ആകാശത്തിൽ ചെവികൊടുത്തിട്ട്)

കറിനഘമ്മതിങ്കൽമഹാഘനോൽ
കടകഡംബനിരസ്തനഭസ്ഥലേ
ഇടിമുഴങ്ങലസംഗതിപായുര
കടെപുഴഞ്ഞിടുമാറിദമെന്തഹോ! ൪൧

ഉണ്ണിഭീമസേന, എന്താണിത്.

ഭീമ—(ചെവിയോർത്തിട്ട വിചാരം) ഇതു ഇടിമുഴക്കമല്ല-

വമ്പുള്ളവാനവർവരൻെറവെള്ളപ്പൊഴം നാൽ
കൊമ്പുള്ളകുംഭിയുടെമസ്തകമസ്തകമ്പം
മുമ്പിട്ടെതിത്തസുരർതല്ലിയുടസ്കയാൽതാൻ
പിമ്പോട്ടൊഴിച്ചകരയുംരവമാണുമേലാം ൪൨

(പ്രകാശം)അല്ലയോ ജ്യേഷ്ഠ,

വൈരാതിരേകമൊടുവൈരികൾവന്നടിച്ചി
ട്ടൈരാവതംകരകയെന്നിഹതോന്നിടുന്നു
ആരാലതാവുകനിമിത്തമുറപ്പതില്ലീ
യാരാവമോ ബഹുഘനാഘനനാദതുല്യം 83

ധൎമ്മ—അതാണെന്നു തോന്നുന്നില്ല. അൎജ്ജുനൻെറ പക്ഷമെന്താണ്—

അൎജ്ജുനൻ—(വിചാരം)

ഏററംപാക്കിലിതെന്തൊരൊച്ചപൂരമാ-
ന്തിപ്പെട്ടുകൾതന്നീററവും
നാററിത്തൻചിറിയൊന്നിളിച്ചപ്രപൂര-
ക്കംപൊഞ്ഞു കമ്പാലമേഹാ
ക്കുററംകെത്തിമഹേശനുള്ളൊരുമല-
ങ്കാട്ടിൽപ്പെട്ടംവാഹന
ക്കുററൻമുക്കറയിട്ടിടുന്നൊരുമഹാ-
ഹങ്കാരഹുങ്കാരമോ? 84

അതല്ല,

ഭൂരിക്രൂരതപൂണ്ടിതെന്തുരവമാ
ണരാക്കോലുമൂക്കോടതി
പ്പാരിൽക്കണ്ടമരങ്ങളിൽചടചട
പ്പെട്ടെന്നുതട്ടിപ്പുരം
ചീറിക്കല്പൊടിയാൎത്തുകൊണ്ടുടനുടൻ
കാളുംകൊടുങ്കാററടി
ച്ചേറെക്കോളിളകിസ്സമുദ്രമലറും
ഗംഭീരഹുംകാരമോ? 85

അതും അല്ല, ഈ ശബ്ദത്തിന്നു അധികമായ മാധുൎയ്യം തോന്നുന്നുണ്ട്. (നല്ലവണ്ണം ചെവിയോൎത്തിട്ട്)

കള്ളന്മാൎക്കുള്ളകൎണ്ണത്തിന്നുകടുവിഷമാ
യുംമഹാസജ്ജനങ്ങൾ
ക്കുള്ളാകൎണ്ണത്തിനോൎത്താലമിതമമൃതമാ
യുംസുഗംഭീരമായും
കള്ളംകൈവിട്ടനാദംകലരുമരിയമൽ
സ്വാമികൃഷ്ണന്റെസാക്ഷാൽ
പള്ളിശ്ശംഖാരവംപോലൊരുപരിചയമി
ങ്ങിന്നുടൻതോന്നിടുന്നു. 86

(പ്രകാശം) അല്ലയോ ജ്യേഷ്ഠ! നമ്മുടെ ശ്രീകൃഷ്ണസ്വാമിയുടെ പാഞ്ചജന്യധ്വനിയാണ് ഈ കേൾക്കുന്നതെന്നാകുന്നു എന്റെ അഭിപ്രായം.

ധൎമ്മ—ആട്ടേ, ഇരിക്കട്ടെ നകുലസഹദേവന്മാരുടെ അഭിപ്രായം കൂടി കേൾക്കട്ടെ.

നകുലൻ—എന്താണെന്നൊരുരൂപമില്ലെതിർപെടാ
ത്തൊരീമുഴക്കംപരം
ചന്തംചേൎന്നൊരുശംഖനാദവടിവാ
ണിശ്ശബ്ദമെന്നുള്ളതിൽ
സന്തോഷത്തൊടുമെന്മനസ്സുവിജയ
ജ്യേഷ്ഠന്റെപക്ഷത്തിനെ
പ്പിന്താങ്ങുന്നിതുമീമഹാനിനദമ
ത്യാശ്ചൎയ്യമെന്നായ്ഭോ! 87

സഹദേ—അർജ്ജുനാത്ഭുതയശസ്സുകൊണ്ടുധര
ണീതലം ധവളമാക്കിയോ
രർജ്ജുനാഗ്രജമനസ്സിനോടുനക
ലാഗ്രജൻറമനമേററവും
ദുർജ്ജനാന്തകദുരന്തമൊത്തവിധ
മെൻമനസ്സുമഴകോടുപോ
യർജ്ജനാർത്ഥനദരാരവത്തൊടണ
യുന്നു സൽഗുണസരില്പതേ! ൪൮

ധർമ്മ— വന്നാലും വല്ലഭേ! കേളെ
ന്തെന്നാലും മാമകാന്തികേ
നിന്നാലും നിൻറപക്ഷത്തെ
ച്ചൊന്നാലും ശുകവാണി നീ ൪൯

പാഞ്ചാലി—(അടുത്തു ചെന്നു പുഞ്ചിരിയോടുകൂടി)
ശ്രീകൃതികൾക്കാശ്രയമാം
ശ്രീകൃഷ്ണസ്വാമിയായ ഭഗവാൻറ
ശ്രീകൈത്താരതിലെഴുമാ
ശ്രീകംബുധ്വാനമാണിതെന്നു ദൃഢം ൫൦

ധർമ്മ—അതങ്ങിനെതന്നെയാണ്. എന്തെന്നാൽ
കാരോരോശുഭലക്ഷണങ്ങൾ പലതും
കാണുന്നു കൃഷ്ണപ്പരു
ന്തേറും ഭംഗിയൊടെൻപ്രദക്ഷിണമതാ
യ്സ്ലക്ഷം പരത്തിപ്പരം
പാരാതത്രപറന്നിടുന്നു പുനരെ
ന്നല്ലീവിഹംഗങ്ങൾ വേ

ണ്ടോരാസ്ഥാനമണഞ്ഞുടൻകളകളം
ക്കുകുന്നുകുണ്ടേതരം ൯൧

എന്നുതന്നെയല്ല,

പിംഗളരുചിരചടകോരഖ
ഗങ്ങളിടത്തല്ലിരുന്നുക്കുകുന്നു
നിങ്ങളതറിയുവിനിന്നൊരു
മംഗളകാൎയ്യംനമുക്കൈവരുമേ ൯൨

ഈ ശുഭലക്ഷണങ്ങൾ ഭഗവാന്റെ എഴുന്നള്ളത്തിന്റെ സൂചകങ്ങളാണെങ്കിൽ നമുക്കിപ്പോൾ ഇതിലധികം എന്താണു ഒരഭ്യുദയം?

എന്നല്ലേറിയകാൎയ്യമോക്കിലവിട
ത്തെക്കണ്ടുചോദിപ്പതി
ന്നിന്നുണ്ടിംഗിതവേദിയായഭഗവാൻ
കൃഷ്ണൻകൃപാർദ്രാശയൻ
നന്ദ്യാനമ്മുടെസന്നിധാനമതിലേ
ക്കിപ്പോളെഴുന്നള്ളിയാൽ
നന്നായീനളിനേക്ഷണൻകനിവൊഴ
ന്നുള്ളോടെഴുന്നള്ളുമോ ൯൩

(വിചാരം) പൊന്നിൻപൂമാലയോടുംപുരികുഴലിലണി
പ്പീലിയോടുംപ്രകാശം
ചിന്നുംചെംഗോപിയോടുംതളവളകളമാ
യോരുകേയൂരമോടും
മിന്നുംമീൻകുണ്ഡലപ്പൊന്മണികുഴലണിശം
ഖാദിയോടുംതെളിഞ്ഞെത്തൻ

മൂന്നിൽപ്രാപിക്കുമോചന്നരിയകരുണകൈ
കൊണ്ടുടൻകൊണ്ടൽവർണ്ണൻ 94

(അനന്തരം ശ്രീകൃഷ്ണൻ പ്രവേശിക്കുന്നു. എല്ലാവരും ഉപചാരോപചാരങ്ങൾ ചെയ്തു യഥാക്രമം ഇരിക്കുന്നു.)

കൃഷ്ണ—അല്ലേധർമ്മജമാമകാഗ്രജമഹാ
രണ്യാധിവാസംകഴി
ഞ്ഞില്ലേപിന്നെവിശേഷമെന്തുസുഖമ
ല്ലേനാട്ടിലല്ലെങ്കിലും
ചൊല്ലേണംസുഖഹാനിവല്ലതുമതു
ണ്ടെന്നാൽഭവാൻപിമ്പുറ
ത്തില്ലേഞാൻവ്യസനങ്ങൾനിങ്ങളിലണ
ക്കില്ലിന്നുകില്ലില്ലമേ 95

ധർമ്മ—(വണക്കത്തോടുകൂടി)

അപായംവന്നീടാതൊരുവിധമരണ്യപ്പൊറുതിനിൻ
കൃപാലേശംകൊണ്ടങ്ങഹമിഹകഴിച്ചേൻകനിവിനി
ഉപായാലജ്ഞാതസ്ഥിതിയതുനിവർത്തിപ്പതിനുമി
ങ്ങപാരംചേരേണംമുഖജിതവിധോവിശ്രുതവിധോ!
ശ്രീവനജാക്ഷസുഖക്കേ
ടീവനവാസാദികൊണ്ടതുണ്ടിഹമേ
കേവലമല്ലാതില്ലോ
രാവിലമിപ്പോൾവിശേഷവിധിയായി 97

കൃഷ്ണൻ—അജ്ഞാതവാസകാലമായി എന്നു ഇന്നു ചില പാന്ഥബ്രാഹ്മണർ പറഞ്ഞപ്പോഴെ ഇനിക്കു ഓർമ്മ ഉണ്ടായുള്ളൂ.

എന്നാലെന്താണതേതാണിതുകഥയൊരുവൃ
ത്താന്തവുംരൂപമില്ലാ
തൊന്നായ്വ്യാപിച്ചുകത്തുംവ്യസനദഹനനാൽ
പൊള്ളിടുന്നുള്ളൊടിപ്പോൾ
അന്യോന്യംകണ്ടുയുഷ്മൽസ്ഥിതികളറിയുവാൻ
തന്നെയാശ്വന്നതാണി
ങ്ങന്യൂനസ്നേഹിതൻഞാനറിയുകവിവരം
സത്വരംചിത്തരംഗേ 98
എന്നെക്കൊണ്ടെന്തുവേണംതരമുടയസഹാ
യങ്ങൾനിങ്ങൾക്കതിന്നായ്
തന്നേതെയ്യാറതായിട്ടനിശമരികിലു
ണ്ടേഷഞാനീഷലെന്യേ
ധന്യശ്രീധർമ്മജന്മൻ!പരമൊരുപകവേ
ണ്ടെമ്പൊടജ്ഞാതവാസ
ത്തിന്നായ്പ്പോയാലുമാരുംചെറുതുമറികയി
ല്ലോരിലിന്നോരിതെന്നും 99
ആർക്കുണ്ടോരോവിപത്തീയവനിയിലണയാ
താവിരിഞ്ചൻവിധിക്കും
മാർക്കണ്ടോരോന്നതോർത്താലൊരുവനനുഭവി
ക്കാതിരിക്കാവതാണോ
ആൾക്കുണ്ടോനഷ്ടനാശസ്ഥിതിജഗതിഭവ
ത്തുല്യരാംസത്യസന്ധ
ന്മാർക്കുണ്ടോഹന്തസത്യപ്പിഴകളിലൊഴികേൾ
കണ്ടിതംകൊണ്ടിടുന്നു. 100

വേഷംമാറേണമെന്നുംവെളിയതിലമരൊ
 ല്ലെന്നുമങ്ങൊന്നുമില്ലാ
ബ്ഭോഷന്മാരാംഭുജംഗദ്ധ്വജമുഖവിമത
 ന്മാരഹോനൂറുപേരും
ശേഷംമറ്റോരുമോരാണ്ടിനിയറിയുകയി
 ല്ലേറവുഞാൻനിങ്ങൾപോയുൾ
ത്തോഷംകൈക്കൊണ്ടുതോന്നീടിനദിശിനിവസി
 ച്ചാലുമിഷ്ടാനുകൂലം 101
ചൊല്ലേണംചൂതിലല്ലേചൊറുചൊറെയവർമ
 ന്ത്രിച്ചുചാടിച്ചതില്ലേ
ചൊല്ലേറുംനിങ്ങളല്ലേചുമതലകൾവലി
 ച്ചിട്ടതീമട്ടിൽമെല്ലേ
തെല്ലേറെത്തെററിയില്ലേതെറിപെട്ടുമവരോ
 ടഞ്ഞുവാക്കാൽഖരാർച്ചെ
സ്സില്ലേതന്മൂലമല്ലേവ്യസനമിവിധമോ
 രോന്നതോരുന്നതില്ലേ 102
ഇന്നേടത്താട്ടെയിന്നിക്കതുകമൊടൊരുകൊ
 ല്ലത്തെയജ്ഞാതവാസ
ത്തിന്നൊന്നന്യോന്യമോതേണ്ടതുനിയമവിരോ
 ധങ്ങളാംനിങ്ങളിന്നി
കന്നിച്ചങ്ങൊത്തുകൊൾവിൻപരമതുപൊഴുതെ
 ല്ലാരുമോരോന്നതൊന്നാ
യ്പുന്നീടുംവിട്ടയക്കാമതിനുജവമൊടെ
 ന്നച്ഛയാമിച്ഛയെഞ്ഞാൻ 103

ആശ്വാസത്തോടൊരേടത്തൊളിവിലൊരുവിധം
നിങ്ങൾചെന്നെങ്കിലോറം
വിശ്വാസത്തോടുവാണീടുവിനിനിയഴലോ
രാണ്ടതോരാണ്ടുപിന്നെ
ദുശ്ശാസ്യംചെന്നുദുര്യോധനനെവിരവിൽവെ
ന്നൂഴിവാഴിക്കവൻഞാ
നിശ്ശല്യത്തിന്നിടെക്കുംവിമതചതികൾനിന്നു
ക്ഷിച്ചുരക്ഷിച്ചുകൊള്ളാം 104

അമ്മ—തണ്ടാർതാനിശകുന്തീതനയനടിയനീ
ത്തമ്പിമാരൊത്തുപന്തീ
രാണ്ടായ്ക്കാട്ടിൽപരംതീരെയൊരഗതിയതാ
യത്രപാർത്തലേന്തി
നീണ്ടീടുന്നാധിയാന്തീനിഭൃതമെരിപൊരി
കൊണ്ടചിത്തത്തിലേന്തീ
വീണ്ടുംഞാൻചെയ്യുതെന്തീവിധിയതിൽവരുമോ
പാപസന്താപശാന്തീ 105

നമ്മൾക്കുൾചേർച്ചയില്ലേനലമൊടുപുനരി
ന്നെന്നതോചാർച്ചയില്ലേ
തമ്മിൽക്കേൾവേഴ്ചയല്ലേപിണയുമഴലൊഴി
ക്കേണ്ടയാളങ്ങയല്ലേ
ചെമ്മേയെന്നിട്ടുമില്ലേചെറുതൊരുകനിവീ
ഞങ്ങളെക്കാൺമതില്ലേ
ചിമ്മിക്കുംനാണമില്ലേചിതമിതിനവമാ
നങ്ങൾചെററങ്ങുമില്ലേ 106

കൃഷ്ണൻ—

തനിക്കാംപോന്നീടുംതവവിമതരായ്ച്ചൂതുകളിയിൽ
തനിക്കാകപ്പാടെപ്പരമപജയംവന്നസമയം
ഇനിക്കാണ്ണൊല്ലെന്നങ്ങവരുടനെയോടിച്ചതിന്നതെ
ദിനിക്കാണോചിത്രംമെരുവുകമന്നഖേദംനൃപസഖേ 107

അങ്ങാടിയിൽത്തോല്ക്കുകിലമ്മയോടെ
ന്നങ്ങപ്പഴഞ്ചൊല്ലതുപോലെയായി
അങ്ങെന്നൊടിച്ചൊന്നൊരുവാക്കചിത്ത
രംഗത്തിലോത്താലൊരുഭേദമില്ല 108

*  *  *  *

അക്കള്ളക്കണ്ണസിന്ധുക്ഷിതിപതിഭഗദ
ത്ത്രിഗത്താദിവേലി
ക്കൂറാകെക്കൊള്ളുംതൽക്കുരുപ്പൽക്കൊടിമുഴവന്നമാ
വേലിവേഗംപൊളിച്ചു
ഇക്കൂററൻഞാൻകഴിപ്പൻനിഭൃതമവിരതം
ത്വൽപ്രസാദംകളിക്ക
ന്നിക്കൂററിൽപിന്നെയെന്തീക്കുരുവധമൊരുനി
സ്സാരമുത്സാഹിയാംമേ 109

പാതാളംമോളിലാക്കാംപരമലറുമൊരം
ഭോധിവൻഭൂമിയാക്കാം
കൈതാഴാതങ്ങെടുക്കാംകനകമലമറി
ച്ചൂഴിഞാനാഴിയാക്കാം

കാതാലംബിച്ചതൃക്കൺമുനയടിയടിയൻ
    കൊാളംകെവച്ചാത്തതെന്താ
ണേതാണെന്നാന്നോക്കിലിന്നീക്ഷരുവധമൊരുനി
    സ്സാരമുത്സാഹിയാംമേ 110

ജ്ഞാതിത്വംചൊൽകയല്ലീജ്ജഗതിമയിജ്ജഗ
    ന്നാഥ!നിൻചിത്തപത്മ
പ്രീതിത്തേനിങ്ങൊലിക്കേസ്സകലമതിനുമാ
    ളാണുഞാൻവേണമെങ്കിൽ
ഊതിതൈഃക്കാട്ടുനീക്കാമുദയമൊരിടിയാ
    ലണ്ഡഭാണ്ഡംതകക്കാം
പാതിദ്ധാത്രിക്കിതെന്തിക്ഷരുവധമൊരുനി
    സ്സാരമുത്സാഹിയാംമേ 111

ഊററംഞാനോത്തുകാല്ലേമയിപരമവിട
    ന്നിക്കണക്കികൃപാന്നീ
ത്തുറവുമ്പോളെന്തിനാണീയടിയനൊരുതര
    ക്കേടൊരുൾക്കേടതന്ന്യേ
കാററിൻറീയുണ്ണികച്ചാൽഗദയിത്തുഗതശ
    ങ്കംവിഭോവീശിടുന്നാ
ക്കാരേററാൽതിന്നുവെന്തിക്ഷരുവധമൊരുനി
    സ്സാരമുത്സാഹിയാംമേ 112

ഭീഷ്മക്ഷോണീശപുത്രീരമണരണചണ
    ശ്രീഭവാൻജ്യേഷ്ഠനിന്നാ

ഭീഷ്മദ്രോണാദിയെന്നീഗ്ഗുരുനികരകൃപാ
    നുഗ്രഹാൽവിഗ്രഹാന്തേ
ഭീഷ്മാനന്താന്തരാള്യൽഖരകരകരത്തു
    ല്പ്യാൽകരാസ്മൽകരാദി
ത്ര്യാഷ്ടാവൽദേവ്യമിന്നിക്കരുവധമൊരുനി
    സ്സാരമൃതസാഹിയാംമേ 113

*    *    *    *

*    *    *    *

# പുരന്ദരാരുണം.

## നാടകം.

വീതാങ്കതംവിധുസ്ത്രീവടിവുവിധുധരൻ
കണ്ടുകാമിച്ചണഞ്ഞി
ട്ടേതാണ്ടൊക്കെപ്രവൎത്തിച്ചുള്ളവവതരണം
ചെയ്തചൈതന്യമൂൎത്തി
ഭൂതാധീശൻപുമാൻപെററൊരുമഹിമയൊടും
ദിവ്യനുണ്ണിക്കിടാവും
ജാതാനന്ദത്തൊടെന്നെസ്സതതമഴകിൽവീ
ക്ഷിച്ചുരക്ഷിച്ചിടട്ടേ.

അത്രതന്നെയുമല്ല,

മട്ടാതെൻറമനോരഥംസപദിസ
ന്മാൎഗ്ഗത്തിലോടുമ്പോൾനേ
രിട്ടാദ്ദുശ്ശകുനത്തിനത്യപകട
പ്രത്യൂഹദാത്യൂഹകം
പെട്ടീടാതതിനെമ്പ്ഭവാനിമലയിൽ
പെറെറാരുകുഞ്ഞോമന
ക്കുട്ടൻകുംഭിമുഖൻപരംപറപറ
പ്പിക്കട്ടെപിട്ടെന്നിയേ 2

എന്നുമാത്രമല്ല.

പുഷ്ടശ്രീമൽപുരാണങ്ങളിതഖിലവുമി
ന്നിപ്പരിഷ്കാരവാന്മാ

ക്കിഷ്ടാപത്യങ്ങളല്ലെങ്കിലുമവരൊടല
ട്ടീട്ടൊരദ്ധ്വാനുവാദം
കഷ്ടിച്ചൊന്നിങ്ങുവാങ്ങീട്ടിവനവകളിൽവെ
ച്ചൊന്നൊടുത്തൊന്നുകൂട്ടി
ക്കെട്ടിത്തീൎക്കുന്നുനീയാശ്രയമതിനുസുധാ
വാണിയെൻവാണിയമ്മേ! 3

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ
പ്രവേശിക്കുന്നു.)

സൂത്രധാരൻ—(തൊഴുതുംകൊണ്ട്)

ശ്രീധാരാധരചിത്രകാന്തിയൊട്ടുമി
ബ്രഹ്മാണ്ഡഭാണ്ഡത്തിനി
ന്നാധാരായിതനായ്മുനിവ്രജമഹാ
ഹൃത്താമരത്താരിലും
ബാധാരക്ഷകമന്ത്രവാങ്ങ്കതിയിലുമെൻ
ചിത്തത്തിലുംമിന്നിടും
രാധാരമ്യഫലനസ്സുനൈകസുകൃത
ക്കുമ്പിന്നുകൂപ്പുന്നുഞാൻ. 4

(അണിയറയിലേക്കു നോക്കീട്ട്.) എടോ ഇവിടെ വരു.

വിദൂഷകൻ—(പ്രവേശിച്ച്)ഇതാ ഞാൻ വന്നിരിക്കുന്നു.

സൂത്ര—മഹത്തായിരിക്കുന്ന ഈ സമാജം താൻ ക
ണ്ടില്ലേ?

വിദൂ—ഇല്ല. അങ്ങു സമാജമെന്നു പറഞ്ഞത എന്തു സം
ധനമാണെന്നുതന്നെ ഇനിക്കു മനസ്സിലായില്ല.

സൂത്ര—സമാജമെന്നു പറഞ്ഞതിൻെറ താല്പൎയ്യം ഒട്ടും തന്നെ തൻെറ ഉള്ളിലേക്ക എത്തിയില്ലേ?

വിദൂ—ഇല്ല-ഉള്ളിലേക്ക എത്തത്തക്ക വല്ല മധുരമുള്ള പദാൎത്ഥമാണെങ്കിൽ അങ്ങു വേഗത്തിൽ പറയണം. ഇനിക്കതുള്ളിലാക്കാൻ വൈകി_ഇന്നത്തെ ഭക്ഷണം തന്നെ നല്ല പന്തിയായിട്ടില്ല,

സൂത്ര—(വിചാരിച്ചുകൊണ്ടു്) എടോ ഭോഷ, താൻ ഇത്ര കഥയില്ലാത്തവനാണൊ_സമാജം എന്നത് ഒരു ഭക്ഷണസാധനമല്ല.

വിദൂ—പിന്നെയെന്താണ്?

സൂത്ര—(ചൂണ്ടിക്കാണിച്ചുകൊണ്ടു്)

സുരുചിരവരടാലങ്കാരസംഘാദികൈക്കൊ
ണ്ടൊരുവകപുരുഷാരംക്കൂടിയാനന്ദമാടി
വിരവൊടുവിളയാടീട്ടത്രവാഴുന്നതാണി_
ന്നറികബതസഖേതാനസ്സലാമിസ്സമാജം

വിദൂ— അഹാ, അങ്ങിനെയാണല്ലേ. എൻെറം വിശപ്പു കൊണ്ടു മാറി ധരിച്ചുപോയി_ആട്ടേ, അങ്ങ് എന്തിനാണെന്നെ വിളിച്ചതു.

സൂ—തീൎച്ചക്കിത്രിപുരാരിതൻെറതിരുവൈ
രാണിക്കളത്തുത്സവ
ക്കാഴ്ചക്കായിവിടത്തുകാരുമകല
ത്തുള്ളോരുമുള്ളിൽസഖേ
വാച്ചീടുംരസമോടുവന്നിഹവസി
ച്ചീടുന്നുകണ്ടാലുമ

ത്ത്യാശ്ചര്യംസഭനന്നുനല്ലരസിക
നാരാണനേരാണിവർ. 6

അതുകൊണ്ടു നമുക്കിവിടെ നല്ലതായും നവീനമായും ഒരു നാടകം അഭിനയിക്കേണം.

വിദൂ—അങ്ങിനെ ഏതാണിപ്പോൾ ഒരു നാടകമുള്ളത്.

സൂത്ര—(ആലോചിട്ട്) അങ്ങിനെ ഒന്നുണ്ട്.

വേറിട്ടൊന്നുമതല്ലവെണ്മണിമഹൻ
നമ്പൂതിരിപ്പാടമ
പ്പാരൊട്ടുക്കവിളിപ്പെടുന്നമതിമാ
നിന്നാളൊരുന്നാളഹോ
ക്കുറൊട്ടുംകുറയാതെതന്നുടെമനം
കൂപ്പിച്ചുനിർമ്മിച്ചുചി-
ന്തേറീടുന്നപുരന്ദരാരുണമതാ
ണിത്തവ്വിലത്ത്യുത്തമം. 7

വിദൂ— അങ്ങിനെയാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ അതു തന്നെ ആകട്ടേ. അതിനു വേണ്ടുന്ന സാമഗ്രികളെല്ലാം സമ്പാദിച്ചു ആട്ടക്കാരെ കൂട്ടിക്കൊണ്ടു വരുവാൻ ഞാൻ പോട്ടേ.

സൂത്ര—വരട്ടേ, ഒന്നുകൂടി പറവാനുണ്ട്.

വിദൂ—എന്താണത്.

സൂത്ര—താനീമനോഹരമായ വസന്താരംഭത്തെ വർണ്ണിച്ചു ഒരു പാട്ടുപാടി ഈ സദസ്യന്മാരെ സന്തോഷിപ്പിക്കണം.

വിദൂ—അങ്ങിനെയാട്ടേ. (എന്നുപാടുന്നു)

വരതരുവൊടണവതിനുസരസമൊരുവല്ലി
വരിമധുപമധുരരവമൊഴിപലതുചൊല്ലി
അരികിലരമമരുമിതുമിനുസമെതിരില്ലി
നിറമുടയമധുവൊടിഹശരദ്ഗുതുവുമല്ലി. ൮

സൂത്ര—(വിചാരം) ഇയ്യാളുടെ ഈ പാട്ടു കേട്ടിട്ടിനിക്കു ഗൎദ്ദഭസ്വരവും കയിൽനാദംപോലെ ആയിരിക്കുന്നു എങ്കിലും വാസ്തവം പറഞ്ഞാൽ സുഖമാവില്ലല്ലൊ അതുകൊണ്ടിങ്ങിനെ പറക തന്നെ. (പ്രകാശം) തന്റെ പാട്ടു വിശേഷം തന്നേ. ഇതു കേട്ടതുകൊണ്ടു സദസ്യന്മാൎക്കു നാടകത്തിൽ അഭിരുചി അധികം ഉണ്ടാകമെന്നു നിശ്ചയം തന്നെ.

(അണിയറയിൽ)

ദേവസ്ത്രീദിവ്യനാട്യങ്ങളരിയിലവർതൻ
നൎത്തനംകാണ്മതിന്നൻ
ജീവശ്രീനാഥകോപ്പിട്ടൊരുവിധമഴകാ
യിട്ടുപോയിട്ടുപിന്നെ
ദ്യോവോടങ്ങൊട്ടിയോവന്നിതുവരെയുമണ
ഞ്ഞിങ്ങുകണ്ടില്ലതെന്തോ
ണാവൊജീവല്ലഭംപോലിവനിവിടെയുമായ്
തനപിയാഠതൻവിയോഗാൽ. ൯

സൂത്ര—(കേട്ടിട്ടു) ക, എന്റെ സഖാവായ രസാകരൻ ഉഗ്രലടൻ എന്ന രാക്ഷസന്റെ വേഷം ധരിച്ചുംവന്നു കഴിഞ്ഞു. ഇനി നമുക്കും വേണ്ട കാൎയ്യങ്ങളാ നോക്കുവാൻ പോക തന്നെ.

വിദൂ—അങ്ങിനെ തന്നെ.

(എന്നു രണ്ടാളും പോയി)

പ്രസ്താവന

(അനന്തരം മൃഗ്ലടൻ പ്രവേശിക്കുന്നു)

(മൃഗ്ലടൻ—(വിരഹവിവശതയോടുകൂടി)
ദേവസ്ത്രീ ദിവ്യനാട്യക്കളരിയിൽ—എന്നു ഒരിക്കൽ കൂടി
പറഞ്ഞു, ചുററിനടന്നു ഇരുന്നിട്ടു)

ഇന്നുല്ഠസ്നേഹഗുണങ്ങളുററിളകിയ
ഗ്നിജപാലകെട്ടുഞ്ഞുപോ
കുന്നത്തവ്വതിലാവിളക്കൊടണയു
ന്നപ്രാഭയെപ്രാഭവാൽ
നന്നാക്കുംപടിയുള്ളൊരാഭയതുവ
ന്നെന്നിൽപ്രവേശിച്ചിരി
ക്കുന്നല്ലോകഠിനംമഹാകഠിനമീ
മട്ടിന്നുമട്ടുന്നുഞാൻ.

കാന്താവിരഹസന്താപാനലസന്തപ്തനായ ഞാൻ എന്താണിവിടെ ചെയ്യേണ്ടത്. അവളെ അന്വേഷിപ്പാൻ അമരാവതിയിലേക്കു തന്നെ പോയെങ്കിലോ (എഴുന്നേല്ക്കുന്നു) ഇനിക്ക് ഒരടിപോലും നടപ്പാൻ വിഷമശരവിവശതയാൽ വിഷമമായി വന്നിരിക്കുന്നു. അതുകൊണ്ട് ഈ വിഷയത്തിലുള്ള ഉത്സാഹത്തെ ഉപേക്ഷിച്ചു വിഷാദിച്ചുംകൊണ്ടു ഇവിടെ തന്നെ കുറെ നേരംകൂടി ഇരിക്കതന്നെ- (ഇരിക്കുന്നു)

വിണ്ണോൎക്കുംവിധിതൊട്ടവൎക്കുമഖില
ൎക്കും ചിത്തമിന്നെൻറകൈ
ദ്ദണ്ഡാൎക്കമ്പോൾവിറക്കുമത്ത്യബലവാ
നായുള്ളൊരീയുള്ളഞാൻ
ഖണ്ഡിക്കാനിടയായിവണ്ണമിവനെ
ക്കഷ്ടംമഹാശ്ശുദ്ധമേ
പിണ്ണാക്കാക്കിയളന്നുവെച്ചുപിടിയാ
ത്തോനായസൂനായുധൻ. 11

അനംഗനായ കാമനെ ഇങ്ങിനെ ഭയപ്പെടുന്നതു കഠ ചല്ലേ.

രേരേമന്മഥരേസ്മരസ്മരഭവാൻ
മുന്നംമഹേശാക്ഷിയിൽ
തീരെവെന്തുകരിഞ്ഞദൎപ്പകപശോ
കന്ദൎപ്പദൎപ്പത്തൊടും
ചാരെവന്നുശരംവിടാതൊളിവിൽനി
ന്നമ്പെയ്വതെന്താണതെൻ
നേരേനേൎക്കുകതെല്ലുശൌൎയ്യമുടയോ
രാൺകുഞ്ഞതാണെങ്കിൽനീ. 12

(നെടുവീൎപ്പിട്ടു മുകളിലേക്കു നോക്കുന്നു) ഏ, ആരാണ് ആകാശത്തിൽനിന്നു നമ്മുടെ അഭിമുഖമായി ഒരാൾ വരുന്നത്. (സൂക്ഷിച്ചു നോക്കീട്ടു) നമ്മുടെ പ്രാണപ്രിയയായ ഘഗ്ലര ഝഗ്ലരയല്ലേ ഇത്.

അനന്തരം ഘഗ്ലര ഝഗ്ലര പ്രവേശിക്കുന്നു)

ഉഗ്ലടൻ—ഇതെന്തൊരു മാതിരിയാണ്. ഇന്ദ്രലോക

ത്തുപോയി കൂത്തു കണ്ടു ഇന്നുതന്നെ വന്നേക്കാമെന്നു പറഞ്ഞല്ലേ പോയത്. ഇത്ര താമസം വരുമെന്നറിഞ്ഞാൽ ഞാൻ പറഞ്ഞയക്കില്ലായിരുന്നു.

ഞാൻ എത്ര ബുദ്ധിമുട്ടി.

മല്ലേറുംമലർസായകൻെറകലവി
ല്ലാകുംകരിമ്പിന്തടി
തല്ലേററങ്ങുതളന്നഹോതലതരി
ച്ചിക്കാലമിക്കാനനേ
അല്ലേഘലശ്ലരതധശ്ലരേഭവതിയായ്
വേർപെട്ടുകൊണ്ടേകനാ
യല്ലേഴെട്ടുകഴിച്ചിതേതുവിധമോ
ചത്തില്ലതത്ത്വത്ഭുതം. 18

ഘശ്ലര—അല്ലയോ പ്രാണനാഥ, ദേഷ്യപ്പെടരുതേ. ഞാൻ പോയിട്ടുണ്ടായ വർത്തമാനങ്ങളൊക്കെ പറയാം. അങ്ങു മനസ്സുവെച്ചു കേൾക്കണേ.

ദശ്ല—ആട്ടേ, കേൾക്കട്ടേ.

ഘശ്ല—ഞാൻ ഈ ചിത്രകൂടത്തിൽനിന്നു അങ്ങയെ പിരിഞ്ഞ ഉടനെ ത്രികൂടത്തിൽ വസിക്കുന്ന അങ്ങയുടെ ഇഷ്ടബന്ധുവായ കുടിലജംഘൻെറ ഭവനത്തിൽ പോയി. അവിടെ അവരുടെ സൽക്കാരങ്ങളേററു കുറെ ദിവസം താമസിച്ചു പോയി, അത്രേയുള്ളൂ. എന്നാൽ അങ്ങുന്നു എങ്ങും പോകാതെ ഇവിടെ തന്നെ താമസിക്കയായിരുന്നു എന്നു പറഞ്ഞത് ഇനിക്കു അത്ര വിശ്വാസമായില്ല.

ദുശ്ല—ഇതാണിപ്പോൾ നന്നായത്. ഈ വിരഹദുഃഖം അനുഭവിപ്പാൽതന്നെ പോര, നിന്റെ അവിശ്വാസത്തിന്നു പാത്രമാകയും വേണം, അല്ലേ അത്യാശ്ചര്യം തന്നെ.

പോയാൽപോയവഴിക്കുപോകുമൊരുത്ത
ന്നുംവാല്യംമില്ലാതെയൊ
നായല്ലോമ്പതനീയുനിന്റെവരവും
കാത്തിങ്ങുകണ്ണിച്ചുഞാൻ
വായുപ്രാശനവുംകഴിച്ചിവിടെവാ
ണേയുള്ളുമറെറങ്ങുമേ
പോയില്ലെന്തിനുമാംസഭക്ഷണമതി
ന്നായിട്ടുനായാട്ടിനും. 14

അയ്യോനിൻവിപ്രയോഗച്ചുകിരിചെവുനരു
ഞ്ഞെന്നിവരാൽവിഷാദ
ത്തിയ്യാളുംചിത്തകുണ്ഡക്ഷിതിയിലിഷുമലർ
ക്കൂട്ടവുംകോട്ടമെന്ന്യേ
ധൈര്യാഖ്യത്തേങ്ങയൊന്നിച്ചരിഗണപതിഹോ
മങ്ങൾകാമൻകഴിച്ചി
ട്ടിയ്യൂഴംനിന്നവിശ്വാസമതൊരുഫലമെ
ന്നായിനന്നായിപാരം 15

വശ്ലര—അയ്യോ പ്രാണനാഥ, ഞാൻ നേരംപോക്കാണ് പറഞ്ഞത്. അങ്ങേക്കു പരിഭവം തോന്നരുതേ.

ദുശ്ലടൻ—ഏയ്, നീയെന്തുപറഞ്ഞാലും ഇനിക്കു പരിഭവം ഉണ്ടാകുമോ-ആട്ടേ, അതെല്ലാമിരിക്കട്ടേ ദു

രസഞ്ചാരത്താൽ ദ്ദീനയായ നീയെന്റെ മടിയിൽ
വന്നിരിക്ക.

ഫൽഗ്ലര—(ഇരിക്കുന്നു)

ദുർഗ്ല—ആട്ടേനീയപ്സരഃസ്ത്രീമണികളഭിനയി
ച്ചാടിടുംമോടിചേരുന്നോ
രാട്ടംപോയ്ക്കണ്ടതില്ലേപരമഴകൊടതൊ
ക്കെക്കലാശിച്ചതില്ലേ
ആട്ടക്കാർക്കാസ്സദസ്സിൽസുരപതിവിരുതോ
രോന്നുടൻനല്കിയില്ലേ
പാട്ടുംകൂത്തുംസഭക്കാരമിതകുതുകമുൾ
ക്കൊണ്ടുകൊണ്ടാടിയില്ലേ 16
മായോചിതപ്പണികളാലധികംവിശേഷ
മായോരുകൊച്ചുലളിതാകൃതിയായിയല്ലേ
ആയോഷമാർകളികൾകണ്ടതുകൂത്തുകാണ്മാൻ
പോയോരുവാർത്തകൾവദിക്കുകവല്ലഭേ!നീ 17

ഫൽഗ്ലര—ഭോഷ്ക്കുരച്ചിടുകയല്ലിവിടുന്നെൻ
പോക്കുമാത്രമൊരുമെച്ചമതെന്ന്യെ
കേൾക്കുകെല്ലൊടൊരുകൂത്തുമഹോചി-
ണ്ണാക്കമില്ലസുരസംഘസഭാന്തേ 18

ദുർഗ്ലടൻ—ഏ, അതെന്താണങ്ങിനെ പത്തു ദിവസ
ത്തെ കൂത്തുണ്ടെന്നു കേട്ടിട്ടല്ലേ നീ പോയത്?

ഫൽഗ്ലര—ആളുകളൊക്കെ വന്നു ചേർന്നില്ലത്രേ- മററ
ന്നാൾ കൂത്തു തുടങ്ങുമെന്നാണ് കേട്ടത്. അന്നും ഇതു
പോലെതന്നെ കലാശിക്കുമോ എന്തോ-

19

ദുഗ്ലടൻ—അഹാ, എന്നാൽ നീയെന്തിനാണ് അഞ്ചെട്ടുദിവസം കുടിലജംഘൻെറ കുടിലിൽ താമസിച്ചത്.

ലഗ്ലര—അങ്ങയുടെ ഇഷ്ടബന്ധുവിൻെറ വീടാണെന്നു വിചാരിച്ചു അവിടെ താമസിച്ചതാണ്. പിന്നെ ഒരു സംഗതി കൂടിയുണ്ട്.

ദുഗ്ലടൻ—അഹാ, ഇങ്ങിനെ മര്യാദകെട്ടു ചെയ്യുന്ന നീയാണോ എന്നെക്കുറിച്ചു അവിശ്വാസം വിചാരിക്കുന്നത്. നോക്കിക്കോ, മിത്രമായിരുന്ന കുടിലജംഘൻ ഇന്നുമുതൽക്കു അമിത്രമായി എൻെറ പത്രികൾക്കു ആഹാരമായിത്തീരും

ലഗ്ലര—അഞ്ചാതഞ്ഞസ്സഖാവാംകൊടിയകുടിലജം
ഘൻഭവാനെച്ചതിച്ചാ
പ്പഞ്ചാസ്ത്രക്രീഡചെയ്വാനൊളിവിൽമൃതിരുമാ
ഹന്തക്കുട്ടാക്കമോഞാൻ
നെഞ്ചാളുംനിൻദൃഢംബഹ്മമിന്നുമിന്നസം
ശുദ്ധമേനല്ലബദ്ധ-
പ്പഞ്ചാംഗംതന്നെമറെറന്തിഹപറവുമഹാ
ശ്ചര്യമാശ്ചര്യമേററം 19

ദുഗ്ലടൻ—വിശേഷവിധി വരുമ്പോൾ സാമാന്യവിധി സാരമില്ലെന്നു ശാസ്ത്രമുണ്ടെന്നു കേട്ടിട്ടുണ്ട്. അതുകൊണ്ടും നിന്നിലുള്ള അനുരാഗാതിരേകംകൊണ്ടും ഇങ്ങിനെ ദുശ്ശങ്ക തോന്നിയതാണ്. മറെറാന്നുകൊണ്ടുമല്ല. ആട്ടേ, അതൊക്കെ ഇരിക്കട്ടെ, വേറിട്ടൊരു സംഗതി കൂടിയുണ്ടെന്നു പറഞ്ഞതെന്താണ്?

ഘലശ്ലര — കുടിലജംഘൻ ഇയ്യിടെ കെട്ടികൊണ്ടുവന്ന കരടരടക മായാപ്രയോഗങ്ങാം അഭ്യസിക്കു കഴിഞ്ഞിട്ടില്ല. അതൊന്നു പഠിപ്പിക്കണമെന്നു അവൻ നന്നെ നിർബ്ബന്ധിച്ചതിനാൽ ഞാൻ കുറെ ദിവസം അവിടെ താമസിച്ചതാണ്. കുട്ടിയാണെങ്കിലും ആറേഴ ദിവസംകൊണ്ട് അതെല്ലാം കടകട്ടിയായി വാസനയും ബുദ്ധിയും കേമം തന്നെ —

ദുശ്ലടൻ — എയ്, ഇതുകൊണ്ടാണ് താമസം വന്നതെങ്കിൽ നീ ചെയ്തതു വളരെ ഉചിതമായിരിക്കുന്നു. പിന്നെ വല്ല വിശേഷവുമുണ്ടോ?

ഘലശ്ലര — അവളുടെ ശിക്ഷ കഴിഞ്ഞു ഞാനിങ്ങോട്ടു പോരുവാൻ യാത്ര പറഞ്ഞപ്പോൾ കുടിലജംഘൻ കരടരടകയെക്കൊണ്ടു വിമതവിഷമെന്ന രത്നം പതിച്ച ഒരു വലയവും ഒരു വലിയ വലയും വലക്ക ലും നാലു ആനത്തോലും ഗുരുദക്ഷിണ ചെയ്യിച്ചു.

ദുശ്ലടൻ — (സന്തോഷത്തോടുകൂടി) അതുവ്വോ, എന്നാൽ അതൊക്കെയും എവിടെ?

ഘലശ്ലര — ഇവിടെ ഉണ്ടല്ലോ (എന്നു മുല പൊക്കി അതൊക്കെ എടുത്തുകൊടുക്കുന്നു) കുടിലജംഘന്റെ കരെഴുത്തുകൂടിയുണ്ട്.

ദുശ്ലടൻ — (വാങ്ങിവായിക്കുന്നു.)

മററന്നാൾമുതലാമഹേന്ദ്രപുരിയിൽ

പെൺകൂത്തതാരംഭമാ

യററംവിട്ടതിനായ്നിലിമ്പരഴകാ
യ്യൂട്ടങ്ങൾകൂട്ടുന്നുപോൽ
ചെററുംസംശയമില്ലദുശ്ലടനമ്മ
ക്കൊന്നിച്ചതീക്ഷിക്കുവാൻ
തെറെറാന്നങ്ങിനെപോണമായതിനുതാ
നിന്നത്രവരെന്നത്താനം. 20
തോഷാലറിയുകതോഴചി
ശേഷാൽമററൊന്നുമിപ്പൊഴില്ലിവിടെ
ശേഷംഘശ്ലരതധജ്ഝര
ദോഷംകൂടാതെപറകയുംചെയ്യും 21
ചിതമൊടയൊരുചിങ്ങംപന്തിരണ്ടായിട്ടംതി
യ്യതിവിമതകൃതാളീദുശ്ലടൻദൎഗ്ഘലടന്നു
അതിസഖിസുരനാരീനാടകാഡംബരശ്രീ
കഞ്ചുകികടിലജംഘൻകയ്യെഴുത്തിയ്യെഴുത്ത് 22

(ഭാൎയ്യയോട്ടു)ശേഷം വിശേഷമെല്ലാം നീ പറയുമെന്നു ഇതിൽ എഴുതിയിരിക്കുന്നതെന്താണ്?

ഘൎഗ്ഘര—വേറിട്ടൊന്നുമില്ല. എഴുത്തുകളിലെ സാധാരണ രീതിയാണെന്നു മാത്രമെയുള്ളൂ.

ദൎഗ്ഘടൻ—അതുശരിതന്നെ. ഈ ദക്ഷിണാദ്രവ്യങ്ങൾ വളരെ മനോഹരങ്ങളായിരിക്കുന്നു. ഈ വിശേഷപ്പെട്ട വളകൊണ്ടു നമുക്കു വളരെ ഉപകാരമുണ്ടാകും. അതുകൊണ്ടു ഇതു വല്ല ദിക്കിലും ഇട്ടു കളയാതിരിപ്പാൻ നിന്റെ കയ്യിന്മേൽ തന്നെ ഇട്ടുകളയാം.

(അങ്ങിനെ ചെയ്തു അവളെ നോക്കീട്ട്)

ബാലേ നിന്നുടെത്രൂപം
പോലേമററാക്കമില്ലതിരുതകൃതി
ചാലേചന്തംകണ്ടെ
ന്നാലേതേണാക്ഷിമാരുമുടനോട്ടം 23

ഘടശ്ലര — എന്നോടെന്തിനാണ് മുഖസ്തുതി പറയുന്നത്?

ദുശ്ലടൻ — മുഖസ്തുതിയല്ല സത്യമാണ് ഞാൻ പറയു ന്നത്.

ഘടശ്ലര — അങ്ങയുടെ വിചാരം അങ്ങിനെയാണെങ്കിൽ എന്റെ ഭാഗ്യംതന്നെ.

ദുശ്ലടൻ — ആട്ടേ, അതിരിക്കട്ടെ.

പിച്ചകനറുമലർവിശിഖ
പ്പിച്ചകലത്താക്കിടേണമിനിവേഗം
ഇച്ഛയൊടടാരോനടപടി
നിശ്ചയമതിന്നെന്നുഞാൻനിനക്കുന്നു. 24

അതുമിതും പറഞ്ഞിരുന്നു കാലം കളഞ്ഞിട്ടു കാര്യമെ ന്താണ്?

ആവേശക്കുളത്തുകാണ്മാനവനിവനൊരുമി
ച്ചാകണംനാകലോക
ത്താവേശിപ്പാനതെന്താണൊരുപൊരുളതുക
ത്തിന്നകത്തിന്നതിന്നാൽ
പോവണ്ടയൊന്നുവേഴ്ക്കവനുടെഹിതമോ
ത്തങ്ങുഞാൻപോണുവേഗം
നീവേണ്ടയെന്തിനാണിക്കൊട്ടമുടിയിലിരു
ന്നോചൂരന്നോരുമോദാൽ 25

ഘലശ്ലര— (വിചാരം) എന്നെക്കൊണ്ടുപോകുവാൻ മടിച്ചിട്ടു ഇദ്ദേഹം ഓരോ ഉപായം പറകയാണ്. ഇതൊന്നും ഇനിക്കു മനസ്സിലാവില്ലെന്നാണ് വിചാരിച്ചിരിക്കുന്നത്. ആട്ടെ, ഇങ്ങിനെ പറകതന്നെ.

അമ്പമ്പാനനുപായങ്ങളതിവള്ളൊട്ടുപ
റ്റില്ലചെററുംഭവാൻതൻ
പിമ്പേഞാനുണ്ടുറപ്പാണതുകശപിശചൊ
ല്ലേണ്ടവേണ്ടാതകണ്ട്
അമ്പോടാക്കുളത്തുനിൻകണ്ണിനൊരമൃതവുമി
ന്നെൻറകണ്ണിന്നുചിന്തി
ക്കുമ്പോളെന്താണൊരത്യുൽക്കടവിഷവുമതാ
ണെന്നതോന്നുന്നിതോർത്താൽ 26

ദുശ്ലടൻ— അതുകൊണ്ടല്ല, നിനക്കു ബുദ്ധിമുട്ടാകുമെന്നു വെച്ചാണു, ഇങ്ങിനെ പറഞ്ഞത്. ബുദ്ധിമുട്ടില്ലെങ്കിൽ നീയും പോന്നോ. ഏതെങ്കിലും കുടിലജംഘലനെ കാണ്മാൻ വേഗം പുറപ്പെടണം. മായാപ്രയോഗങ്ങൾ എന്തെല്ലാമാണ് വേണ്ടതെന്നു വേഗത്തിൽ ആലോചിച്ചു തീർച്ചയാക്കണം.

ഘലശ്ലര— എന്നാൽ പുറപ്പെടുകതന്നെ.

(എന്നു പോയി)

വിഷ്കംഭം കഴിഞ്ഞു.

---

അനന്തരം ഇന്ദ്രനും ഇന്ദ്രാണിയും പ്രവേശിക്കുന്നു.

ഇന്ദ്ര— ചാലേപത്മിനിതൻറചാരുതിരുമെ

രാഗംകലന്നാക്കര

ത്താലേതൊട്ടുതലോടിമോടികൾവരു
ത്തിക്കൊണ്ടുകൊണ്ടാടിയും
മാലേതുംപിണയാതഘോരവിരമി
പ്പിക്കുന്നുനീയെന്നെയി
ക്കാലേയെങ്ങിനെയെന്നുപോലെപരിചിൽ
പ്രാചീപതേഗോപതേ 27

ഇന്ദ്രൻ— (നോക്കീട്ട്) ഈ സമയം ബഹുരമണീയം തന്നെ.

കുവലയനിരകൂടീകുണ്ടിലേക്കിണ്ടൽതേടി
കുവലയപതിചാടീക്കൂരിരുട്ടൊക്കെയോടീ
ദിവിരവിവിളയാടീദിവ്യതേജസ്സുകൂടീ
നവരസവടിവോടീനാടകമോടികൂടീ 28

ഇന്ദ്രാണി— ആര്യ്യ, അങ്ങുന്നു ഈ പറഞ്ഞതു കേട്ടിട്ടു എന്റെ മനസ്സിൽ വേറെ ഒരത്ഥം കൂടി സ്ഫുരിക്കുന്നു. എന്തെന്നാൽ:

അല്ലേസാദരമാര്യ്യപുത്രഭഗവൻ
പെൺകൂത്തതിന്നേമുതൽ
കല്ലേപത്തുദിനത്തിനെന്നവസരം
കല്പിച്ചുകല്പിച്ചതും
ചൊല്ലേറുന്നഭവാനതിന്നുപലകാ
ര്യ്യാന്വേഷണാൽവിട്ടിതോ
ചെല്ലേണംശ്രമമൊന്നുമില്ലതിവിടെ
ക്കെന്താണമാന്തംവിഭോ! 29

ഭാരംഭാഗ്യമിയന്നിടുന്നൊരവിടെ
ക്കെന്തൂറത്തുണ്ടെങ്കിലും
പാരംഭാസുരനാംഭവാനുതകരാ
റെന്തുള്ളുപെന്തുള്ളൽനാം
ആരംഭിക്കണമിന്നുതന്നെയുത്തമാ
ക്കൂട്ടത്തിലാട്ടേയതി
ന്നാരംഭക്കുകറിക്കമെററവരെയും
കണ്ടൊത്തുകൊണ്ടെത്തുവാൻ ൩൦

൭ — ആവേശംവേണ്ടൊരുകാൎയ്യമിങ്ങൊരുപര
പ്പുണ്ടൊന്നുരണ്ടല്ലതാ
ൻ്റഭാഗംനീനിനയാതെനിന്നിഹവിട
ഞ്ഞാലോചിക്കാലാപിനി!
ആകില്ലൊന്നുമിതൊന്നൊത്തുക്കിയൊരുമ
ട്ടാക്കീട്ടുപോരേമൂഢ
ശ്രീഗണ്ഡാന്തനിരസ്തനിൎമ്മലവസൽ
കന്ദൎപ്പവൻദൎപ്പണേ! ൩1

# പീയൂഷവിശ്വോദയം.

## നാടകം.

ഗണപതിയുംകവിസത്തമ
ഗണപതിയാംമൽപ്പിതാവുമനവരതം
ഗുണമതിയാമമ്മയുമി
ഗ്ഗുണമതിയാമെൻമനസ്സിൽവിലസട്ടേ 1

അത്രയുമല്ല,

ഗുരുവരനുംഗുഹനുംസുര
ഗുരുവുംഗുണമുള്ള നല്ലസജ്ജനവും
ഒരുമാധുരിമകവിത
ക്കൊരുമാതിരിചേർത്തുചേർത്തുകാത്തിടണം 2

ഇത്രമല്ല,

കരുത്തേറുന്നോമൽക്കവികളിൽ
മഹാസാഹിതിരസം
പെരുത്തേറ്റുംനിൻപോർമുലയതു
കൊടുക്കുന്ന സമയേ
സ്സുരത്തേജോരാശേകൃശകവി
യതാമെന്നിലുമുടൻ
പുരത്തേണംനിയൊന്നതു വിധി
മുഖപ്പൂമുഖലയേ! 3



LIBRARY
KOTTAYAM
TRAVANCORE

ധൈയ്യമന്ദിരമെട്ടത്തുമാനസപ
യഃപയോനിധിമഥിച്ചുടൻ
കായ്യമോത്തുകവിതാമൃതംപുനരെ
ടുത്തുടൻബുധജനത്തിനു
കയ്യഴച്ചഥകൊടുത്തുതുഷ്ടിയൊട
ടുത്തുകൊണ്ടുമമമാനസ
ത്തയ്യലാകിയൊരുവിണ്ണമായവിള
യാടിടട്ടെവിപുലാതലേ. 4

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്ര—(വിളക്കത്തുനോക്കി തൊഴുതുകൊണ്ട്)

വാമദേവനുമഹോതദ്രിയമാം
വാമദേഹവുമിനിക്കകൃഷ്ണനും
രാമനുംജനകപുത്രിയൊത്തെഴും
രാമനുംശരണമാഞ്ജനേയനും 5

(നാലുവശവും നോക്കീട്ട്) ഏയ്.

ഇത്തിരുവൈരാണിക്കുള
മൊത്തരുളുംമന്മഥാരിമഹിതമഹം
ചിത്തരസത്തൊടുകാണ്മതി
നിത്തിരിയല്ലേജനങ്ങളുളവില്ലേ 6

സദയമിതുകണ്ടിഞാനും
സഭയനതായ്ത്തീന്നിടുന്നുവെന്നാലും
അഭിമാനമൊടിവർകളെയെ
ന്നഭിനയവിദ്യതൊന്നുകാട്ടിവിട്ടിടണം 7

ആട്ടെ, അതിന്നു ഏതു നാടകമാണു വേണ്ടതു? ഞാൻ

തന്നെ തീച്ചപ്പെടുത്തേണ്ട. എന്റെ ജീവനാഡിയായ നടിയെ വിളിച്ചുവരുത്തി തമ്മിൽ ആലോചിച്ചു നിശ്ചയിക്കാം

(അണിയറയിലേക്കു നോക്കീട്ടു) ആയ്യേ, വേഗത്തിൽ ഇവിടെ വരു.

നടി—(വന്നിട്ട്) ഇതാ ഞാൻ വന്നുവല്ലോ.

സൂത്ര—മാണിക്യമാലേ, നമ്മുടെ കൃത്യമായ നാട്യവിദ്യയെ ഈ സദസ്സിൽ പ്രയോഗിച്ചൊരു മാനംനേടണ്ടേ

നടി—അതിനെന്താണ് സംശയം. ഇവിടെയല്ലാതെ പിന്നെ എവിടെയാണ് പ്രയോഗിക്കേണ്ടത്?

ഉരത്തൊരുത്തുംഗസദസ്സിതല്ലേ
കരത്തിലീനോക്കുകിടച്ചതില്ലേ
തരത്തിലായിന്നിയൊഴിച്ചിടൊല്ലേ
പെരുത്തുനമ്മൾക്കുകരുത്തമില്ലേ ൩

ഏതു നാടകമാണിവിടുന്ന് നിശ്ചയിച്ചത്?

സൂത്ര—ഞാനൊന്നു നിശ്ചയിച്ചിരിക്കുന്നതു ഭവതി പറയുന്നതു എന്നാണ്.

നടി—ആശ്ചയ്യം തന്നെ ഒരാൾ നിശ്ചയിപ്പാനുണ്ടായത്.

സൂത്ര—ആരാണ്ടോ എന്താണ്ടോന്നു പറയുന്നുണ്ട്. കേൾക്കട്ടേ മിണ്ടാതിരിക്കു (ആകാശത്തിൽ ചെവികൊടുത്തിട്ട്) 'നിങ്ങളുടെ സൌന്ദയ്യപ്പിണക്കവും ഫലിതങ്ങളും ഒക്കെ അവിടെ ഇരിക്കട്ടെ. ഏതു നാടകമാണ് വേണ്ടതെന്നു ഞങ്ങൾ പറയാം.

ഗുണവാൻപൊതിയിലെനാരാ
യണവയ്യനടൻധരിക്കസാദരം
മണിയാര്യ്യേണ്മണിയാംകവി
മണിയാംമകനോത്തുതീത്തകൃതിയാട്ടേ 9

എന്നാൽ അദ്ദേഹത്തിൻെറ കൃതി ആട്ടേ എന്നു പറഞ്ഞതുകൊണ്ട് നിങ്ങൾക്കു സംശയം തീരുകയില്ല. അദ്ദേഹത്തിൻെറ കവിത വളരെയിട്ടില്ല. അവയിൽ വെച്ച് ഇവിടെ ഇപ്പോൾ ഉപയോഗയോഗ്യം ഏതെന്നും തികച്ചു പറഞ്ഞേക്കാം.

പൊയ്യോതുകില്ലിന്നതുവേണമെന്നാ
യ്യോതുവാനെങ്കിലുമൊന്നുവേണ്ട
പീയൂഷവീയ്യോദയമെന്നുപേരാ
യിയ്യൂഴമുണ്ടാക്കിയകാവ്യമാട്ടേ. 10

അല്ലയോ സഭാവാസികളെ! നിങ്ങളിങ്ങനെ പറയുന്നോ. എന്നാൽ അങ്ങിനെതന്നെ (നടിയോടു) ഭവതി ഇവരുടെ അഭിപ്രായം കേട്ടില്ലേ.

നടി—ഉവ്വ്. എന്നാൽ അപ്രകാരംതന്നെ എന്നു അങ്ങുന്നും നിശ്ചയിച്ചില്ലേ.

സൂത്ര—ഉവ്വ്.

നടി—എന്നാൽ ഞാൻ അതിന്നു വേണ്ട വട്ടങ്ങൾ കൂട്ടി വരട്ടേ.

സൂത്ര—ആട്ടേ, ഭവതി ഈ വസന്തത്തെ ഒന്നു വർണ്ണിച്ചു പാടി ഈ സഭക്കാരുടെ മനസ്സൊന്നു തണുപ്പിച്ചു പൊയ്ക്കോളൂ.

നടി—അങ്ങിനെതന്നെ. (പാടുന്നു)

കുളൂർമതിവിലസീടുന്നു
കുളൂർപവനൻകുതുകമൊടുവീശീടുന്നു
കളമൊടുകൂകീടുന്നു
കളകണ്ഠംകാമനമ്പുതൂകീടുന്നു 11

സൂത്ര—ഭവതിയുടെ ഗാനം വളരെ വിശേഷമായി.

നടി—ഇനി ഞാൻ പോട്ടേ.

സൂത്ര—ആട്ടെ, വേഗം വരണം. അരങ്ങു മുഷിപ്പിക്കരുത്.

നടി—ഇല്ല. (എന്നുപോയി)

(അണിയറയിൽ)

ഞാൻ ദൈവഗത്യാ ഇന്ന് ഈ നന്ദനവനത്തിൽ വന്നപ്പോൾ ദിവ്യകളായ ദേവസ്ത്രീകൾ എന്നെ ബഹുമാനിച്ചു തന്ന കല്പകവൃക്ഷപ്പൂമാലയാണിത്. ഇനിക്കിതു യോഗ്യമല്ല. എന്നാൽ ഈ ത്രൈലോക്യത്തിൽ വെച്ച് എല്ലാവരിലും അധികം ശൃംഗാരവും രസികത്വവും അലങ്കാരാഡംബരരുചിയും ഉള്ള ഒരാൾക്ക കൊടുക്കണം. അത് ആൎക്കുവേണ്ടൂ.

ഉമാപ്രസാദമാലയിന്നിതേഷഞാനണിഞ്ഞുവി
ഭ്രമോച്ചരിക്കയോഗ്യമോതപസ്സിനുംയശസ്സിനും
സുമാറതായിതാൎക്കുപോയൊരാൾക്കനല്കിടേണ്ടുനൽ
സുമാറതായൊരാളതാരുമേശനോരമേശനോ 12

സൂത്ര—എയ്, ഇത് ദുൎവ്വാസസ്സുമുനിയുടെ വേഷം ചമഞ്ഞുവരുന്ന നീലകണ്ഠന്റെ ഒച്ചയല്ലേ. എന്നാൽ

വേണ്ടതൊക്കെ വേണ്ടുംവണ്ണം നടത്തുവാൻ ഞാനും പോരട്ടേ.

(എന്നുപോയി)

പ്രസ്താവന.

---

(അനന്തരം ദുർവ്വാസസ്സ് പ്രവേശിക്കുന്നു)

ദുർവ്വ—ഉമാപ്രസാദമാലയിന്നിതേഷഞാൻ—

(എന്നു ഒരിക്കൽകൂടി പറയുന്നു)

എയ്! ഉമേശൻ ഇതിന്നു ഒട്ടുംതന്നെ ഉചിതനല്ല. എന്തെന്നാൽ,

വരാംഗിവല്ലഭാപ്രസാദമാലയെന്നകൌതുകം
വരാമതെങ്കിലുംചിരംപ്രസാദമാലയല്ലയോ
ചരാചരാത്മകന്നിതേകിയാലറിഞ്ഞുദൃഷ്ടിഗോ
ചരാന്ധനാക്കിനമ്മെയുംവരുത്തിടുംവെറുത്തിടും

എന്നു മാത്രമല്ല,

ശൃംഗാരയോനിയെച്ചുട്ടോരംഗാരക്കണ്ണനോക്കിലോ
ശൃംഗാരംകണികാണ്മാനില്ലഞ്ഞോരങ്ങിനെയല്ലയോ

അതുതന്നെയുമല്ല,

ആനത്തോലുമനംഗചാരവുമിലി
ന്നുംപാമ്പുനൽക്കുട്ടരായ്
മാനത്തോളമുയർന്നഭ്രതനിരയും
നീരുംകൊടുംക്കൂററനും
മാനത്തോടിവചേർന്നുതെണ്ടുമഗജാ
കാന്തന്നിതേകീടുവാൻ

ഞാനുമാന്ത്താരിൽനിന്നച്ചതോമിന്നസമാ
യങ്ങോക്കിതങ്ങൊക്കുമോ 15

ഇതൊക്കെക്കിടക്കട്ടെമാല്യംഹരന്നാ
യൊത്തുക്കത്തൊട്ടുംഞാൻകൊടുക്കുമ്പൊഴെക്കും
പത്തുകെക്കെന്നൽക്കണ്ണെരിജ്വാലതട്ടി
ച്ചിതൊക്കെപ്പൊടിച്ചാമ്പലാക്കിച്ചമസ്സും 16

ഇങ്ങിനെ പല സംഗതികളെക്കൊണ്ടും ഇതിന്നു അദ്ദേഹം ഉചിതനല്ല പിന്നെ ആൎക്കാണ് കൊടുക്കേണ്ടത്.

കാറൊത്താകാരകാന്തിപ്രസരതകലങ്കം
കഞ്ജനാഭന്നുഞാനും
ള്ളറൊത്താരാലണഞ്ഞിന്നിതുസപദികൊടു
ത്തെങ്കിലോവേണ്ടവേണ്ട
ഏറെത്താല്പ്പൎയ്യമങ്ങോൎക്കുടനിതിലുളവാ
കില്ലിടംനാസ്തിചാൎത്താൻ
മാരത്താമൎന്ന്യയാകുംമലർമകളൊഴിയാ
തിപ്പൊഴെപ്പോഴുമില്ലേ 17

അതുകൊണ്ട് അദ്ദേഹത്തിന്ന് ഇതുകൊണ്ട് കരുപയോഗവും ഉണ്ടാകില്ല. പിന്നെ വേറിട്ടാരാണ് യോഗ്യനായുള്ളത്.

ഹോ,മാഞ്ചെന്മിഴിവാണിതൻവരനിത
പ്പിച്ചെങ്കിലോവേണ്ടവൻ
ഹോമഞ്ചെസ്സമൃഷിഞ്ഞ:ലഞ്ഞുവൃകയും
നാററിച്ചപീഠറിച്ചിരം

നാമങ്ങൾചൊല്ലിവസിച്ചിടുന്നനവശ്യം
ഗാരംതരിമ്പില്ലിതി
നാമഞ്ചാതെകൊട്ടക്കിലാശ്രുത്തുടന്തം
സമ്പൂൎണ്ണപുഷ്പാഞ്ജലി. 18

അതുകൊണ്ട് ഇതിന്നു അദ്ദേഹവും യോഗ്യനല്ല. പി
ന്നെയാരാണ് യോഗ്യൻ?

വന്ദ്യശ്രീവഹ്നിതാനോവലിയൊരുയമനോ
പിന്നവൻതന്നിടത്താ
യെന്നുംവാഴുന്നൊരാളോവടിവിൽവരുണനോ
വമ്പനാംവായുതാനോ
ധന്യത്വംപൂണ്ടിരിക്കുന്നൊരുധനപതിയോ
യോഗ്യനാരെന്നിനിക്കി
ങ്ങൊന്നുംതോന്നുന്നതില്ലിന്നവകടമിവർകൾ
ക്കൊക്കെയൊന്നോക്കിലുണ്ടാം 19

പിന്നെ ആരാണ്?

ധന്യരാമശ്വിനീദേവർതന്നോയാധരണീശരോ
ചന്ദ്രനോസൂൎയ്യനോസാക്ഷാലിന്ദ്രനോസുരസുന്ദരൻ

ഈ പ്രപഞ്ചത്തിലുള്ള ആളുകളുടെ ഒക്കെ ഗുണ
ദോഷം വിചാരിച്ച ഒരാളെ സമ്മതിച്ച് അവനുകൊ
ടുപ്പാൻ ഇതും കെട്ടിപ്പേറി നടന്ന് ബുദ്ധിമുട്ടാൻ കഴി
യില്ല. ഇപ്പോൾ ഇവിടെ വന്ന സ്ഥിതിക്ക് എന്റെ
ഔചിത്യൌദാൎയ്യാവസ്ഥകൊണ്ടു ഇത്

മടവാർമാലികയ്ക്കുള്ള നടുനായകനുത്തമൻ
പടുശൃംഗാരിയാമിന്ദ്ര നടനേകാന്തരച്ചുഞാൻ

ഏതെങ്കിലും സുധൎമ്മശീലനായിരിക്കുന്ന ഇന്ദ്രനെക്കാ ണ്മാൻ സുധൎമ്മയിലേക്കു പോകതന്നെ.

(എന്നു പോയി)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം അലങ്കാരാഡംബരാത്തൊടുകൂടി ഐരാവതാ രൂഢനായി ദേവേന്ദ്രനും ജയദ്ധ്വജനും പ്രവേശിക്കുന്നു.)

ഇന്ദ്ര—അല്ലയോ ജയദ്ധ്വജ! ഈ പ്രദേശം ബഹു രമ ണീയം തന്നെ. നല്ല തണലുകളും മന്ദവായുവും അമലമായ പൂഞ്ചോലകളും പന്തലിച്ചു പരന്നു പട ൎന്ന വൃക്ഷലതാദികളും ഫലമൂലാദികളും ഉള്ള ഈ നന്ദനസുഖം നന്ദനസുഖത്തെത്തന്നെ അതിക്രമിക്കു ന്നു. അതുകൊണ്ടു നമുക്കു മാൎഗ്ഗശ്രമം മാററി ആനക്കു വെള്ളവും തീററയും കൊടുത്ത് അല്പനേരം ഇവിടെ ത്തന്നെ താമസിക്കയല്ലേ.

ജയ — സ്വാമിൻ കല്പനപോലെ. (എന്നുരണ്ടുപേരും ചുററിനടന്നു നാലുപുറത്തും നോക്കീട്ട്)

ഇന്ദ്ര—എയ്! ആരാണ് കിഴക്കുന്നു ഒരാൾ മഹാതേജ സ്സോടുകൂടി എൻെറ അഭിമുഖനായ്വരുന്നത്?

ജയ—(സൂക്ഷിച്ചുനോക്കുന്നു)

ഇന്ദ്ര—ആ തേജസ്സുവന്ന് കണ്ണിൽതറച്ചിട്ടു ആളറിവാൻ ഞാൻ പ്രയാസപ്പെടുന്നു.

ജയ—(വിചാരം)

നന്നായ്നാനാപ്രദേശങ്ങളിലുമിഹവിള
ങ്ങുന്നതേജോവിലാസാൽ
നന്ദ്യാചേരുന്നതാരെന്നറിവതിനയിസൂ
ക്ഷിച്ചുവീക്ഷിക്കയെന്ന്
കന്നല്ലോരായിരംകണ്മിഴികളുമിതിനാൽ
മഞ്ഞളിച്ചീശനിപ്പോൾ
നന്നല്ലോരണ്ടുകണ്ണുള്ളിവനൊടിതരുളി
ച്ചെയ്തതുൾത്താരിലോർത്താൽ 22

ഇന്ദ്ര—എന്താണ് ജയദ്ധ്വജൻ സൂക്ഷിച്ചുനോക്കാതെ അധോമുഖനായി വിചാരിച്ചു നില്ക്കുന്നത്.

ജയ—ഇവിടുന്നു തൃക്കണ്പാർത്തില്ലേ.

ഇന്ദ്ര—ഉവ്വ്, നല്ലവണ്ണം മനസ്സിലായില്ല. (സൂക്ഷിച്ചു നോക്കീട്ട്)

പാരംഭസ്മവിലേപനസ്ഫടികരു
ദ്രാക്ഷാദിമാല്യംജടാ
ഭാരംപാവനപാവകപ്രഭലസൽ
ക്കാഷായകൗപീനകം
ചേരും ചെമ്മിഴികൈത്തലത്തിൽമലർമാ
ല്യംകിണ്ടിയിത്യാദിയാ
യാരാണിയണയുന്നതിന്നൊരുമഹാ
യോഗീശയോഗേശനോ? 23

ജയ—(സൂക്ഷിച്ചുനോക്കീട്ട്) ആരാണെന്നടിയനു മനസ്സിലായി, സാക്ഷാൽ ദുർവ്വാസസ്സു മഹർഷിയാണ്.

(അനന്തരം ദുർവ്വാസസ്സു പ്രവേശിക്കുന്നു)

ദ്വാ— മംഗളാംഗിയതാംസൎവ്വ മംഗളാവരവൈഭവാൽ
മംഗളംതേഭവിക്കട്ടെ മഞ്ജൊലാമഘവൻമനം

ഇന്ദ്ര— (ആനപ്പുറത്തുനിന്നിറങ്ങുവാൻ ഭാവിക്കുന്നു)

മുനി— (കണ്ടിട്ട്) അല്ലയോ ഇന്ദ്ര!

ഹസ്തിതൻമുകളിൽനിന്നിറങ്ങിടേ
ണ്ടസ്ഥിതിക്കഹമൊരന്തരായമോ
നിസ്തുലോഗ്രബലശാലിയാംഭവാ
നസ്തുമംഗലമമംഗലംകെടും 25

ബുദ്ധിമുട്ടി താഴത്തിറങ്ങിവന്നു വണങ്ങി ആചാരോപചാരാദികൾ ഒന്നും ചെയ്യേണ്ട. ഞാൻ വളരെ സന്തോഷിച്ച് അനുവാദം തന്നിരിക്കുന്നു. അവിടെത്തന്നെ ഇരുന്നാൽ മതി.

ഇന്ദ്ര— അല്ലയോ മഹായോഗിൻ! അരുളപ്പാടുപോലെ (എന്ന് അവിടെത്തന്നെ ഉറച്ചിരിക്കുന്നു)

സജ്ജനോക്തികളൊഴിച്ചുവേറെയി
ല്ലിജ്ജനത്തിനവലംബമൊന്നുമേ
ദുൎജ്ജനത്തൊടണയുന്നവൎക്കുന
ല്ലജ്ജനോത്തമയശസ്സുകിട്ടുമോ 26

എങ്ങുന്നാണ് ഇപ്പോൾ അവിടുന്ന് എഴുന്നെള്ളുന്നതെന്നറിഞ്ഞില്ല.

മുനി— കൈലാസത്തിൽനിന്ന് എന്റെ ആശ്രമത്തിലേക്കു പോകുന്നു.

ഇന്ദ്ര— സ്ഥാണുസൽക്കലഭവാനെയിന്നുടൻ
കാണുവാനിടഭവിച്ചുഭാവുകാൽ

വീണുപോകുമൊന്നുതൃപ്പദോല്ലസ
ദ്രേണുകൊണ്ടു പുരിപൂതയായിമേ 27

മുനി—(വിചാരം) എന്ത് ഇദ്ദേഹത്തിനെ കണ്ടാലത്തെ ഗുണംപോലെതന്നെ വാക്കു കേട്ടാലത്തെ ഗുണത്തിനും തികച്ചിലുണ്ടു. ആട്ടേ, അതിരിക്കട്ടേ—

കണ്ടേകാളൻറകാഴ്ചക്കളരിയൊടെതിരാ
യുള്ളൊരൈരാവതത്തിൻ
കണ്ടേകേറിക്കനപ്പിച്ചഴകിലധികഡം
ഭോട്ടഡംഭോളിയോടും
കുണ്ടാഭാവാൽക്കളുക്കുംകുതുകമൊടെവിവെ
ക്കാണുപോകുന്നതെൻവൈ
കുണ്ഠാംഭ്രീഡചന്ദ്രചക്രപ്രളഭരിതജഗ
ച്ചക്രനിശ്ശക്രനിപ്പോൾ 28

(പ്രകാശം) ഞാൻ പോകുന്ന വഴിക്ക് ഈ നന്ദനോദ്യാനത്തിൽ വന്നപ്പോൾ അവിടെ പൂവറുക്കുന്ന അവികലസുന്ദരിമാരായ ദേവികൾ ഇനിക്കു കല്പവൃക്ഷപുഷ്പം കൊണ്ടു കെട്ടിയുണ്ടാക്കി ചാത്തിയ ഉമാപ്രസാദമായ ഈ മാല കാഴ്ചവെച്ചു. ഇതുകൊണ്ടു ഇനിക്കുപയോഗമില്ല. ഈ പ്രപഞ്ചത്തിൽ ആരാണ് സുഭഗാഗ്രഗണ്യൻ എന്നു വെച്ചാലവനു കൊടുക്കണമെന്നുവെച്ചു പലരേയും വിചാരിച്ചു നോക്കി. അപ്പോൾ മററാരെയുമല്ല തോന്നിയത്. ആകപ്പാടെ ഇതിന്നനുരൂപരൂപസൌഭാഗ്യയോഗ്യനായിട്ട് അങ്ങുന്നതന്നെയാണെന്നാണ് ഞാൻ അഭിപ്രായപ്പെട്ടത്

അങ്ങേക്കണ്ടു് ഇതു സമ്മാനം തരുവാനായി അങ്ങോട്ടു പുറപ്പെട്ടപ്പോഴാണു് ഈ മാർഗ്ഗമദ്ധ്യത്തിൽ ദൈവഗത്യാ കണ്ടതു.

ആരംഭങ്ങളതൊന്നുമില്ല മഴപെയ്യു
ന്നില്ലിതല്ലോമഴ
ക്കാറുംകാണ്മതിനില്ല കത്തിയെരിയും
ദാഹംകെടുക്കുന്നുമേ
ക്കാരോന്നിവിധമോർത്തുദ്ഭ്രമഘനാ
ര്യേഴുന്നപ്പോഴാമ്പലൊ
ട്ടോരാതെമഴപെയ്യപോലെപറയാം
ഭാഗ്യാൽഭവദ്ദർശനം 29

ഇന്ദ്ര—അടിയനോടു ഇവിടുന്നു് ഇപ്രകാരമൊന്നും അരുളിച്ചെയ്യരുതെ. അടിയൻ ഇവിടത്തെ ദാസനാണു്.

മുനി— ഇനിക്കു പോകുവാൻ വൈകി. അതുകൊണ്ടു ലളിതതരയായി മിളദളിമാലയായി പരിമളഭരിതയായി പരിലസിതയായി മനോഹരയായിരിക്കുന്ന ഈ മലർമാലിക അലങ്കാരപ്രിയനായ അങ്ങുന്നു് വാങ്ങിച്ചലങ്കരിച്ചു കണ്ടിട്ടുവേണം പോകുവാൻ.
(എന്നു കൊടുക്കുന്നു)

ഇന്ദ്ര—(ആദരവോടുകൂടി മാല വാങ്ങി ഗജത്തിന്റെ മസ്തകത്തിൽ വെച്ചു തലമുടി വേർപെടുക്കുന്നു).

ജയ—അഹോ, ആന തുമ്പിക്കൈകൊണ്ടു മാല വലിച്ചെടുത്തു പൊട്ടിച്ചു ചവിട്ടിക്കളയുന്നു.

മുനി—(അതുകണ്ടു് കോപിച്ചിട്ടു്) അല്ലയോ ജളപ്രഭാവയുള്ളോവേ! എന്നെ ഇത്ര ബഹുമാനം കൂടാതെ നി

ന്ദയോടുകൂടി ഞാൻ തന്ന മാലയൊക്കെ ആവയെ ക്കൊണ്ടു ചവിട്ടിച്ച് കളഞ്ഞില്ലേ. ആട്ടെ, നിനക്കം ദേവകൾക്കൊക്കെയും ജരാനരരോഗമരണാദികൾ ഭ വിക്കട്ടെ. ഞാൻ പോകുന്നു.

(എന്നു മഹർഷി പോയി.)

ഇന്ദ്രനും ജയദ്ധ്വജനും (ബുദ്ധിക്ഷയം നടിച്ച് പോയി)

മുനിശാപം എന്ന

ഒന്നാംമങ്കം

(അനന്തരം ബൃഹസ്പതി വ്യസനത്തോടുകൂടി പ്രവേശിക്കുന്നു.)

ബൃഹ—(അധോമുഖനായി തലക്കു കൈകൊടുത്ത് ഇരു ന്നുംകൊണ്ട്)

ഗ്രഹപ്പിഴയുടെ ഒരു ശക്തി ഇന്നവിധമെന്ന് വിചാ രിപ്പാൻ തന്നെ വയ്യാ. ഇനി എന്താണിയാപന്നി വൃത്തിക്കുവേണ്ടത്. അവിവേകിയായ അദ്ദേഹം ശ. പിച്ചു എന്നുതന്നെയല്ല, ശാപമോക്ഷം ഒട്ടുകൊടുത്തു മില്ല. ശാപമോക്ഷയാചനക്ക് ഇന്ദ്രൻ ഭാവിച്ചപ്പോ ഴെക്കും അദ്ദേഹം ചാടിപ്പോയി. ഇനി എന്തു വേണ്ടു ആവോ. വല്ലതും ഉപായമൊന്നാലോചിപ്പാൻ നാ രദനേയോ മററാ ഇപ്പോൾ കണ്ടെങ്കിൽ നന്നായി രുന്നു!

(അണിയറയിൽ)

ശംഭോശങ്കരശർവ്വശാശ്വതലസൽ

ഗൌരാഭഗൌരീപതേ

ശംഭോദേഹിശശാങ്കശേഖരമഹാ
ശൃംഗാരഗംഗാപതേ!
അംഭോജാസനജംഭശാസനനത
ശ്രീമൽപദാംഭോജനീ-
ലാംഭോജദ്യുതികണ്ഠകാമശമന
ശ്രീകണ്ഠലോകപ്രഭോ! 30

വൃദ്ധ—(ചെവിയോൎത്തിട്ട്) എന്താണിത് അക്ഷരവ്യക്തി കൂടാതെ അതിമധുരമായി ഒരു ശബ്ദം കേൾക്കുന്നത്. ഈ ശബ്ദത്തിന്നു ഏകദേശം നാരദമഹൎഷിയുടെ വീണാനാദച്ഛായ തോന്നുന്നു. അതു തന്നെ ആയിരിക്കുമോ. (നല്ലവണ്ണം മനസ്സിരുത്തി ചെവികൊടുത്തിട്ട്) ശങ്കയില്ല. ശ്രീനാരദമഹൎഷിയുടെ എഴുന്നെള്ളത്തുതന്നെ.

(പിന്നെയും അണിയറയിൽ)

കാരുണ്യാംബുനിധേകളായസുഷമ
ശ്രീമോദജാതോല്ലസ
ത്താരുണ്യാശ്രിതവത്സലപ്രണതസ
ന്താനപ്രസന്നാശയ!
ശൌരേശാൎങ്ഗധരാമരാശ്രയവിഭോ
ഗോവിന്ദനാരായണ!
ശ്രീരാമപ്രണവാത്മജാതകജഗൽ
പ്രാണപ്രസീദപ്രഭോ! 31

അച്യുതാനന്തഗോവിന്ദ സച്ചിദാനന്ദവിഗ്രഹ!
സഫുല്ലപങ്കജപത്രാക്ഷ കല്പപാംഗനമോസ്തുതേ! 32

ബൃഹ—എന്തു്, സാക്ഷാൽ ശ്രീനാരായണന്റെയും ശ്രീപരമേശ്വരന്റെയും തിരുനാമങ്ങൾ ഇതിനെ വീണയിൽ അതിമധുരമായി വായിച്ചുംകൊണ്ടു് ഇതാ ശ്രീനാരദമഹർഷി വരുന്നു.

(അനന്തരം നാരദൻ പ്രവേശിക്കുന്നു)

(രണ്ടുപേരും അന്യോന്യം ആചാരോപചാരാദികൾ ചെയ്തിട്ടു്)

നാര—ഈ വിജനസ്ഥലത്തിൽ എന്താണിവിടുന്നു മൌനവ്രതവും അവലംബിച്ചിരിക്കുന്നതു്. മുഖത്തു നോക്കിയാൽ കഠിനമായി ഒരു വിഷാദമുണ്ടെന്നും തോന്നുന്നുണ്ടു്.

ബൃഹ—ഇവിടുന്നിപ്പോൾ എവിടുന്നാണു് എഴുന്നള്ളുന്നതു്.

നാര—വൈകുണ്ഠത്തിൽനിന്നാണു്.

ബൃഹ—അവിടെ എന്തുള്ള വിശേഷം?

നാര—വിശേഷിച്ചൊന്നുമില്ല. എല്ലാവർക്കും സുഖംതന്നെ.

ബൃഹ—ഇവിടത്തെ വർത്തമാനങ്ങളൊന്നും അവിടെ കേട്ടില്ലേ.

നാര—ഒന്നും കേട്ടില്ല. ഇവിടെ എന്താണു് വിശേഷം.

ബൃഹ—കേട്ടില്ലെങ്കിൽ പറയാം.

ദുർവ്വാശിക്കുടയോൻദുരാഗ്രഹിദുരാ-
ചാരൻഭവാംശോത്ഭവൻ
ദുർവ്വാസസ്സുദുരന്തകോപിയിവിടെ
പ്രാപിച്ചുകോപിച്ചഹോ

ദുർവ്വാരോല്ലൂടമായിടുംപടിശപ്പി
ച്ചാനിശ്ശപിശാദിയാം
ഗീർവ്വാണാധിപരെസ്സമാലികയതിൻ
മൂലംസമൂലംസഖേ! 33

നാര—ഏ! അതുർവ്വാ എന്ന വിദ്വാനോ. അതാണല്ലേ അങ്ങേക്ക് വിഷാദകാരണം. ആട്ടെ, എന്താണ് ശാപം?.

ബൃഹ—വിഷാദകാരണം ഇതുതന്നെ. ഈ ശാപശക്തി ബഹുകേമം തന്നെ. ഇതിലധികം നമ്മൾക്കൊരു സങ്കടാവസ്ഥ വേറെ ഒന്നും വരുവാനില്ല.

നാര—ആട്ടെ, ഇതൊക്കെ പറയാതെ ശാപാവസ്ഥ പറയൂ.

ബൃഹ—പറയാം.

പാരംഭള്ളോടുകൂടിമ്പ് ഭവഭവനമതിൽ
ച്ചെന്നുപോരുംവഴിക്കാ
ക്രൂരൻകാപിഷ്ഠനങ്ങിസ്ഥലമതിലൊരുനാ
ളിസ്സിടെക്കേറിവന്നു
സാരാസാരങ്ങളോരാത്തവിനയനവച
ങ്ങോക്കന്നംവേണ്ടുകട്ടി
ച്ചോറാക്കിപ്പോയി

നാര—എന്താണതുപറക

ബൃഹ———കഥിക്കാമിനിക്കായവണ്ണം. 34
നന്ദനമതിലതിക്കൊരു
നന്ദനനാസ്സ്വനതിന്നൊരുദ്ദേഹം

ചെന്നുതാചിലമടവാർ
ചെന്നൊരു പൂമാലയൽകിമാനിച്ചു

അപ്പോൾ ആ മാല ആൎക്കാണു കൊടുക്കേണ്ടതെന്നു ആ വിദ്വാനു സംശയമായി.

പരദ്രവ്യമാകാത്തതാണെങ്കിലും താൻ
പരൻ നൽകിയെന്നാൽ കൊടുക്കൊല്ലതാക്കും
ഒരാൾക്കൊന്നൊരാളേകിയാലങ്ങവൻമ
റെറാരാൾക്കേകതെന്നേതുശാസ്ത്രത്തിലാവോ 35

അതൊക്കെ എന്തിനു പറയുന്നു. ആ വിദ്വാന്റെ മാതിരി ഒക്കെ ഒന്നു മാറീട്ടാണ്. ത്രൈലോക്യത്തിലുള്ള ആളുകളെ ഒക്കെ വിചാരിച്ച് താരതമ്യങ്ങൾ നോക്കിയപ്പോൾ നമ്മുടെ സ്വാമിയായ ഇന്ദ്രനാണ് എല്ലാരിലും യോഗ്യൻ എന്ന് നിശ്ചയിച്ചു മാല കൊടുപ്പാൻ സുധൎമ്മയിലേക്ക് പോകുംവഴിക്കു ഐരാവതാരൂഢനായി സ്വാമി വരുന്നതു കണ്ടു ബഹുമാനിച്ചു മാല കൊടുത്തു. സ്വാമി മാല വാങ്ങി ആനയുടെ മസ്തകത്തിൽ വെച്ചു തലമുടി തൂൎത്തു കെട്ടുമ്പോൾ ആന തുമ്പിക്കൈകൊണ്ടു മാല വലിച്ചു താഴത്തിട്ടു ചവിട്ടിക്കളഞ്ഞു. അതുകൊണ്ട് കോപിച്ചിപ്രകാരം ശപിച്ചു.

നാര—എപ്രകാരം.

ദൂത—ജംഭാരേജള്ളരേജഗത്ത്രയപശോ
നീയെന്റെമാഹാത്മ്യമി

നാമ്പമ്പോനിന്നയാതിവണ്ണമവമാ
    നിക്കുന്നിതോനന്നേടോ
അമ്പില്ലോക്കുണമേഷഞാനമരസം
    ഘത്തെശ്ശപിച്ചൊക്കെയ
ഞമ്പിക്കുംകല്ലിയല്ലകാണ്കകഠിനാ
    ത്മാവേകല്ലിക്കേണ്ടന്നീ. ൩൭
ത്രൈലോക്യത്തിങ്കലിന്നുള്ളവർകളിലധികം
    പൂജ്യനാംഞാൻനിനക്കാ
യാലോചിച്ചെങ്കിലോരീനവമലർമണമാ
    ല്യംമഹാമൂഢമൂർത്തേ!
താലോചിച്ചാശുനീതാനതുതലയിലണ
    ക്കാതെമത്തടിപത്തിൻ
കാലോടൊപ്പിച്ചതില്ലേമമമഹിമകൾനീ
    യുള്ളിലോക്കുന്നതില്ലേ. ൩൮

ഗജോപരിസ്ഥനായ്ത്തെളിഞ്ഞണഞ്ഞനീയതിത്രയും
രജോഗുണാന്ധനാകയാലെനിയ്ക്കമാശുനിന്നുടെ
പ്രജാദിയുംജരാനരാന്ധരായിവന്നിടട്ടെസ-
ദ്വിജാദ്യനായൊരേഷഞാനുരച്ചിടുംവചസ്സിനാൽ ൩൯
    അമരാരികൾവന്നടുത്തുനിൻവ
    മ്പമരാനുള്ളോരുമാർഗ്ഗമാക്കിടട്ടേ
    അമരാവതിവന്നുചുററിടട്ടേ
    സമരംചെയ്തുമടക്കിവിട്ടിടട്ടേ ൪൦

ഇങ്ങിനെ ഒക്കെയാണ് ശാപം.

നാര—ഈ അല്പസംഗതിയെ പററി ഇത്ര കഠിനമാ

യി ശപിച്ചതു പതിയായില്ല. അവിവേകത്തിന്റെ കലശൽതന്നെ. ഇനി വല്ലരെ അപരാധം ഭവത്താൻ ചെയ്യാലത്തെ ശാപം എന്തിനെയാണാവോ. ഈ വിദ്വാനു സാരാസാരവിചാരംപോലും അശേഷം പോലുമില്ല. കഠിനക്കള്ളൊക്കെ മുമ്പതന്നെ കഴിച്ചുവെങ്കിൽ പിന്നെ വിഡ്ഢിയാവുകയും ചെയ്തു—

താനിന്നോതിടന്നംതൽസ്മരതരസ്മരമാ
ല്യംമിഹന്ദ്രന്റെ കയ്യിൽ
ദാനം ചെയ്യാരുത്തുദ്ധപ്രകൃതിവികടക്കോ
പാന്ധനാം ജന്തുവിന്നോ
ഊനംമാലക്കന്നേപ്പോരരുമദമൊഴകം
ജന്തുവിന്നോ വിശേഷ
ജ്ഞാനം തെല്ലോക്കിലേറുന്നതു സഗുന്നസ്വാ
ചാഷ്ടസ്യൂഷ്ടാഷ്ടമൃത്തേ!

ബ്രഹ— ആട്ടെ, ഏതൊക്കെ ഇരിക്കട്ടെ. ആ വിദ്വാനെ പറഞ്ഞിട്ടിനി എന്തു സാദ്ധ്യമാണ്. കഴിഞ്ഞതൊക്കെ കഴിഞ്ഞില്ലേ. ഇനി നമുക്ക ഈ ആപന്നിവാരണത്തിന്ന എന്തുവേണ്ടു എന്നാലോചിക്ക.

നാര— (വിചാരിച്ചിട്ട) ഒന്നാമത്, ആ ശപിച്ച വിദ്വാനോട ശാപമോക്ഷം മേടിക്കണം. അതിന്ന ഞാൻ തന്നെ ഇന്ദ്രന്റെ സമ്മതത്തോടുകൂടി പോയി വരാം.

ബ്രഹ— എന്നാൽ വളരെ നന്നായി. ഇവിടത്തോട് അതു പറഞ്ഞാൽ ഭംഗിയല്ലല്ലോ എന്നു വിചാരിച്ചു ഇത്രനേരവും പറഞ്ഞില്ല എന്നേ ഉള്ളൂ. എന്റെ അഭിപ്രായവും അങ്ങിനെതന്നെയാണ്.

നാര—രണ്ടാമത്തു, ഞാൻ വരുമ്പോഴെക്കും അങ്ങുന്നു ശാപമോക്ഷം കൂടാതെ തന്നെ ഈ വ്യസനശാന്തിക്കു ഉപായം വല്ലതുമുണ്ടോ എന്നു നോക്കണം. ശാപമോക്ഷം തന്നില്ലെങ്കിൽ വേണ്ട നിവൃത്തി കരുതണമല്ലോ.

ബൃഹ—അങ്ങിനെ വരില്ല. ശപിച്ചാൽ ശാപമോക്ഷം കൊടുക്ക മര്യാദയല്ലേ. പിന്നെ അങ്ങുന്നല്ലേ പോകുന്നതും, കിട്ടാതിരിക്കില്ല. ഞാൻ ഇവിടെ ഗ്രന്ഥവും നോക്കികൊള്ളാം.

നാ—അതിനഹമുടനെന്നാൽസാമ്പ്രതംപോയിടട്ടേ
ചിതമൊടവനിതേകാൻനന്മനസ്സായിടട്ടേ.

ബൃ—ദൃതതരമിഹകാണാമെങ്കിലിന്നേവമാട്ടേ
ശതമഖനൊടുരപ്പാൻഞാനുമിന്നാശുപോട്ടേ.

(എന്നു രണ്ടാളും പോയി.)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം ഇന്ദ്രനും ഇന്ദ്രാണിയും പ്രവേശിക്കുന്നു)

ഇന്ദ്ര—അല്ലയോ പ്രാണനാഥേ, ദുർവ്വാസസ്സിൻെറ ദുർവ്വാരശാപംകൊണ്ടു നമുക്കൊക്കെ ഇങ്ങിനെ ജരാനരകളും ബാധിച്ചു ശുദ്ധമെ മനുഷ്യപ്രായന്മാരായി രോഗമരണാദികളും അനുഭവിച്ച് പരവശന്മാരായി പരിതപിച്ചു പരുങ്ങി വശാവേണ്ട ദിക്കായല്ലോ.

കഷ്ടംനമ്മുടെകഷ്ടകാലമൊരുഗോ
ഷ്ഠിക്കംപുറപ്പെട്ടിടാ
തിഷ്ടംപോലമരുന്നനമ്മളെവ്യഥാ
വന്നിവ്യഥാസാഗരേ
രുഷ്ടൻതന്നുനിശാപദണ്ഡമതുകൊ
ണ്ടൊട്ടുംമടിക്കാതുടൻ
തട്ടിത്തോണ്ടിയെറിഞ്ഞുഹന്തവലയാ
റായ്പന്നുദൈവത്തിനാൽ 43

കോപത്താൽക്രൂരനമ്മാമുനിയിഹവെറുതേ
കേറിവന്നിപ്പൊഴുന്നമ്മെ
ശ്ശാപത്താലേവമുള്ളോരമളികളളവ
റ്ററിഞ്ഞുപറിച്ചിതല്ലോ
താപത്താൽപ്പാരമുൾത്താർതവിടുപൊടിയതാ
കുന്നുഹാഹന്തവല്ലാ
ത്താപത്താസ്ഥീനുവല്ലോയിതിനൊരുപശമം
നോക്കൾനോക്കേണമല്ലോ 44

എന്താണുവേണ്ടത്.

വിത്തവ്യയാദികളതൊന്നുകടുത്തിടുന്നു
ചിത്തവ്യഥക്കതൊരിരിപ്പിടമായിടുന്നു
ഇട്ടുംവിഷാദമുടനൊന്നൊഴിയുന്നതിന്നു
കർത്തവ്യമെന്തിവിടെനാംവലയേണ്ടിവന്നു 45

ഇന്ദ്രാണി—

എന്തിന്നുംമതിയായവക്ഷമവനിൽ
ദൈവംസദാകാലവും

പിന്താങ്ങാതെവിരോധമാവുകിൽവിപ
ത്തോരോന്നതോരാതഹോ
എന്തെല്ലാംവരുമെന്നൊരാൾക്കറിവതോ
നമ്മൾക്കെഴുംദുഃഖസം
ബന്ധംതന്നെയതിന്നുപാക്കിലൊരുദു
ഷ്ടാന്തംനിതാന്തംവിഭോ. 46

ഇന്ദ്ര—അല്ലയോ ഭവതി, നീ പറയുന്നതു ബഹു സാരം തന്നെ.

ഇന്ദ്രാണി-ശാപംനിമിത്തമിഹനമ്മളിലിപ്പൊഴുള്ളി
ത്താപംശമിപ്പതിനുതാമസിയാതകണ്ടു
ശ്രീപന്നഗേശശയനൻതിരുവുള്ളമേററാ-
താപന്നിവൃത്തിയതിനെന്തൊരുപായമുള്ളു

ഇന്ദ്രൻ—അത്തലൊക്കെയുമകന്നിടുന്നതി
ന്നത്രനോക്കുകിൽനമുക്കുനല്ലത്
സത്തമേ!ഭവതിനീപറഞ്ഞൊരീ
സത്തതായവഴിതന്നെയാണയെ! 48

എന്നാൽ അങ്ങോട്ടുതന്നെ പുറപ്പെട്ടുകളയാം. അതിന്നുത്സാഹിക്കുകതന്നെ(കുറച്ചുഉറക്കെ)ആരാണിവിടെ?

ഹരിക്കാരൻ—(പ്രവേശിച്ചു) എറാൻ, അടിയൻ-

ഇന്ദ്ര—ആരാണ്, പത്മപക്ഷനോ.

ഹരി—അതെ-

ഇന്ദ്ര—എയ് ഞാൻ കണ്ടേറിട്ടിഞ്ഞില്ല. വളരെ വയസ്സനെപ്പോലെ ജരാനരകളും ബാധിച്ച് ബഹു പ്രാകൃ

തന്നായിരിക്കുന്നുവല്ലൊ. എന്താണ് ദീനങ്ങൾ വല്ലതുമുണ്ടോ?

ഹരി—അങ്ങിനെ അറിവിപ്പാൻ തക്കവണ്ണം ഒന്നുമില്ല. മററുള്ള ആളുകളെപ്പോലെ ഉണ്ട്. അത്രെ ഉള്ളു. (അധോമുഖനായി വിചാരം)

ആകൃതിക്കുഭവിച്ചോരീപ്രാകൃതംപാൎത്തുകാണുകിൽ
ഞാനുമീവമ്പനാംതമ്പുരാനുംവ്യത്യാസമെന്തഹോ!
അറിവുള്ളവരുംതൻെറകുറവൊന്നറിയാതഹോ
പരനുള്ളൊരുദോഷങ്ങൾപറയുംപതിവാണത്.

ഇന്ദ്ര—ആട്ടേ, ഇങ്ങിനെ മനോരാജ്യം വിചാരിക്കാതെ വേഗം പോയി ആചാൎയ്യനേയും ദിക്കപാലന്മാരേയും ജയദ്ധ്വജനേയും ചിത്രസേനനേയും അശ്വിനീദേവകളേയും മററുള്ള പ്രധാനികളേയും ഒക്കെ കൂട്ടികൊണ്ടുവരു.

ഹരി—കല്പനപോലെ (എന്നു പോയി)

(അനന്തരം ബൃഹസ്പതിയും ദിക്പാലന്മാരും ചിത്രസേനനും അശ്വിനീദേവകളും പ്രവേശിച്ചു ചുററിനടക്കുന്നു)

ഹരി—ഇതിലെ ഇതിലെ (എന്നു വഴികാണിക്കുന്നു)

ഇന്ദ്ര—(ചെന്നു എതിരേററു ആചാരോപചാരങ്ങൾചെയ്യുന്നു) (എല്ലാവരും ഇരിക്കുന്നു)

ഇന്ദ്രാണി—(ഗുരുവിൻെറ അനുഗ്രഹം വാങ്ങി അന്തഃപുരത്തിലേക്കു പോയി)

ഇന്ദ്ര—പത്മപക്ഷ്മ, താൻ ഇത്രവേഗം ഇവരെ ഒക്കെ

കണ്ടുപിടിച്ച് കൂട്ടികൊണ്ടുവന്നുവല്ലോ. സമൎത്ഥൻ തന്നെ.

ഹരി — അടിയന്റെ സാമൎത്ഥ്യമല്ല. ഒക്കെ തിരുമനസ്സിലെ കാരുണ്യംതന്നെ.

ഇന്ദ്ര — ആട്ടേ, താൻ ഇനിയും യോഗ്യരായി വല്ലവരും വരുന്നുണ്ടോ എന്നു നോക്കി ഇവിടെ വന്നു അറിവിപ്പാൻ ഗോപുരദ്വാരത്തിൽ തന്നെ പോയി നില്ക്കു.

ഹരി — കല്പനപോലെ (എന്നുപോയി)

ഇന്ദ്ര — യോഗ്യന്മാർ നിങ്ങളെല്ലാവരുമുടനൊരുമി
ച്ചിപ്പൊഴീവന്നതസ്മൽ
ഭാഗ്യംഞാൻനിങ്ങളെക്കാണ്മതിന്നുബതപുറ
പ്പെട്ടിരിപ്പായിരുന്നു
കാക്കാതേകാൺകയാലിപ്പൊഴുതിലധികസ
ന്തോഷമെൻവാൎത്തയൊക്കെ
ശ്ലാഘ്യന്മാരാംഭവാന്മാർകളതവിടവിടെ
ക്കേവലംകേട്ടതില്ലേ. 51

കേട്ടില്ലതെന്നുവരികില്ലിതുനാട്ടിലൊക്കെ
പ്പാട്ടാണരാപ്പകലും — —

ദിക്പാലന്മാർ — (അന്യോന്യം നോക്കുന്നു:)

പരമേശ്വരൻ — — ഇക്കഥഞങ്ങളൊക്കെ
കേട്ടാണുവന്നതുവിരിഞ്ചനുമിപ്പൊളെത്തും
കേട്ടാൽസുഹൃത്തുകൾവിപത്തിൽവരേണ്ടതല്ലേ.

ഹരി — (പ്രവേശിച്ച്) സാക്ഷാൽ പ്രപഞ്ചകൎത്താവായ ബ്രഹ്മദേവൻ എഴുന്നെള്ളുന്നുണ്ട്.

ഇന്ദ്ര—ഏയ് അതുവ്വൊ, നന്നായി. വേഗം ഇങ്ങൊട്ടു കൂട്ടികൊണ്ടുവരു.

ഹരി—കല്പനപോലെ (പോയി)

(അനന്തരം ബ്രഹ്മാവു പ്രവേശിക്കുന്നു.)

ഇ—(പൂജിച്ചുമുറപോലെ ഇരുത്തി അനുവാദത്തോടുകൂടി ഇരുന്നിട്ടു)

സന്താപനാശനഭവാനടിയത്തിന്നേററ
വന്താപമൂലമവിടെക്കറിവായിരിക്കെ
എന്തിന്നതിപ്പൊൾവെറുതേവിടകൊണ്ടിടുന്നു
വെന്താളിടുന്നുഹൃദയംസദയാംബുരാശേ! 53

ഇനി അടിയത്തിന്നു സുഖമായി വരേണ്ടതിന്ന് വേണ്ടതൊക്കെ ഇവിടുന്നു അരുളിച്ചെയ്യുമല്ലൊ.

ബ്രഹ്മാ—ഈ അവസ്ഥകൾ കേട്ടു പരിഭ്രമിച്ചാണു ഞാൻ വന്നത്. ഞാൻ വിചാരിച്ചാലും ഈ സങ്കടം തീൎത്തു രക്ഷിപ്പാൻ പ്രയാസം തന്നെ. എങ്കിലും ആപത്തിങ്കൽ ബന്ധുക്കൾ വരണമല്ലൊ എന്നു വിചാരിച്ചാണ് വന്നത്. ഇനി ഈ ആപന്നിവൃത്തിക്കു വേണ്ടി നിങ്ങൾ എന്തെങ്കിലും യത്നം ചെയ്യുന്ന കൂട്ടത്തിൽ എന്നാലാംവുന്നപോലെ ഞാനും ബുദ്ധിമുട്ടാം.

ഇന്ദ്ര—എന്നാൽ മതി. നിന്തിരുവടി ഈ ഞങ്ങളിൽ പ്രീതിയോടുകൂടി തിരുമനസ്സു വെച്ചു ശ്രമിക്കാമെന്നു അരുളിച്ചെയ്തപ്പോൾ തന്നെ ഞങ്ങടെ സങ്കടങ്ങൾ ശാന്തപ്രായങ്ങളായി. ഞങ്ങൾക്കിനി ഭാരമൊന്നുമില്ല. ഒക്കെ ഇവിടേക്കു തന്നെ.

ബ്രഹ്മ—ആട്ടേപത്രക്കെയിതുഞാനിനിനേരെയാക്കാം
പോട്ടേപുരാണപുരുഷൻെറപുരത്തിലേക്ക്
കോട്ടംവെടിഞ്ഞുപിറകേബതനിങ്ങളൊക്കെ
ക്കൂട്ടംകലൎന്നവിടെയെത്തുവിനന്തൽതീൎക്കാം.

ഇന്ദ്ര—അങ്ങിനെയാണ് അവിടത്തെ തിരുമനസ്സെങ്കിൽ അങ്ങിനെ തന്നെ.

ബ്രഹ്മ—എല്ലാവൎക്കും സമ്മതമായില്ലേ.

എല്ലാവരും—അങ്ങിനെതന്നെ.

ബ്രഹ്മ—എന്നാൽ ഞാൻ പോട്ടേ. (എന്നുപോയി)

ബൃഹ—ബ്രഹ്മദേവൻ അരുളിച്ചെയ്ത വഴി തന്നെയാണ് ശ്രമിക്കേണ്ടത്. എന്തെന്നാൽ വേറിട്ട അഞ്ഞൂറ് വഴി ശ്രമിച്ചാലും കലാശം അവിടെത്തന്നെയായിത്തീരും. എന്നാൽ പിന്നെ ആദ്യംതന്നെ അതിനു ശ്രമിച്ചാൽപോരേ മററതൊക്കെ വൃഥാപ്രയത്നമാവില്ലേ?

ഇന്ദ്ര—ഇനി വേറിട്ട് ഒരു വഴിയും നോക്കാനില്ല. വേഗം നമുക്കു അവിടേക്കു പോകതന്നെ. എല്ലാവരും പുറപ്പെട്ടു കൊൾവിൻ.

ബൃഹ—അല്പം താമസിച്ചിട്ട് പോവാം. ദുൎവ്വാസസ്സിനോടു ശാപമോക്ഷം വാങ്ങി ഇപ്പോൾ വരാമെന്നു അരുളിച്ചെയ്തു നാരദമഹൎഷി പോയിട്ടുണ്ട്. അദ്ദേഹം കൂടി ഇങ്ങോട്ടു വന്നോട്ടെ.

ഇന്ദ്ര—ഇത്ര കൂറുണ്ടായിട്ടു മററാരുമില്ല. നാരദമഹൎഷി അതിനായിട്ടു പോയിട്ടുണ്ട് അല്ലേ?

ബൃഹ—ഉവ്വ്, നാരദൻ ഇപ്പോൾ വരും.

ഹരി—(പ്രവേശിച്ചു) നാരദമഹൎഷി എഴുന്നെള്ളുന്നുണ്ട്.

ഇന്ദ്ര—വേഗം കൂട്ടികൊണ്ടുവരു.

ഹരി—കല്പനപോലെ (എന്നുപോയി)

നാര—(പ്രവേശിച്ചു പരമേശ്വരാദികളെ വന്ദിക്കുന്നു)

ഇന്ദ്ര—(നാരദനെ പൂജിച്ചിരുത്തീട്ടു)

ഇവിടുന്നു ഞങ്ങൾക്കുവേണ്ടിദുൎവ്വാസസ്സ്മഹൎഷിയോടു ശാപമോക്ഷം വാങ്ങി എഴുന്നെള്ളുകയാണല്ലേ. ഞങ്ങളെ കുറിച്ചു ഒരു സ്നേഹം ഇവിടുത്തെപ്പോലെ മററാൎക്കുമില്ല.

നാര—നിങ്ങൾക്കു അങ്ങിനെ തോന്നുന്നതുതന്നെ ഇനിക്കു ശ്രേയസ്സ്. ആൎക്കെങ്കിലും ചേതമില്ലാത്ത ഉപകാരം ചെയ്യേണ്ടതല്ലേ. പിന്നെ നിങ്ങൾക്കുവേണ്ടി പ്രത്യേകിച്ചും. ഞാൻ പ്രയത്നം ചെയ്യേണ്ട പരിശ്രമമാകകൊണ്ടു ശാപമോക്ഷം മേടിപ്പാൻ ഇവിടെ വന്നു കണ്ടു പറഞ്ഞു പോവാൻ തരമായില്ല. ആട്ടേ ഇതുകൊണ്ട് പരിഭവം ഉണ്ടാകില്ലെന്നു കരുതി പോയി എന്നേയുള്ളു.

ഇന്ദ്ര—വളരെ നന്നായി, സന്തോഷമായി.

ബൃ—സ്വാമിൻനാരദശാപമോക്ഷവഴിയെ
ന്തരണ്ണെന്നുകേൾക്കട്ടെഞാൻ
നാ—ധീമൻതൻമുനിയെത്തിരഞ്ഞടലിയ-
ന്നീരേഴലോകത്തിലും

ശ്രീമൻമണ്ടിനടപ്പമാത്രമൊരിട
ത്തുംകണ്ടുകിട്ടീലഹോ
സാമാന്യംവിഷമിച്ചുപോയ്പ്പിരുതനാ-
ണങ്ങോർത്തങ്ങോക്കിലോ 55
കണ്ടോരോടുകടന്നുതന്വനിയെയൊ-
ന്നെന്തെങ്കിലുംവെച്ചുതാൻ
കണ്ടോയെന്നുകനിഞ്ഞുഹന്തശിവനേ
ചോദിച്ചുചോദിച്ചുമേ
തൊണ്ടക്കൊട്ടുതുടങ്ങിവേദനയത-
ല്ലാതിങ്ങുസമ്പാദ്യമൊ-
ന്നുണ്ടായിലഥകണ്ടതായൊരുവനെ-
കണ്ടില്ലരണ്ടെങ്കിലും. 56

ബൃഹ — ഇവിടുന്ന് ഈ കാൎയ്യത്തിനായി വളരെ ബുദ്ധിമുട്ടി അല്ലെ?

നാര — അതുകൊണ്ടൊരുവസ്തുവില്ലപാൎത്താ-
ലിതുസാധിച്ചവരാൎക്കുകൊണ്ടുമാത്രം
മതിതന്നിൽവിഷാദമാൎന്നിരിക്ക-
ണ്ടിതുകാലത്തതിമാത്രമത്രെയുള്ളൂ 57

ആകട്ടെ ഇതിരിക്കട്ടെ, ശാപമോക്ഷത്തിൻെറ കഥ ഏതെങ്കിലും ഊൎദ്ധ്വമായല്ലോ. ഇനി എന്താണ് വേണ്ടത് ആവോ?

ഈശൻ — നിങ്ങൾ എല്ലാവരും കേൾക്കണം. എന്തിനാണ് അതുമിതും പറഞ്ഞും വിചാരിച്ചും കാലം കളയുന്നത്. ബ്രഹ്മദേവൻ പറഞ്ഞ വഴി തന്നെ

ഉത്സാഹിക്കുന്നതാണ് ഉചിതം. ഞാൻ കൈലാസത്തിൽ പോയി നന്ദി മുതലായ പരിവാരങ്ങളോടുകൂടി വേഗത്തിൽ അവിടെ എത്തിക്കൊള്ളാം. അമാന്തമില്ല. വേണ്ട സമയത്തു ഞാൻ അവിടെ ഉണ്ട്. എന്നാൽ അഗ്നിക്കും യമനും നിരൃതിക്കും വരുണനും വായുവിനും കുബേരനും എല്ലാവൎക്കും കാലമായില്ലേ.

അഗ്നി മുതലായവർ—ഉവ്വ്, ഞങ്ങളും ഇതാ വരുന്നു (എന്നു ഇന്ദ്രനോടായി യാത്ര പറഞ്ഞു ഈശനൊന്നിച്ചു പോയി)

ഇന്ദ്ര—(ജയദ്ധ്വജനോട്) വൈകുണ്ഠയാത്രക്ക് സകല ദേവകളോടും വേഗത്തിൽ ഒരുങ്ങി പുറപ്പെടാൻ ശട്ടം കെട്ടു!

ജയദ്ധ്വജ—കല്പനപോലെ (എന്നുപോയി)

ഇന്ദ്ര—(അശ്ചിനീദേവകളോടു) മരുന്നുകളും മറ്റും തെയ്യാറാക്കി എടുത്തു പുറപ്പെടണം. ഇനിക്കു ഇങ്ങിനെ ആയതിൽപിന്നെ തുടങ്ങീട്ടുള്ള ഔഷധസേവകളൊന്നും അമാന്തമാക്കിയാൽ ശരിയാവില്ല.

അശ്ചിനി—കല്പനപോലെ(എന്നു രണ്ടുപേരും പോയി.)

ഇന്ദ്ര—(ജയന്തനോടു) നീയും വേഗത്തിൽ പുറപ്പെടണം.

ജയന്ത—കല്പനപോലെ (എന്നുപോയി)

ഇന്ദ്ര—(ചിത്രസേനനോടു) ഞങ്ങൾ എല്ലാവരും പോവാൻ ഭാവിക്കുന്നു. ഇവിടെ തക്കതായി ഒരുത്തൻ താമസിക്കാഞ്ഞാൽ ശരിയല്ല. അതുകൊണ്ടു നാലു

കോട്ടവാതിലുകളിലും കാവൽക്കാരെ ഉറപ്പിച്ചു ദേവിമാരുടെ പുരങ്ങളിലും ഉദ്യാനങ്ങളിലും മറെറല്ലാദിക്കുകളിലും കാവലേല്പിച്ചുറപ്പിച്ചു ഇവിടെ ശത്രുക്കളായ അസുരകളോ മററു വല്ലവരുമോ ചാടിവീണു ചതിപിണക്കാതെ സൂക്ഷിച്ചു ചിത്രസേനൻ ഇവിടെ ഒരു രാജാവായി താമസിക്കു.

പരിചൊടുകാവലതിടണം
പരമൊരുറപ്പിന്നുഗോപുരങ്ങളിലും
പരവൻപിന്നെയുമിവിടെ
പ്പരിസരമതിൽനാലുഗോപുരങ്ങളിലും. 58

ചിത്രസേ— കല്പനപോലെ (എന്നു പോയി)

നാര—(ഇന്ദ്രനോടു)അച്ഛൻ ഇവിടെ എഴുന്നള്ളിയോ

ഇന്ദ്ര—ഉവ്വ്.

നാര— എന്താണവിടുന്നു അരുളിച്ചെയ്തതു്?

ഇന്ദ്ര—'ഈ സങ്കടമോചനത്തിന്നു സാക്ഷാൽ ജഗന്നാഥനായ ശ്രീനാരായണനല്ലാതെ ആരു നിരൂപിച്ചാലും സാദ്ധ്യമല്ല. അതുകൊണ്ടു നമുക്കു വേഗത്തിൽ അവിടെത്തന്നെ ചെന്നു ഉണർത്തിക്കണം. എന്നാണ്.

നാര—അച്ഛൻ അരുളിച്ചെയ്തതു നല്ല പരമാൎത്ഥമാണ്, അതല്ലാതെയല്ല. നമുക്കു അവസാനക്കയ്യ് അവിടെ തന്നെ അതു ഞാൻ മുമ്പേതന്നെ വിചാരിക്കാതെ അല്ല ദുൎവ്വാസസ്സിനെ കാണുവാൻ ഓടിപ്പോയതു്. എല്ലായ്പോഴും അവിടെ ചെന്നു ബുദ്ധിമുട്ടിക്കേണ്ട എന്നു വിചാരിച്ചാണ്. വേറിട്ടു് ഉപായം ഉണ്ടോ എ

ന്നു നോക്കിയത്. ഇനി ഞാൻ താമസിക്കയല്ല. ഞാൻ പോട്ടേ.

ആഹ—ഇവിടുന്നു ഇരേഴുപതിന്നാലു ലോകങ്ങളിലുംപോയി ഇത്ര വേഗം വന്നതു വളരെ അത്ഭുതം തന്നെ ആ വിദ്വാനെ കണ്ടില്ലെങ്കിലും അവിടെ ഒക്കെ പോയി വന്നുവല്ലോ.

നാര—(വിചാരം) ഞാൻ ആ വിദ്വാനെ അന്വേഷിച്ചു ചില ദിക്കിലൊക്കെ പോയിവന്നു എന്നേ ഇവർ വിചാരിക്കുന്നുള്ളൂ. ഇതിനിടെക്കു ഞാനെന്തെല്ലാം കഴിച്ചുകൂട്ടി. മഹാബലി തുടങ്ങിയ അസുരന്മാരോടെല്ലാം ഇവരുടെ ഇപ്പോഴത്തെ സ്ഥിതിയൊക്കെ വിവരമായി പറഞ്ഞറിവിച്ചു ഇളക്കിത്തീർത്തു അവരെ യുദ്ധോത്സാഹികളാക്കി പുറപ്പെടീച്ചാണ് പോന്നിരിക്കുന്നത്. അതൊന്നും ഇവർ അറിയുന്നില്ല. ഞാൻ പറവാനും ഭാവമില്ല. വേഗത്തിൽ ഒരു യുദ്ധം ഭവിക്കട്ടേ, കാണ്മാൻ രസമുണ്ടല്ലോ. രണ്ടുദിവസത്തിനകം അവർ വന്നു ചാടും നിശ്ചയം തന്നെ. അപ്പോഴെക്കും ഇവർ വൈകുണ്ഠത്തിലേക്കു പോകുമായിരിക്കും. എന്നാൽ ഇപ്പോഴത്തെ യുദ്ധം ഉഗ്രം തന്നെ. എന്നാലും അവർ വന്ന് വിഡ്ഢികളായി തിരിയെതന്നെ പോവുമെന്ന ഒരു രസമുണ്ടല്ലോ. ഇനിക്കിത്രമാത്രമേ ഉള്ളൂ (പ്രകാശം) ഞാൻ വൈകുണ്ഠത്തിൽ ചെന്നു മുമ്പേതന്നെ സ്ഥലം പിടിച്ചുകൂടട്ടേ. നിങ്ങൾ നാളെ പുറപ്പെടില്ലേ?

ഇന്ദ്ര—എഴുന്നള്ളത്തായോ?

നാര—ഉവ്വ (എന്നുപോയി)

ഹരി—(പ്രവേശിച്ച്) വടക്കെ ഗോപുരദ്വാരത്തിൽ മഹാബലിയുടെ ഒരു ദൂതൻ വിടകൊണ്ടു നില്ക്കുന്നുണ്ട്. ഒരെഴുത്തു തൃക്കയ്യിൽ തരുവാനാണ് അയാൾ വന്നിരിക്കുന്നത്.

ഇന്ദ്ര—എന്നാൽ വേഗത്തിൽ കൂട്ടികൊണ്ടുവരു.

ഹരി—കല്പനപോലെ (എന്നുപോയി)

(അനന്തരം ദൂതൻ പ്രവേശിക്കുന്നു)

ഇന്ദ്ര—എവിടുന്നാണ്?

ദൂത—മഹാബലി രാജാവു തിരുമനസ്സിലെ ഒരു തിരുവെഴുത്തു ഇവിടെ തരുവാനായി കൊണ്ടുവന്നിരിക്കയാണ്.

ഇന്ദ്ര—കാണട്ടെ (എന്ന് എഴുത്തുവാങ്ങി കുറെ നേരം നോക്കീട്ട്) ആരവിടെ?

ഹരി—(പ്രവേശിച്ച്) എറാൻ അടിയൻതന്നെ.

ഇന്ദ്ര—വേഗത്തിൽ ഒരു കണ്ണാടി കൊണ്ടുവരു.

ഹരി—(അപ്രകാരം ചെയ്തു പോയി)

ഇന്ദ്ര—(വിചാരം)

മൂർദ്ധാവുതൊട്ടടിവരെക്കുമുടൻനരച്ചു
വാർദ്ധക്യവുംവടിവിൽവന്നിതുവെള്ളഴുത്തു
ഊർദ്ധ്വംനടപ്പതിനുശക്തിയുമോക്കിലിന്നീ
വാർദ്ധ്യാരതോഹഹഹമേപ്പടിതന്നെചിത്രം

ഈ വാദ്ധ്യാരെക്കൊണ്ടു വായിപ്പിച്ചെങ്കിലോ എന്നു വിചാരിച്ചതു് അബദ്ധം തന്നെ. ഞാൻ തന്നെ നോക്കട്ടെ. (കണ്ണടവെച്ചു് എഴുത്തു നോക്കീട്ടു് പ്രകാശം) ഈ കണ്ണട നമുക്കു് നല്ലവണ്ണം പിടിക്കുന്നില്ല. എന്താണു് വേണ്ടതു്. ആട്ടെ കഴിച്ചുകൂട്ടാം—

(വായിക്കുന്നു)

മാന്യൻമഹാബലിമഹാസുരരാജനിട്ടു
വൃന്ദാരകേന്ദ്രനറിയേണ്ടുമവസ്ഥയെന്നാൽ
ഞാൻനാളെയുദ്ധമതിനുദ്ധതനായിനാകം
ചെന്നീടുമെൻപടകളുംവൻപടഹാദിയോടും 60

കപ്പംനീയാണ്ടുതോറുംതവണതവണയായ്
ത്തീൎക്കണംതീൎത്തിടാഞ്ഞാൽ
കല്പാന്തത്തിൽപുറപ്പെട്ടിളകുമരിയസം
ഹാരരുദ്രോപമൻഞാൻ
കല്പിക്കുംമണ്ണുകള്ളത്തൊഴിലുകളിനിമേൽ
പററുകില്ലംഗനാസം
കല്പത്തോടങ്ങിരിക്കുംജള്ളജംരജഗ
ന്നിന്ദ്ര്യനിന്നേമടക്കും 61

കരമൊടുക്കിടുകില്ലുടനെങ്കിലെൻ
കരമൊടുക്കിടുമിന്നമരാളിയെ
കരുണലേശവുമില്ലറികീനമു
ക്കരുണപത്മശരപ്പടയല്ലിതു് 62

ബന്ധുത്വത്തൊടുമാമകാജ്ഞമുഴുവൻ
കേട്ടിങ്ങിരുന്നീടിൽഞാൻ

ബന്ധിക്കില്ലൊരുശാട്ടമാട്ടമിനിമേൽ
കൂടാതെകൂടാംസഖെ!
അന്ധത്വത്തൊടിതൊന്നുമത്രബഹുമാ
നിഷ്കാഷ്ഠിലെന്തൊക്കയോ
സന്ധിക്കുന്നതുരൂപമില്ലതുപറ-
ഞ്ഞതക്കാമറിഞ്ഞതക്കണം. 63

ഇയ്യാവണിച്ചതിനാറാം
തിയ്യതികല്പിച്ചവേക്കകാര്യസ്ഥൻ
ഹര്യക്ഷൻകല്പടത്തു
ക്കൈയ്യൊപ്പുമിട്ടയപ്പതിപ്പത്രം 64

ബൃഹ—എഴുത്തു മഹാ കേമംതന്നെ. അവൻെറ ഒരു ഗർവ്വ് കണ്ടില്ലേ?

ഇന്ദ്ര—(സ്വകാര്യമായി ബൃഹസ്പതിയോടു കാര്യം ദുൎഘടത്തിലായല്ലോ. അസുരന്മാൎക്കൊക്കെ നമ്മോടിപ്പോൾ എളുതരമായി തീൎന്നുവല്ലൊ. നമ്മൾ നിരൂപിച്ചാൽ ഇപ്പോൾ എന്തു കഴിയും? അവർ നമ്മുടെ സ്ഥിതിയൊക്കെ എങ്ങിനെ അറിഞ്ഞു?

ബൃഹ—(ആലോചിച്ചിട്ട്) എൻെറ ആലോചനയിൽ നാരദൻ ഇപ്പോൾ പല ദിക്കിലും പോയി വന്ന കൂട്ടത്തിൽ മഹാബലി മുതലായ അസുരപ്രധാനികളോടൊക്കെ ചെന്നു കുളത്തി അവരെ യുദ്ധസന്നദ്ധന്മാരാക്കിച്ചമച്ചുപോന്നു എന്നു തന്നെയാണ് തോന്നുന്നത്. അല്ലാതെ വേറിട്ടു ഒരു വഴിയും തോന്നുന്നില്ല.

ഇന്ദ്ര—ഇവിടുത്തെ ആലോചന നല്ല പരമാൎത്ഥവഴിക്കു തന്നെ ചെന്നിരിക്കുന്നു. ഓരോരോ കാൎയ്യാലോചനക്കു ഇത്ര ശക്തി മററാൎക്കാണുള്ളത്? ഇവിടുത്തെ പ്രജ്ഞാ വൈഭവം പ്രസിദ്ധമല്ലേ? ആട്ടേ, നമുക്കു ഈ എഴുത്തിന്നെങ്ങിനെയാണു മറുവടിയെഴുതേണ്ടത്?

ബൃഹ—നമുക്കിപ്പോൾ യുദ്ധശക്തിയില്ലെങ്കിലും അഭിമാനക്കുറവില്ലല്ലോ. അതുകൊണ്ടു അവസ്ഥയ്ക്കു താഴ്ച കൂടാതെയുള്ള വാചകരീതിയിൽ എഴുതണമെന്നാണ് എന്റെ പക്ഷം.

ഇന്ദ്ര—എന്റെ അഭിപ്രായവും അങ്ങിനെതന്നെ. എന്നാലിപ്പോൾതന്നെ മറുവടി ഇവന്റെ കയ്യിൽതന്നെ അയക്കാം. ആരാണവിടെ?

ഹരി—(പ്രവേശിച്ചു) എറാൻ അടിയൻ.

ഇന്ദ്ര—പത്മപക്ഷൻ പോയി രാജഭാസ്കരനോടു വേഗത്തിൽ ഇവിടെ വരുവാൻ പറയൂ.

ഹരി—കല്പനപോലെ (എന്നുപോയി)

അനന്തരം രാജഭാസ്കരൻ വന്നു വന്ദിക്കുന്നു.

ഇന്ദ്ര—രാജഭാസ്കര, എഴുത്തുസാമാനങ്ങളൊക്കെ കയ്യിലില്ലേ?

രാജഭാ—എറാൻ, ഉവ്വ്.

ഇന്ദ്ര—മഹാബലി ഒരെഴുത്തയച്ചിരിക്കുന്നു. അതിന്നു ഒരു മറുവടി അയക്കണം. വാചകം ഞാൻ പറയാം. അതുപോലെ എഴുതി അയച്ചേക്കു (സ്പഷ്ടമായി ഇപ്രകാരം പറഞ്ഞു കൊടുക്കുന്നു.)

രാജശ്രീരമണീയകീൎത്തികിളരും
ദിക്പാലനാഥൻമഹാ-
രാജശ്രീശതമന്യുനീട്ടുമ്പലിക
ണ്ടെന്നാൽകണക്കെന്നിയേ
രാജിച്ചീടിനഗൎവ്വെഴുന്നൊരയി!നിൻ
കുത്തിന്നെതിൎത്തന്മനം
യോജിച്ചീമരുകത്തിതൊപ്പൊടിവിട്ടു
ന്നിപ്പോൾ വിട്ടന്നേനഹം 65
നിന്താഴ്മപ്പാട്ടിൽനീതിപ്പണവുമഹമട
ച്ചിങ്ങിരിക്കേണമെന്നോ-
നിന്താല്പൎയ്യംനിനച്ചാൽചതുരമിതുമരി-
ച്ചാലുമുണ്ടാവതുണ്ടോ?
എന്താണിഭ്രാന്തുനിയ്യം തവ മുതുമുതുമ-
ത്തപ്പനും കൂടിവന്നാ-
ലെന്താണൊത്തീടുമോനമ്മൊടുജളതകൾവ-
മ്പിച്ചനിൻപിച്ചളാട്ടം. 66
വന്നോവലിപ്പമൊടുതക്കിടിയൊന്നുമിപ്പോ-
ളെന്നൊടുകൂടുകയതില്ലകുലുക്കമില്ല
കന്നോക്ക്നീകുതികുതിക്കമടൽക്കളത്തി
ലെന്നോൎത്തടങ്ങിടുകനല്ലതുചൊല്ലിടുന്നു. 67
വമ്പേറുന്നൊരുവാനവപ്രഭുമഹാ
രാജാവുകല്പിച്ചവാ-
റമ്പോടാവണിമാസമിങ്ങുപതിനാ-
റായൊത്തൊരത്തിയ്യതി

കമ്പംവിട്ടോരുരാജഭാസ്കരനതാം
ഹെഡ്രായസംകയ്യെഴു-
ത്തിമ്പത്താൽതിരുമുദ്രവെച്ചവിടമാ-
സ്സത്തായകത്താണിതു 68
തോഷാലിനിയുള്ളവകളു-
ശേഷംനിന്നോടുദൂതനോതീടും
ശേഷംവഴിയേനമ്പരി
തീഷലതില്ലോത്തുകാൺകിലൊരുനൂറ്. 69
ഇങ്ങിനെ മതി—ഒക്കെയെഴുതിയില്ലേ?

രാജഭാ—ഉവ്വ്..

ഇന്ദ്ര—എന്നാൽ ആ കടലാസ്സു കാണട്ടേ. മുദ്രയടിച്ചു ഒപ്പിട്ടു തന്നേക്കാം.

രാജഭാ—കല്പനപോലെ (എന്ന് കടലാസ്സു കൊടുക്കുന്നു)

ഇന്ദ്ര—(മേടിച്ച് ഒപ്പും മുദ്രയും ഇട്ടു കൊടുത്തിട്ട്) എന്നാൽ വേഗം എഴുത്തിവൻെറ കയ്യിൽ തന്നെ കൊടുത്തയയ്ക്കു.

രാജഭാ—കല്പനപോലെ (എന്നു പോയി)

ഇന്ദ്ര—(ദൂതനോടു) മറുവടിക്ക് അയാളോടു ശട്ടം കെട്ടീട്ടുണ്ട്. പിന്നാലെ ചെന്നു വാങ്ങിച്ചു പൊയ്ക്കോളു.

ദൂതൻ—അങ്ങിനെയാവട്ടെ (എന്നു പോയി)

ബൃഹ—കന്ദപ്പവൈരിമുതലായവരൊക്കെനാളെ
ച്ചെന്നെത്തുമച്യുതഗൃഹത്തിലതിന്നുമുമ്പെ
നന്ദ്യാനമുക്കവിടെഹാജർകൊടുത്തിടണ്ടേ
യെന്നാലിനിത്ധടിതിയാത്രപുറപ്പെടണ്ടേ. 70

ഇന്ദ്ര—വേണം സംശയമില്ല.

ബൃഹ—എന്നാൽ ഞാൻ ഗൃഹത്തിൽ പോയി ഒക്കെ തെയ്യാറാക്കട്ടെ (എന്നു പോയി)

ഇന്ദ്ര—എയ്, ഇവിടെ ശേഷമുണ്ടായിരുന്ന ആളുകളും ഒക്കെ പോയി. ഇനി ഞാനും നാളത്തെ യാത്രക്ക ഉത്സാഹിപ്പാൻ ദേവിയുടെ മണിമന്ദിരത്തിലേക്ക് പോകട്ടെ.

(എന്ന് എല്ലാവരും പോയി)

വ്യസനമോചനവിചാരം എന്ന

രണ്ടാമങ്കം.

# കാമതിലകം.

## ഭാണം.

---

മന്ദംമാരാരിതൻതൃത്തുടയത്തുകയറി-
    പ്പള്ളികൊള്ളുന്നസാക്ഷാൽ
കുന്നിന്മാതിന്റെകൊങ്കത്തടമതിലിഴുകും
    കുങ്കുമംതങ്കലാക്കി
മിന്നുംമാറോടുകൂടീട്ടിളകിനമഹിത-
    ശ്രീവിളങ്ങുന്നൊരോമൽ
പൊന്നിന്മാലാവിലാസംകുശലമിഹഭവാ-
    ന്നാക്കുത്തുണ്ടാക്കിടട്ടേ. 1

ഇത്രമാത്രമതെന്നല്ല ചിത്രമായിനിയുംപരം
വത്തമാനമുരസ്സൂഃന്നനത്രമാനമെഴുന്നഞാൻ. 2

സോമാങ്കൻഭഗവാന്റെസൌഷ്ഠവമിയ-
    ന്നോററംപ്രകാശിച്ചിടും
വാമാങ്കത്തിലെഴുന്നപാർവ്വതിപരം
    മേളിച്ചുലാളിച്ചഹോ
കാമത്തോടുവളൎത്തിടുന്നൊരുകളി-
    ത്തത്തക്കിടാവുന്നത-
പ്രേമത്തോടിഹനിങ്ങളിൽകുശലമി-
    ന്നേകേണമേകേവലം. 3

മഞ്ജുശ്രീമലർമാമ്പഴംമധുഗുളം
    പാൽനല്ലപഞ്ചാരയും
രഞ്ജിച്ചീടിനപായസംപനസമ-
    ങ്ങപ്പംവികല്പംവിനാ
കുഞ്ഞിക്കമ്പനിറച്ചിതൊക്കെയമർചെ-
    സ്തീശൻറനൽസന്തതി-
ക്കഞ്ഞെന്നുംകുതുകത്തൊടെൻകരൾകളി-
    ത്തട്ടിൽകളിച്ചീടണം. 4

മുന്നോട്ടേറെച്ചെരിച്ചിട്ടൊരുമുടിയുമുടൻ
    വെച്ചുമാററാസനംവെ-
ച്ചിന്നൊട്ടേറെപ്രസാദാൽമുഖമതിലപചാ-
    ഞ്ചല്യമാച്ചാല്യമേററം
മന്ദംതേച്ചീവിത്രപാകൃതിയൊടഥകഥാ-
    സൂചനംചെയ്വതിന്നായ്
നാന്ദ്യന്തേസൂത്രധാരൻനെടിയനടനരം-
    ഗത്തിൽവന്നെത്തിടുന്നു. 5

നന്ദിച്ചുകൊണ്ടുനടനായകനാമവൻതാ-
നൊന്നിച്ചുനാലുവശവുംവഴിപോലെനോക്കി
മന്ദിച്ചിടാതഥമഹാസഭകണ്ടുതാണു
വന്ദിച്ചൊതുങ്ങിവിനയത്തൊടുടൻവദിച്ചാൻ. 6

ബ്രഹ്മാണ്ഡത്തിനകത്തുഴന്നസകല-
    പ്രാണിയ്ക്കുമുൾക്കാമ്പതിൽ
ബ്രഹ്മാനന്ദവുമല്ലലുംപരമണ-
    ച്ചേററംമദിച്ചങ്ങിനെ

വന്മായയാവലതന്നിലിട്ടുശതകം
ചൊല്ലിയ്ക്കുമാച്ചിത്തജൻ-
തന്മാഹാത്മ്യമതോൎത്തുനന്മകളിണ-
ങ്ങീടാൻവണങ്ങീടിനേൻ. 7

ഇത്തുമാത്രവുമല്ലുണ്ടിങ്ങതിമാത്രമുരസ്സുവാൻ
അത്തുമൂലമഹംതെല്ലൊന്നതുമോതുന്നുസാമ്പ്രതം 8

പാലൊത്തീടിനവാണിമാരൊടെതിരി-
ല്ലിന്നാരുമെന്നാലുമാ
ഫാലത്തോടുമഹോകവിൾത്തടമൊടും
തന്മുഗ്ദ്ധഹാസത്തൊടും
ബാലത്വംതരുണത്വമാക്കിരണ്ടമ-
ങ്ങിത്യാദികൊണ്ടേററമി-
ക്കാലത്തങ്കമിടുംമൃഗാങ്കനുതൊഴു-
ന്നേനൊന്നെഴുന്നേററുഞാൻ. 9

ഇത്രമാത്രവുമല്ല ... ... ... ... ...

പൊന്നിൻപൂവേണിമാർതങ്ങടെപ്പുതുമയെഴും
പുഞ്ചിരിക്കൊഞ്ചൽമന്ദം
ചിന്നുംവക്ത്രത്തിനുംനൽപുതുമധുപൊഴിയും
വാക്കിനുംനോക്കിനുംഞാൻ
മിന്നുംകൊങ്കയ്ക്കുമെന്നല്ലവകളതിൽവിശേ-
ഷിച്ചുസാക്ഷാൽപ്രദേശ-
ത്തിന്നുംനൽക്കുപ്പുകയ്യൊന്നിതുസഭയിലുപാ-
യത്തിലൊപ്പിച്ചിടുന്നേൻ. 10

ഇത്തുമാത്രവുമല്ല ... ... ... ... ...

കല്യശ്രീകടിചക്രവും കുളർമല-
        പ്പൊൻതാഴികക്കുംഭവും
കല്യാണംകലരുംകരുത്തൊരണിവാർ
        കൂന്തൽക്കൊടിക്കൂറയും
ശല്യംവിട്ടിവചേരുമാശ്ശശിമുഖ
        ത്തേരേറിവിശപത്രയം .
ശല്യംവിട്ടജയിച്ചകഞ്ജവിശിഖൻ
        നമ്മേക്കടാക്ഷിക്കണം. 11
ഇതുമാത്രവുമല്ല ... ...
വില്ലീസ്സോട്ടംവിളങ്ങുന്നരുണകിസലയ
        ത്തോട്ടമെത്തിപ്പിണങ്ങി
പ്പൊല്ലീസ്സാട്ടന്നപ്പൂന്തേൻമൊഴികളുടെനിറം
        കത്തുമാക്കൈത്തളങ്ങൾ
മെല്ലെസ്സാന്ദ്രാനുരാഗാമരധനഹരണ
        ത്തിന്നു ചെല്ലും പ്രകാരം
തെല്ലുൽത്സാഹാൽതരട്ടേതരമൊട്ടനവസെൻ
        ഭാഗ്യവും ഭാഗ്യവും മേ. 12
ഇതുമാത്രവുമല്ല... ...
മന്ദാക്ഷശ്രീതടിച്ചുംമണിമലർകുഴൽകൊ
        ണ്ടാനനാഢ്യംമറച്ചും
മന്ദംകൊഞ്ചിച്ചിരിച്ചുംമമതപെരികെയു
        ണ്ടെന്നനാട്യംനടിച്ചും
മന്നിൽതാനേവരച്ചുംമരുവുമബലമാർ
        തന്നിലുള്ളംലയിച്ചും.
മന്ദൻഞാൻകൂപ്പിടുന്നേൻമമനടനമതി
        ന്നിന്നിനിക്കൂപ്പിടുന്നേൻ. 13

പരുങ്ങാതീവണ്ണംപരിചിൽമലരപ്പിച്ചുതൊഴുതി
ട്ടരങ്ങിന്നുംവന്ദിച്ചണിയറയിൽനോക്കിദ്രുതതരം
കുരംഗശ്രീനേത്രേവരികനടനത്തിന്നുനലമോ (സം
ടൊരുങ്ങിക്കൊണ്ടെന്നായ്നടിയൊടുനടൻചൊല്ലീസര

വലിയൊരുനടവരനേവം
ചിലമൊഴിചിതമോടുരച്ചുസമയമഹോ,
മുലകൾതുളുമ്പിച്ചുടനേ
നലമൊടുനടിവന്നിടുന്നുനടനതലെ 15

അരികേ,കാന്തഞാൻവന്നേ
നരികെന്തിനിവേണ്ടത്?
കരളിൽകൌതുകാലെന്നോ-
ടരുളിച്ചെയ്യണംഭവാൻ. 16

സൂത്ര—കല്യാണിമണികാന്തിചേർത്തതിരുവൈ
രാണിക്കുളത്തപ്പനീ
യുല്ലാസോദയമായൊരുത്സവവിധം
കണ്ടാശുകൊണ്ടാടുവാൻ
കല്യാണാംഗികളൊത്തണഞ്ഞുവിലസും
മാലോകരേക്കണ്ടിതോ
കല്യേകേളിവർകാമശാസ്ത്രനിപുണ
ന്മാരാണുനേരാണിതു. 17

ത്വൽപ്രിയേമഹിതഭാണമൊന്നുനാ-
മപ്രയാസമൊടുമിസ്സഭാന്തരേ
ഇപ്പൊഴൊന്നഭിനയിച്ചിവർക്കു
ല്ലുൾപ്രമോദമുടനേററമേററണം 18

നടി—

ലക്ഷണമൊത്തൊരുഭാണം
ലക്ഷമതല്ലുണ്ടുവേണ്ടതതിൽവെച്ചു്
ശിക്ഷയിലാരുടെഭാണമ-
തിക്ഷണമിഹനാംനടിച്ചുകാട്ടേണ്ടു. 19

അവളുടെവാക്കതുകേട്ടി-
ട്ടവിടമതിൽത്തന്നെനിന്നുനിഷ്കപടം
അവികലമിങ്ങിനെചൊന്നാ-
നവനിയതിൽകീൎത്തിനട്ടനടതിലകൻ. 20

നോക്കേണനേൎമിഴി! വെടുപ്പിൽമനസ്സുനിൎത്തി
നോക്കേണമേതിവിടെവേണ്ടുവതെന്നിദാനീം
പാൎക്കേണമൊന്നുപരിചോടതിനല്പനേരം
പാൎക്കേണമെന്നവനുരച്ചുനിനച്ചുനിന്നാൻ. 21

ഒരുകയ്യുത്തൂക്കിയിട്ടുമറെറ-
ക്കരമൻപോടെളിയിൽകൊടുത്തവൻതാൻ
പുരികംപുനരൊന്നുപൊക്കിമെല്ലെ-
ട്ടൊരുനോട്ടത്തോടുനിന്നുനിശ്ചയിച്ചു. 22

എന്നിട്ടെരിഞ്ഞതകുതുകത്തൊടുരണ്ടുമൂന്നു
മിന്നിട്ടുനേരമവനേന്തിയചിന്തയോടെ
നിന്നിട്ടുറച്ചതുചിരിച്ചുകഥിച്ചുപാരം
തന്നിഷ്ടയായനടിയോടുനടപ്രമാണി. 23

മടിയാതോതുവൻമൌനമടിയാതെമനോഹരേ!
നടി! നീകേൾക്കകാമാൎത്തിതടിനീതരണി! പ്രിയേ! 24

എന്തിന്നിങ്ങിനെസംശയിച്ചുവെറുതെ
നില്ക്കുന്നുശങ്കിക്കവാ-
നെന്താണിന്നിഹവെണ്മണിക്ഷിതിസുരൻ
കല്യൻകദംബാഭിധൻ
ചന്തത്തോടു ചമച്ചകാമതിലക
ശ്രീഭാണമുള്ളപ്പൊഴി-
ഞ്ഞെന്തോമറെറാരുഭാണമിസ്സഭകൊഴു-
പ്പിച്ചാൽകൊഴുത്തീടുമോ? 25

മിന്നുന്നമിത്രകിരണപ്രസരിപ്പിലോർക്കിൽ
മിന്നാമിനുങ്ങുകളതിൻവിളയാട്ടമെല്ലാം
ഇന്നെന്തുസാരമതുപോലെയതാണിതെന്നു
ധന്യേ!ധരിച്ചിടുകതാർമിഴിമാർമണേ!നീ 26

പ്രസിദ്ധമാണാക്കവിതൻെറഭാണം
രസത്തിനൊക്കെത്തികവുണ്ടതിങ്കൽ
അസത്യമല്ലൊട്ടുമതാടിടേണം
ലസത്തരംഗഭ്രൂകുടീവിലാസേ! 27

നടിമാരണിയുംമുഗ്ദ്ധമുടിമാലികയാമവൾ
നടനേവമുരച്ചപ്പോളുടനേകേട്ടുചൊല്ലിനാൾ. 28

അദ്ദേഹംകേമനാണെന്നങ്ങുദ്ദേശിച്ചുഭവാൻപരം
നിർദ്ദേശിച്ചതുമിന്നെൻെറഹൃദ്ദേശേപററിയില്ലഹോ!

സിതശ്ലോകംമാറാസ്സ്ഥിതമണിമഹൻനമ്മുടെബൃഹ-
സ്സതിശ്ലോകംമാന്യൻമഹിതകവിതക്കാർകുലവരൻ.
ഇതല്ലാതെന്തെല്ലാംകൃതികൾവിലസീട്ടുണ്ടുവിരവോ-
ടതെല്ലാംചൊല്ലേണംനടമകുടകോടീതടമണേ! 30

ങ്ങിനെനടിചൊന്നതുകേ-
ട്ടങ്ങിനെകൗതുകംനടിച്ചുനടതിലകൻ
ഭംഗമകന്നുപറഞ്ഞാൻ
ഭംഗിയിലവിടെക്കുരുട്ടുയുക്തിയൊടും. 81

അനുപമകവിതകളോരോ-
ന്നനവധിതീർത്തിട്ടുണ്ടിതദ്ദേഹം
കനിവൊടതൊക്കെയറിഞ്ഞി-
ട്ടനുദിനമെന്താണുസാദ്ധ്യമതസാദ്ധ്യം. 82

കഴിയുംവണ്ണമങ്ങപ്പംകഴിച്ചാൽതന്നെപോരയോ
കുഴിയെണ്ണേണമോമാഞ്ചെമ്മിഴിമാരണിമാലികേ!

എന്തിതുവളരെപ്പറയു-
ന്നെന്തിനുസരസംനമുക്കതിബ്ഭാണം
ചന്തമൊടാടുകനേരം
പൊന്തനലതികേ!വൃഥൈവപോകുന്നു. 84

നടനായകവാക്യേവംനടിമാർമണികേട്ടഹോ!
തടവൊന്നുംനടിക്കാതെവടിവോടവളോതിനാൾ

നല്ലശിക്ഷതവപക്ഷമൊട്ടുമി-
ങ്ങില്ലശിക്ഷകളിതിങ്കലെങ്കിലും
വല്ലവണ്ണവുമിതിൽപകിട്ടണം
നല്ലവണ്ണമൊരുപേരുകിട്ടണം. 86

നടിയുടെപക്ഷവുമിങ്ങിനെ
നടതിലകൻകേട്ടുനാലുവശമതിലും
ഝടിതിയിൽനോക്കിയൊരത്ഭുത-
മുടനെന്നടിച്ചേവമോതിവിരുതനഹോ! 87

കാമൻജനങ്ങളിലണഞ്ഞുപിണങ്ങിടുന്നു
പൂമഞ്ജുഗാത്രികളതായ്ചിലർചേന്നിടുന്നു
നാമംജപിച്ചുചിലർചൂളിയിരുന്നിടുന്നു
നീമഞ്ജുകാലമിതുകാൺകവിളങ്ങിടുന്നു. 38

ഇതുമാത്രവുമല്ല ... ... ......

കരംകെട്ടിപ്പുല്കിക്കണവരൊടുമൊത്തീനിശകളിൽ
തരംകെട്ടീടാതെതരുണികൾസുഖിക്കുന്നുസുതരാം
പരംചിന്നിച്ചിന്നിദ്ദിശിദിശിമഹാമഞ്ജുവിലസി-
ച്ചിരംചീക്കുന്നോരീശ്ശിശിരസമയംവിസ്മയമയം. 39

മൂടുന്നുമഞ്ഞുവന്നീയുലകിടമഖിലം
മാരനീലാക്ഷനോക്കി-
പ്പോടുന്നുപുഷ്പബാണംപുരുഷരിലതിലാ-
പ്പുണ്യമേറുംപുമാന്മാർ
നേടുന്നുനാരിമാരൊത്തതിസുരതസുഖം
ചെന്നടുപ്പിന്നടുക്കൽ
കൂടുന്നുകോച്ചിവല്ലാതിഹചിലർചിലരോ
മൂക്കിമൂക്കിൽപ്പെടുന്നു. 40

ഇതുതന്നെയുമല്ല ... ... ...... ...

വാട്ടംതട്ടുന്നുവല്ലാതിഹവനജമതി-
ന്നൊന്നുമല്ലിന്നുഹംസ-
ക്കൂട്ടംമട്ടുന്നുപാട്ടുള്ളവനുമിതരനും
സാധകംകൂടിടുന്നു
നാട്യംകാട്ടുന്നുനന്ദ്യാചിലർകള്ളിരതിയായ്
രോഗികൾക്കംപലക്കം

കോട്ടംതട്ടുന്നുകണ്ടീടുകകഠിനമതാം
മഞ്ഞിതെൻമഞ്ജുശീലേ! 41
മഞ്ജുളാംഗിമഹാഘോരമഞ്ഞുകാലമിതൊന്നുനീ!
കഞ്ജരേന്ദ്രഗതേ!പാട്ടായഞ്ജനാക്ഷി!പുകഴ്ത്തണം. 42
സൂത്രധാരൻറവാക്കേവമാത്തമോദേനകേട്ടവൾ
വാഴ്ത്തിനാൾമഞ്ഞുകാലത്തിൻവാസ്തവംപാട്ടിലിങ്ങിനെ

ഹിമമിളിതലളിതകുളിർപവനനണയുന്നു
കമലമതികഠിനമിഹഹഹഹ!കരിയുന്നു
സുമവിശിഖസഖമൊടതിസുകൃതികളെഴുന്നു
സമയമിതുമിനസമിതലവലിവിലസുന്നു. 44

അനുദിനവുമിഹവിരഹദഹനനെരിയുന്നു
മനുജരിതമദനനുടെമറവിൽമറിയുന്നു
വനിതകളുമണിലവലിസുളേമണിയുന്നു
ജനവുമവരുടെനയനവലയിൽവലയുന്നു. 45

മോടിയോടുനടിതാനുമീവിധം
പാടിയോരളവുസൂത്രധാരനും
പാടിടേണ്ടമതിയെന്നുരച്ചുടൻ
ധാടിയോടവനിവണ്ണമോതിനാൻ. 46

ഇക്കാണുന്നൊരിളംകുരംഗമിഴിമാ-
രിൽപാരമിപ്പാരതിൽ
സീൽക്കാരംപുളകാങ്കുരംവ്രണഗണം
ചെഞ്ചുണ്ടുരണ്ടിന്നല്ലും
ഇക്കാലത്തിവചേർത്തുകൊണ്ടുമിളിതാ-
നന്ദേനസഞ്ചാരിയാ-

മക്കാറേറാവിധുനന്ദനാഖ്യവിടനോ-
വന്നീടുമിന്നീയിവൻ. 47

കൊണ്ടല്ലൂരിങ്കുഴലി! കേളിവിടത്തിലിന്നി-
വേണ്ടുന്നകാൎയ്യമതിനേതുമമാന്തമെന്ന്യേ
രണ്ടെങ്കിലുംരസമിയന്നധുനാനമുക്ക
രണ്ടാൾക്കുമെൻപുരുഷമോഹിനി! പോകയല്ലീ.

നടനേവമുരച്ചാശ്ശുനടന്നാൻനടിയൊത്തഹോ!

## പ്രസ്താവന.

---

വടിവോടഥചേരുന്നുണ്ടുടനാവിടനായകൻ. 49

മന്ദസ്മിതമൊടുമേററം
മന്ദംതന്നെക്കുറിച്ചുതാൻതന്നേ
നന്ദികലൎന്നഥവൎണ്ണി-
ച്ചുന്നതകുതുകത്തോടേവമോതുന്നു. 50

അമ്പടാ! മമസൌഭാഗ്യമമ്പൊടാകെനിനയ്ക്കിലോ
വമ്പൊടാരാണതിന്നെൻറമുമ്പിടാനൊരുപൂരുഷൻ?

മൽക്കളേബരമതിൽകളിച്ചധിക-
മൊക്കുമീയഴകതൊക്കയും
മുഷ്ക്കുവിട്ടുടനടുക്കൽവന്നുനിജ-
ദൃക്കിലാക്കിടുകിലക്കനും
ഉൽക്കടൻമദനനോക്കിലശ്വിശശി-
ശക്രനെന്നിവരതൊക്കയും

തക്കമോടഹ്ഹാ!വെക്കമോടിമല-
ച്ചുക്കിടാതെതലപൊക്കിടാ. 52
ഭ്രമമൊടുനിദ്രാശേഷ-
ശ്രമമൊടുടൻനാലുദിക്കുമതുസമയം
ക്രമമൊടുനോക്കിയുരച്ചാ-
നമിതവിഷാദംവിടന്നുവിടനുടനേ. 53

രാത്രിയിങ്ങൊരുമിന്നിട്ടമാത്രകൊണ്ടുകഴിഞ്ഞഹോ!
എത്രചിത്രതരംനേരമിത്രവേഗംവെളുത്തിതോ! 54
മഹിതഗുണങ്ങളിണങ്ങും
മിഹിരനുദിപ്പാനടുത്തുകൂടിയഹോ
ഹഹഹ!നിനയ്ക്കുകിലിന്നീ-
യഹരാരംഭപ്രഭാവമതിചതുരം. 55

എപ്രകാരമതെന്നാകിലപ്രകാരമനാകുലം
അല്പമൊന്നോതിടാമത്ഥകല്പനാശക്തിപോലെഞാൻ
അക്കൻവന്നങ്ങുപൂർവ്വാചലശിരസിവിള-
ങ്ങുന്നുമങ്ങുന്നുചന്ദ്രൻ
വെക്കംവന്നിന്നിനിന്നെത്തവതരുണിയഹോ!
പുൽകിടുംമാഴ്കിടാതെ
ഉൾക്കാമ്പിൽകഷ്ടമെന്തിന്നഴലിനിയുമഹോ
കോകരേ!കോട്ടമെന്താ-
ണിക്കാലത്തെന്നുകൂകുന്നിതുകുതുകമൊടാ-
ക്കുക്കുടംനിഷ്കുടാന്തേ. 57

ഇതുമാത്രവുമല്ല... ... ... ...
മുഴങ്ങുന്നുശംഖംമുഹുരപിവിടന്മാർസുഖമരം

പുഴങ്ങുന്നൂപൊന്താമരകൾവിലസീടുന്നുവിമലം
മിഴങ്ങുന്നൂമിത്രൻതിമിരതതിയെപ്പക്ഷിനിനദം
കുഴങ്ങുന്നൂകേൾപ്പാൻവിടപതികളുംമൽചെവികളും
ഇതുമാത്രവുമല്ല ... ... ... ... ...
ഇളംകാർവണ്ടിൻഝംകൃതികളിതകേൾക്കുന്നകുളിരോ-
ടിളംകാററുംവീശുന്നിതുപുനരതല്ലിപ്പൊഴുതഹോ!
വളംകാമന്നേകുംവരമൊഴികൾസപ്തസ്വരമതാ-
ക്കളങ്കംകൂടാതിന്നിതപൊടിപൊടിക്കുന്നുസരസം 59
ഇതുമാത്രവുമല്ല ... ... ... ... ...
രാവാകുംരമണിക്കുപായമതുവ-
ന്നപ്പോൾസഹിക്കാഞ്ഞുടൻ
ചാവാനോചരമാബ്ധിയിൽപുലകുളി-
പ്പാനോപുറപ്പെട്ടഹോ!
ഈവിഖ്യാതനതായിടുംഹിമകരൻ
കഷ്ടം!നിറംകെട്ടതി-
ബ്ഭാവിക്കുന്നവതെന്നുസംശയമെനി-
ക്കിന്നേരമിന്നേറയും. 60
ഇതുമാത്രവുമല്ല ... ... ... ... ...
ഏറെക്കൌതുകമുള്ളോരേണമിഴിയാൾ
താംബൂലഗർഭാസ്യയായ്
കാറൊക്കുംകുഴൽപിമ്പുറത്തഴകിലി-
ട്ടമ്പോടെഴുംപോലവേ
പാരംബാലദിനേശഗർഭമുഖിയായ്
ശ്ശോണാധരത്തോട്ടനൽ

സ്വൈരംപ്രാചിവിളങ്ങിടുന്നതിമിര-
ക്കൂട്ടങ്ങൾകാട്ടാതഹോ! 61

ഇതുതന്നെയുമല്ല ... ... ... ...
ദിക്കല്യസ്ത്രീകളെട്ടിന്റെയുമിരുൾവസനം
തൻകരംകൊണ്ടഴിച്ചു-
ങ്ങൊക്കെപ്രത്യക്ഷമാക്കിശ്ശിശിരമയജല
സ്വേദവുംമാച്ചുമന്ദം
ത്തൊക്കെവെയ്ക്കുന്നുഭാസ്വാൻവിടനതുസഹിയാ
ഞ്ഞബ്ജിനിപ്പെണ്ണവാവി-
ട്ടിക്കാലംഭൃംഗസംഘാരവനിലവിളിക്കു-
ട്ടുന്നുകൂട്ടൊന്നുമെന്യേ.

ഇതുമാത്രവുമല്ല ... ... ... ...
ത്രാണിപ്പെട്ടോരുതണ്ടാർശരവിരുതിലണി-
പ്പൊട്ടലിഞ്ഞുംകിഴിഞ്ഞും
വേണിക്കെട്ടൊട്ടഴിഞ്ഞുംകുളുർമുലകളുല
ഞ്ഞൊന്നുചാഞ്ഞുംകുഴഞ്ഞും
ക്ഷീണപ്പെട്ടേവമിന്നീരവികരമണയും
ശ്രാന്തയിൽസ്വാന്തമോദാൽ
വാണിക്കുട്ടിക്കരംഗാക്ഷികളിളവെയിൽകൊ-
ള്ളുന്നുകൊള്ളാമിതേററം. 63
വല്ലാതിങ്ങുവെളുത്തുനേരമതിനി-
സ്സ്നാനാദികർമ്മങ്ങളി-
ങ്ങെല്ലാംചെയ്യോരുമോടികൂട്ടിമടവാർ
വീടായവീടാകവേ

ഉല്ലാസത്തൊടണഞ്ഞിണങ്ങിയവരെ–
പ്പിട്ടിൽപകട്ടിപ്പരം
സല്ലാപിച്ചരസിച്ചമീപ്പകൽകഴി–
യ്ക്കുന്നേൻപകയ്ക്കാതെഞാൻ. 64

ഇത്രമാത്രമതല്ല............
മാനമുള്ളതിനെമാനമാക്കിയും
മേനിയുള്ളതിനെമേനികേററിയും
ജ്ഞാനമുള്ളതിനെവിദ്യകൊണ്ടുമീ
ഞാനുമുള്ളമതിണക്കിവെയ്ക്കുവാൻ. 65
കളവുള്ളതിനെശ്ശുദ്ധംകളവായിട്ടുമങ്ങിനെ
കളിയല്ലവശത്താക്കിക്കളിയാടുവനിന്നുഞാൻ. 66
ഇത്യാദിതന്നുടെമനസ്സിലുറച്ചുനിത്യ–
കൃത്യാശനാദികൾകഴിച്ചുഥമോടികൂട്ടി
അത്യാദരാൽനിജമഹാവടിവൊന്നുനോക്കി
പ്രീത്യാവിടേന്ദ്രനുടനിങ്ങിനെപാത്തുപാരം. 67
ജോട്ടംജ്യോതിസ്സുകൂട്ടുന്നരുണമണിലസ–
ന്മോതിരശ്രേണിവൈര–
ജ്ജോടംനൽപൂണനൂലുംതൊടുകുറികുറിമ–
ണ്ടുംലസൽപാവുമുണ്ടും
കൂട്ടംകാർകൂപ്പുമിന്നീക്കുടുമയുമിവക–
ണ്ടെത്തുകിൽതോററുതുന്നം–
പാടംപങ്കേരുഹാസ്യൻതിരുവടിയുമിതെൻ
ധാടിവന്മോടിതന്നെ. 68
ഇത്രമാത്രമതല്ല............

പൊന്നിൻതുടലതിൽകോർത്തു മിന്നുംപൊൻഘടികാര
കന്നുകയ്യിലിരിയ്ക്കട്ടെ നന്നുനേരമറിഞ്ഞിടാൻ. (വൃം

ഇത്രമാത്രമതല്ല... ...

വീരശൃംഖലതന്നാണിയൂരിയൊന്നിഹപോകയാൽ
ചേരുകില്ലതെടുക്കേണ്ടാ പോരുമിന്നിവകൊണ്ടഹോ!

രതാർത്ഥമെൻമോടികളൊക്കെയായ്നൽ
കൃതാർത്ഥനായ്ഞാനിനിയെന്തുവേണ്ടൂ?
നിതാന്തമേവംനിരുപിച്ചുകാമ-
മദാന്ധനായ്നിന്നവനൊന്നുപാർത്താൻ. 71

അയ്യട! ഞാനൊരുകാര്യം
കയ്യേററിട്ടുണ്ടൊരാളൊടതുപോലെ
ഇയ്യിടെയതിനൊരുയത്നം
ചെയ്യാനയ്യോ! മറന്നുബഹുകഷ്ടം! 72

മമതയ്ക്കേററതാണിന്നീ ഭ്രമളിച്ചതുഞാനഹോ
കബളിച്ചാലതുംശുദ്ധ മമളിത്തരമായ്വരും. 73

തീറാണിതെന്നൊടുപറഞ്ഞതുവല്ലൊരേഭ്യ-
ന്മാരാണതെങ്കിലിളകില്ലിഹഞാനിവൻെറ
കൂറാണപാരമതുതന്നെയുമല്ലചൊന്ന-
താരാണതെന്നുകരളിൽകരുതേണമല്ലോ. 74

ശൃംഗാരയോനിയേക്കാളും ശൃംഗാരമിയലുന്നവൻ
ശൃംഗാരകളഭൻചൊന്ന ശൃംഗാരകഥയാണിത്. 75

ഇതുപോലിനിവേറിട്ടു മതിചേർന്നമഹീതലേ
അതിബന്ധുനമുക്കില്ലിന്നതിനാലിതിനോക്കണം 76

എന്തോഴനെന്തിനുവിഷാദമൊടെന്നെമാനി-
ച്ചെന്തോളിലമ്പിലൊരുകയ്യതുവെച്ചൊരുന്നാൾ
എന്തൊക്കെയാണുടനുരച്ചതുതോന്നിയില്ലി-
തെന്തിക്കണക്കിൽമറവായതു? തോന്നിതോന്നി. 77

ആനന്ദവല്ലിയെക്കാണ്മാൻ ഞാനിന്നാളൊന്നുപോക
മാനിൻനേർമിഴിമല്ലാന്ത മാനംനേടുന്നു മത്സഖേ (യാൽ
പൊടിക്കുന്നുപൊന്താർവിശിഖശരതാപംമനസിതീ-
പ്പിടിക്കുന്നുപിച്ചല്ലറികമമ ശൃംഗാരലഹരി
നടിക്കുന്നുപാരംപ്രണയകലഹംകഷ്ടമതിനാൽ
മടിക്കുന്നെന്തിന്നെൻതടവതറിവാൻപോകയിഭവാൻ.

അറിഞ്ഞതില്ലെന്നുനടിച്ചിണങ്ങീ-
ട്ടറിഞ്ഞതില്ലെങ്കിൽനമുക്കമെച്ചം
പറഞ്ഞപോലുണ്ടതികോപമെങ്കിൽ
പറഞ്ഞുതാനിന്നിതുമാററിടേണം. 80

അല്ലാതന്യനൊരാലംബമില്ലാതായിതിനാരുമേ
കല്യൻതാനിതുതീർത്തെന്നാൽ കല്യാണംവന്നിടുംതവ.

മിണ്ടാറില്ലിഹമീനനേർമിഴിയതി-
ഞ്ഞെന്നോടുകേളിയ്ക്കിടെ
കണ്ടാൽകണ്ടുവതെന്നനാട്യവുമവൾ-
ക്കില്ലൊന്നുതെല്ലൊന്നഹോ!
ഉണ്ടായീലിതിനെന്തുകാരണമതെ-
ന്നിന്നൊന്നുമജ്ഞന്നുപോയ്
കണ്ടാക്കാമിനിതൻകടുത്തകലഹം
വാക്കാലെതീർക്കേണമേ. 82

ക്ഷോണീസ്വരോത്തമ! ഭവാനൊരു ലക്ഷ്യമെന്തി-
യ്യേണീകിശോരമിഴി തൻമനതാർ മറിപ്പാൻ
വാണീവിലാസമിടതിങ്ങിവിളങ്ങുമങ്ങു
വാണീവിലാസമണിമംഗളരംഗമല്ലേ? 83

വിധുനന്ദനനൊത്തൊരു വിധുനന്ദന! ഹേ! ഭവാൻ
വിധുനേർമുഖിയെക്കണ്ടീ വിധുരതാപമകത്തണം. 84

ചോദ്യത്തിനുണ്ടൊരധികാരമിതിന്നുതാനാ-
ണാദ്യത്തെനാളതിലെനിക്കുമവൾക്കുമോത്താൽ
വാദ്ധ്യാനതായ്ക്രിയനടത്തിയതെന്നപോലി-
ന്നാദ്ധ്യാനമൊന്നിഹനടിച്ചുനടക്കവെയ്ക്കും 85

ശൃംഗാരമിയലുന്നോരീ ശൃംഗാരകളഭദ്വിജൻ
അംഗജാത്ത്യാമരിച്ചീടാതങ്ങു കാത്തീടണം ക്ഷണം 86

തെററനുവേറെയൊരുതേന്മൊഴിയെപ്പുണന്ന
തെററില്ലെനിക്കിതകതാരിലസൂയയാലേ
ചുററിക്കുവാൻ ചിതമൊടേഷണികൊണ്ടൊരുത്തൻ
പാററിച്ചുവിട്ടപണിയാണിതു പാർക്കിലിപ്പോൾ 87

തവമാനസതാരിലോക്ക! ഞാൻ ചൊ-
ന്നവ, മാനം കലരുന്നമാന്യകീർത്തേ!
അവൾമാനമഴിഞ്ഞിടാക്കിൽ ഞാനീ-
യവമാനത്തൊടിരിക്കയില്ലരക്കാം. 88

ആശക്കു ചേരുന്നവരെയൊക്കെ നൽകി
ക്ലേശിക്കുവാനെന്തിനു പോയിടുന്നു?
വാശിക്കവർക്കില്ലൊരിളക്കമെന്നാൽ
കാശിക്കുപോകുന്നിതു ഞാനുമിപ്പോൾ. 89

അംബുജാക്ഷീജനത്തിന്നൊ രംബുജായുധനാംസഖേ!
നമ്മോത്സുകയല്ലിന്നീ ബ്രഹ്മനാണിതുസത്യമാം. 90
ഏവംമഹാചപലവാക്കുകളെന്നൊടാക്ഷ്മാ-
ദേവൻമഹാമതിപറഞ്ഞതുപാൎത്തുകണ്ടാൽ
പൂവമ്പനുള്ളബലമല്പമതല്ലതോൎത്തി-
നാവമ്പനമ്പിലഹമമ്പതുകമ്പിടുന്നേൻ. 91
വിധുനന്ദനനമ്പോടീ വിധമോൎത്തവനോടുടൻ
മധുരാനനനായേവം മധുരോക്തികളോതിനാൻ. 92
കണക്കിലാക്കാംകളവാണിമാർതൻ
പിണക്കമെന്താണൊരുസാരമുണ്ടോ?
ഇണക്കമായ്നിങ്ങളെയിന്നുകൂട്ടി-
പ്പിണക്കുവൻഞാൻപിടയാൎക്കതെല്ലും. 93
ഭീരുക്കളെന്നതുകണക്കിലിതെന്തുവീരൻ
ധീരൻഭവാനവിരതംവ്യസനിച്ചിടുന്നു
സാരംഗശാബമിഴിയോടിടചേൎന്നിടാമി-
ബ്ഭാരങ്ങളെൻതലയിലേററവുമേററുഞാനും. 94
നവനീതാംഗിമാർകോപിച്ചവർനീരസമാകിലോ
അവനെന്തിനിരിക്കുന്നതവനിയ്ക്കൊരുനോക്കിനോ? 95
മിടുക്കിതോരോവിധമോതിയോതി-
ക്കടുക്കുമാക്ഷ്മാസുരനുള്ളദുഃഖം
പൊടുക്കനെപ്പോക്കിയയച്ചുകാൎയ്യം
നടക്കുമോത്രപമതില്ലതെല്ലും. 96
പരുഷതമൊഴിയാൾക്കീവിപ്രനിൽക്ഷിപ്രമേറും
പരിഭവമതുപോക്കാൻവയ്യെന്നിയ്ക്കെന്നതാമോ?

പുരുതരപുരയൊന്നായ്ത്തന്നെമന്ദംമിഴങ്ങും
പുരുഷനൊരുകവാടംപപ്പടംപോലെയല്ലോ. 97

രണ്ടെങ്കിലുംപരമിതിന്നുചുഴിഞ്ഞുലാക്ക
കണ്ടെങ്കിലുള്ളചിലസൂത്രമെടുത്തുനോക്കാം
പണ്ടെങ്കലുള്ളരസമിന്നുമവൾക്കുതെല്ലൊ-
ന്നുണ്ടെങ്കിലൊക്കയുമതിങ്ങുജയിച്ചകാൎയ്യം. 98

ക്ഷമാശീലൻകല്യാൺഘനമുടയശൃംഗാരകളഭ-
ക്ഷമാദേവപ്രൌഢാന്നപയലസിതശൃംഗാരതിലകൻ
മമാധാരംമാന്യൻമമതയൊടുമേല്പിച്ചതിനിനി-
സ്സമാധാനംചെയ്യാതമരുകചിതംപോരന്നിയതം. 99

ബന്ധുത്വമോൎത്തധികമേറെറാരുകാൎയ്യമാണി-
ങ്ങന്ധത്വമോടിവിടെനില്ക്കുകിലൊക്കകില്ല
എന്താണെന്നിയ്ക്കിതിനുഗണ്യമൊരല്പകാൎയ്യ-
മെന്തെങ്കിലുംപുനരതിന്നുപുറപ്പെടുന്നേൻ. 100

ലാക്കിലേവമുറച്ചങ്ങു യോഗ്യനാംവിധുനന്ദനൻ
ധീക്കോടൊന്നുനടന്നഗ്രേ നോക്കിനിന്നോൎത്തുസാദരം.

മിന്നുംമാററുള്ളകണ്ണാടികളുടയകവാ-
ടങ്ങളോടുംവിളങ്ങി-
സ്സന്നംമാനത്തുമുട്ടുംപടിവടിവുപടി-
ഞ്ഞമ്പിലെൻമുമ്പിലേററം
പൊന്നിൻമാടൊത്തപൊന്മേടകൾപുതുമയൊടി
ക്കണ്ണുതിണ്ണുന്നതത്തി-
ച്ചിന്നുംമാറെണ്ണമില്ലാതുടനിരുവരിയാ-
യുണ്ടിതാകണ്ടിടുന്നു. 102

വീണാവേണുമൃദംഗതിത്തികൾമുഴ-
ങ്ങീടുന്നഘോഷങ്ങളും
വീണാവാണികൾതൻചിലമ്പുകൾപുല
മ്പീടുന്നശബ്ദങ്ങളും
ക്ഷീണായാസമുടൻകളിക്കിളികളാ-
ക്കൊഞ്ചുന്നനാമങ്ങളും
ചേണാൎന്നിങ്ങിനെവേശവീഥികളിതിൽ
കേൾക്കുന്നുകേട്ടെന്നിയേ. 103

ഊറുംചെങ്കുങ്കുമശ്രീസുരഭികളഭനി-
സ്തുല്യകസ്തൂരിമിശ്രാ-
ച്ചാറുംചെന്താരുമിന്നങ്ങണിയുമബലമാർ
ഗന്ധമാൎഗ്ഗന്ധവാഹൻ
ഏറുംമോദത്തോടേറങ്ങിനെവിലസിവരു-
ന്നുണ്ടതല്ലാവിടന്മാർ
നീറുംചിത്തത്തൊടുംപെൺതെരുവിലിതനട-
ക്കുന്നതെക്കുംവടക്കും. 104

തണ്ടാർബാണന്നുധാടിപ്പുതുമയൊടെഴുനെ-
ള്ളീട്ടുവാൻമെച്ചമായി-
ട്ടുണ്ടാക്കീട്ടുള്ളദിക്കാണിതുസിതമണലി-
ട്ടെത്രയുംവൃത്തിയാക്കി
തണ്ടാർതക്കത്തിലിട്ടങ്ങിനെവിലസിടുമാ-
ച്ചന്തമിക്കെന്തുചൊല്ലാം
കണ്ടാലാശ്ചൎയ്യമാശ്ചൎയ്യമൊരതിഗുണമാ-
ത്തേശ്ശുമീവേശവാടം. 105

ആറീടുംക്ലേശമോടങ്ങലർവിശിഖനതാം
    മുക്കവൻകാമഭ്രമാ-
വേറീടുംവേശവാടപ്പുഴയിതിലധുനാ
    പൂക്കടൻതക്കമോടേ
മാറീടാതങ്ങുമാഞ്ചമ്മിഴിമിഴിവലയി-
    ട്ടിന്നുപെട്ടന്നുമാർഗ്ഗേ
മാറീടുംമർത്ത്യമത്സപ്രകരമിതപി-
    ടിക്കുന്നുചിത്രംവിചിത്രം. 106

സർഗ്ഗത്തിൽസാരമേറുംസരസതരസരോ-
    ജാക്ഷിമാർമൌലിമാർതൻ-
വർഗ്ഗത്തിൻവാസമാമിത്തെരുവതിനിയലും
    മോടികണ്ടീടിലേററം
സ്വർഗ്ഗത്തിൻമേനിയെല്ലാമിതുപൊഴുതുടനേ
    വെച്ചുകെട്ടുംവിശേഷാൽ
ഭർഗ്ഗത്തീക്കണ്ണിൽവെന്തീടിനമദനനുമു-
    ണ്ടാകുമീലോകചിത്തേ. 107

ലാക്കിലേവംവിചാരിച്ചു ... ... ... ...

ചന്തത്തിൽചാച്ചുകെട്ടീടിനപുരികുഴൽകെ-
    ട്ടൊട്ടഴിഞ്ഞാത്തുളുമ്പും
പന്തൊക്കുംകൊങ്കമൂടിപ്പുരിചിനൊടുമുറു-
    ക്കിച്ചുവപ്പിച്ചുകൊണ്ട്
ചിന്തുംപാടിച്ചിരിച്ചൊന്നവെളുസമതാ-
    യിട്ടുടുത്തൊട്ടുടുത്തി-

ട്ടന്തമ്മോദംകലൎന്നിങ്ങൊരുവലിതവരു
ന്നുണ്ടുവേണ്ടില്ലകൊള്ളാം. 108

(നല്ലവണ്ണം നോക്കീട്ട്)

ചിത്രംശൃംഗാരലഹരിയ്ക്കത്രയുംസഖിയായിടും
ചിത്രരൂപിണിയാകുന്ന ചിത്രമാലയതാണിതു. 109

വരാംഗിരിയ്ക്കൊത്തകുചംകുലുക്കി-
പ്പതുങ്ങിടാതെന്നുടെനേരെയിപ്പോൾ
സുരാംഗനയ്ക്കൊത്തൊരുസുഭ്രുവാമീ-
വരാംഗിയാൾവന്നണയുന്നുമന്ദം. 110

വിരവോടവളെക്കണ്ടുവിരുതൻവിധുനന്ദനൻ (നാൻ
പെരികെക്കൌതുകത്തോടൊന്നരികിൽചെന്നുചൊല്ലി

അല്ലല്ലായെവിടുന്നിതെന്തുകഥയാ
ണാശ്ചര്യമെങ്ങുന്നുനീ
യുല്ലാസത്തൊടുവന്നിടുന്നതുകുളി-
ച്ചില്ലേകുരംഗേക്ഷണേ!
കല്യാണാംഗി!കടുപ്പമെത്രദിനമാ-
യാഹന്ത!കണ്ടിട്ടതെ-
ന്തെല്ലാമാണുവിശേഷമെൻറസുമുഖി-
ത്തയ്യേ!സുഖംതന്നെയോ? 112

പ്രിയംപാരംകൂടാതിഹപറകശൃംഗാരലഹരി! (പമേ
പ്രിയൻപാൎക്കുംസാക്ഷാൽനിലയമതിൽനിന്നോനിരു
കയല്ക്കണ്ണാളാമായോരവൾപുരിയിൽനിന്നോജനമനം
മയക്കിക്കൊണ്ടിന്നീവരവതുവരാംഗീവരമണേ! 113

അതോലവതിനിൻെറനൽപുരമതിങ്കൽനിന്നോതന്നി
ച്ചതോതവവരൻെറമന്ദിരമതിങ്കൽനിന്നെന്നതൊ
അതോകമലഗന്ധനാംകപടകാന്തഗേഹത്തിൽനി-
ന്നതോവരവിതിപ്പൊഴെൻവരഗുണോദയേ! ചൊല്ലുയേ
"എഴുന്നീടുംമോദാലടിയനിഹശൃംഗാരലഹരി-
ക്കെഴുന്നീടുന്നോമത്സദനമതിൽനിന്നാണയിവിഭോ
എഴുന്നേററിന്നേരംവിരവിൽവിടകൊള്ളുന്നതുഭവാ-
നെഴുന്നെള്ളുന്നെങ്ങോട്ടരുളുകരസംപൂർണ്ണരഭസം 115

ഇല്ലിപ്പാരിൽവിശേഷമൊന്നുമിവിടെ-
ക്കാണാഴ്കയാൽമാത്രമി-
ങ്ങില്ലിപ്പോൾസുഖമോക്കിലീയടിയനെ-
ന്നല്ലാതെയില്ലൊന്നുമേ
നല്ലപ്പോൾനലമോടുമീവഴിയതിൽ
കാലത്തുടൻകാൺകയാൽ
തെല്ലുൾപ്പൂവുകളിത്തുകണ്ണിണതണു-
ത്തെന്നൊന്നുണത്തുന്നുഞാൻ 116

ത്രസിച്ചീടുംപാത്താൽതിരുതകൃതിശൃംഗാരകളഭൻ
ഖസിച്ചീടുംഗേഹേവിരവിൽവിടകൊള്ളില്ലടിയനും
ഹസിച്ചീടൊല്ലിപ്പോൾവഴികളതുണത്താംതിരുമനം
രസിച്ചീടുംകേട്ടാൽകശപിശകുറച്ചോശിവശിവ! 117

കുറവൊട്ടല്ലവനിന്നീ
ത്തെരുവൊട്ടുക്കോടിടുന്നുപകലിരവും
അറിവൊട്ടുംനഹിശുദ്ധം
പുറവട്ടാണോത്തുകാൺകധൂത്തനവൻ 118

പിടിയാത്തോരവനിപ്പോ-
ളടിയത്തിൻനേരെയുണ്ടുബദ്ധവൈരം
അടിയനതാണവനുള്ളാ-
പ്പടികയറില്ലെന്നുചൊന്നതിതുനേരം 119
കഥയില്ലാത്തവനുടെയാ-
ക്കഥയോരോന്നെന്തിനിപ്പൊളടിയനഹോ
കഥനംചെയ്യുത്തുമിന്നാ-
ക്കഥയിന്നിക്കാണുമപ്പൊളറിയിക്കാം." 120

ഈവിധംപറയുന്നോനീ കേവലംപരമപ്രിയേ!
സാവധാനത്തിലങ്ങേററംസേവനാമെന്നൊടിന്നഹോ

പരമരസജ്ഞേ!ബന്ധു
പ്പരിഷയിലൊന്നാമനാകുമെന്നോട്
പറയുകതെററില്ലെന്നെ-
പ്പരിചിനൊടില്ലേനിനക്കുവിശ്വാസം? 122
ക്കട്ടേററമൂടതറിവാനിനിയൊന്നുചോദി-
ച്ചൂട്ടേകലേശമുഖി!ലേശവുമീഷലെന്യേ
വിട്ടേറുമായവനുമിപ്പികവാണിയാളും
കഷ്ടേ!കലമ്പുവതിനന്ധനതെന്തുചെയ്യു? 123
കരുട്ടുള്ളാക്കള്ളൻഘ്രണമുടയശൃംഗാരലഹരി-
ച്ചുനിഷ്ടംകൂടാതിപ്പൊഴുതുമവിടെച്ചെന്നൊരുവിധം
അനുഷ്ഠിക്കുന്നുണ്ടോസകലവുമതോപൊങ്ങിയവനി-
ക്കനിഷ്ഠന്മാരേപ്പോലശനമതുതെണ്ടിത്തിരികയോ 124
വൃത്രാന്തകണ്ഠീരവഗാമിനിസുഭ്രുസൂക്ഷ്മ
വൃത്താന്തമൊക്കെയുമതിനുകളങ്കമെന്യേ

ശുദ്ധാന്തരംഗമൊടുചൊല്ലുകനിൻറനല്ല
സിദ്ധാന്തമൊന്നഴകിൽഞാനുമറിഞ്ഞിടട്ടേ 125
വിശ്വത്തിലേറെവിളികൊണ്ടഭവാനൊടൊത്ത
വിശ്വസ്തരില്ലടിയനിന്നലർബാണമൂർത്തേ!
വിശ്വംഭരാവിബുധ!ഹേ!വിധുനന്ദ!ശ്രീ
വിശ്വംഭരാംഘ്രിയുഗമാണിതുസത്യമത്രേ. 126
കലശൽഭവാനൊടിതുള്ളിൽ
കലവറവെച്ചോതുമെങ്കിലതുപിന്നെ
നലമൊടെനിക്കെന്നോതാ-
നലകതിലോർത്താലൊരുത്തനെവനുള്ളൂ? 127
വിണ്ണോർനാഥൻവിളങ്ങുംപുരിയിൽവിലസുമാ-
 പ്പൊൻനിറംചേർന്നിടുന്നോ-
രണ്ണാജശ്രീമഹാപത്മിനിയെവിരവിൽവി-
 ട്ടിന്നുപോയ്ചെന്നൊരന്നം
തിണ്ണംതീരെത്തെഴുംജാതിയൊടുടനണയും
 വണ്ണമാനന്ദവല്ലി-
പ്പെണ്ണിൻപൂമേനിപുൽകുന്നിതുപുനരിവളെ-
 ഢിക്കരിച്ചാക്ഷരങ്ങൻ 228
എന്നല്ലേററവുമിന്നവൾക്കമൂഷിയും
 മാറൊന്നുമാറാതെക-
ണ്ടോന്നല്ലേറിയഭൂഷണങ്ങൾവഴിയിൽ
 കണ്ടോർകളോടൊക്കെയും
മന്ദംലേശമിളച്ചിടാതിഹവിളി-
 ച്ചോതുന്നുഞാൻചെന്നുടൻ

നന്നല്ലേഷണിയെങ്കിലുംസഖിയൊടീ—
ജ്ജാതിത്തമോതീടിനേൻ 129
കാൎയ്യംചെന്നങ്ങുണൎത്തീകമലമുഖിസഖി–
യ്യോട്ടുബോദ്ധ്യംവരുത്തീ–
വൈരത്തീയൊന്നുകത്തീവരമൊഴിയവനെ
ത്തൽക്ഷണംതാനകത്തീ
ക്രൂരന്നുള്ളൊന്നുകത്തീകുറവിതുചിലരീ–
പ്പാരിലൊക്കെപ്പരത്തീ
പാരാതേവംപെട്ടത്തീപണികളിതവിടെ
സ്ഥാനിയാംഞാനൊരുത്തീ. 130
ചപലനവൻചതിയൊടുന–
ല്ലപകടമധികംകടന്നുകാണിച്ചു
സപദിയറിഞ്ഞവളവനെ
ക്കുപിതയതായ്ക്കുസൽവിട്ടുകൈവിട്ടു. 131
എന്നേജനശ്രുതിയതുള്ളുനിനച്ചുകണ്ടീ–
ട്ടന്നേരമീയടിയനാണതിനുള്ളമൂലം
ഇന്നേവനോട്ടമിതുമിണ്ടരുതേഭവാനോ–
ടെന്നേവമോതിടുകവേണ്ടറിയാമതല്ലോ. 132
ആരോമല്ലുളവാണിയാളൊടിതുചെ–
ന്നൊക്കെക്കൊളുത്തിപ്പിണ–
ച്ചീരോഷത്തിനുഹേതുവാക്കിയതിതെ–
ന്നോൎക്കുന്നുമൂൎഖൻപരം
നേരോൎത്താലതുസത്യമാണുപുറമേ
ഭംഗിയ്ക്കുഭംഗംവരാ–

ആരോയെന്നൊരുനാട്യമോടടിയനും
പാൎക്കുന്നുഭാഗ്യാംബുധേ’. 138

ഈവിധം പറയുന്നോ നീ * * * *

തന്വിമാൎക്കൊരുതാർബാണസന്നിഭൻവിധുനന്ദനൻ
മന്ദമൊന്നുവിചാരിച്ചീടുന്നുചിത്തത്തിലിത്തരം. 134

ഏറ്റത്തമേറുമിവളുക്കഥയേച്ചുകെട്ടി-
ക്കുട്ടിക്കുനൂറ്റുപറയുന്നതുനിൎത്തിടാതേ
കേട്ടേറ്റവുംബത!മുഷിഞ്ഞിതുവല്ലപാട്ട-
മാൎത്തേനമുക്കിവകൾകൊണ്ടൊരുകോട്ടമുണ്ടോ 135

അമ്പമ്പോ!കരുനാട്യവുംചിരിയുമാ-
ക്കള്ളക്കടാക്ഷങ്ങളും
കമ്പംപോയൊരുകള്ളവാക്കുമിവൾതൻ
വൃമേനിയുംമേനിയും
കുംഭംപോലഴകുള്ളകൊങ്കകൾമറ-
ച്ചീനിൽപ്പൂമോൎത്താൽമന-
സ്സുമ്പുംഭോഷനുതിട്ടമാണൊരുകള്ളു-
മ്പോപാൎക്കിലമ്പോപരം! 136

ഭള്ളിത്തിരിസ്സുകുറയാത്തൊരുഭാവവുംത-
ന്നുള്ളത്തിലാളുമൊരസൂയയുമുണ്ടിവൾക്കു
കള്ളത്തിരിപ്പുമൊരുമട്ടിലതൊക്കെയുണ്ടു
കള്ളത്തിയാടവിടേണ്ടവിടേണമിപ്പോൾ
മഹാകേമൻമാന്യൻമഹിതമതിശൃംഗാരകളഭൻ
മഹീദേവൻമാരപ്രതിമനെവിടെപ്പെണ്ണിതെവിടേ?

അഹോരാത്രം ചെന്നിവികൃതിയതിടംകോലിടുമതി-
ന്നാഃഹാ ചോദിയ്ക്കും ഞായിവളൊട്ടുതരംപോലെപകരം
പൊട്ടിയ്ക്കാംഭോഷ്കുടൻബുദ്ധിമുട്ടിയ്ക്കാംചിത്രമാലയെ
മട്ടിയ്ക്കാംശുദ്ധമായ്ചെണ്ടകൊട്ടിക്കാംകോട്ടമെന്നിയേ.
വിധമുള്ളവിടോഢൃശ്രീഃഷിധ്യ്വായ്വിളങ്ങിടും

വിധുനന്ദനനമ്പോടിവിധഃമാത്തനുമോഹനൻ.

ബാലേന്ദുശ്രീസുഹാലേ! ബതവലയിലക-
പ്പെട്ടമീനെന്നപോലെ
മാലേറിഭ്രാന്തിയാലേമറിയണമവനി-
നുത്തമാമുത്തുമാലേ!
കാലേകഷ്ടംസുശീലേ! കഴിവതിനുവരു-
ത്താഞ്ഞതങ്ങെന്തിനാലേ
ചാലേനീചൊല്ക ബാലേ! ചതികളിതുമഹാ
ചിത്രമെൻ ചിത്രമാലേ! 141

കള്ളംകലരുന്നൊരവനിങ്ങിനെപെട്ടതൊട്ടു
കൊള്ളാംകുരംഗമിഴിനിൻചരിത്രംവിചിത്രം
ഉള്ളംകുളുർത്തുടനിതോർക്കുന്നമൂപ്പതിന്നാൽ
വെള്ളംകുടിയ്ക്കുമതിനന്യനൊരല്പലുണ്ടോ?
'ചിടവര! വിപുലശ്രീതിങ്ങിവിങ്ങുന്നൊരങ്ങോ-
ട്ടടിലനുടയക്കൂറാമെന്നുതോന്നീട്ടതല്ല
അടിയനധികമിന്നെന്നാലുമീവാക്കുകൊണ്ടി-
ട്ടുടനൊരുശുദ്ധമായെൻപക്ഷമെന്നിക്ഷണാന്തേ'
ഈവിധംപറയുന്നോനീ * * * തന്നപിമാക്കൊരു * * *

സുകൃതിസുഭഗനേററംസൂരിയാമാഢ്യദ്വിജേന്ദ്രൻ
വികൃതിവഷളനെന്നുംകഷ്ടമീച്ചേട്ടതൻെറ
പ്രകൃതിമിനുസമെന്നുംപാൎക്കമോഞാൻകടപ്പം
തകൃതിതകൃതിതന്നേബോധമീസ്സാധുതൻെറ
വിധമുള്ള * * * *

നിൻെറപക്ഷമതുവിട്ടുഞാനവൻ
തൻെറപക്ഷമതൊരിക്കലാകുമോ
എൻെറബുദ്ധിമറിയില്ലിതീശ്വരൻ
തൻെറബുദ്ധിയിനിരൂപമില്ലഹോ! 145

“തെല്ലല്ലൊരൂററമതുകൊണ്ടവിടത്തിലിന്നി-
ച്ചെല്ലുന്നതിന്നൊരിടയാക്കരുതത്രയല്ല
അല്ലല്ലെടുന്നവിധമിട്ടിഹചക്കിചൊക്കി
ചൊല്ലിക്കണംതിരുമനസ്സതിനൂന്നിടേണം”
ഈവിധം * * * വിധമുള്ള * * *
കാൎയ്യംനിനയ്ക്കിൽശരിതന്നെനിൻെറ
ഗീരിന്നിനിക്കുംഏളിബോദ്ധ്യമത്രേ
ഏറുന്നതെല്ലൊന്നവിടത്തിലിന്നി-
ക്കേറുന്നതല്ലെന്നുവരുത്തിവെപ്പൻ. 157

ചിന്തിച്ചുംചിത്രമാലേ! ചിതമൊടുചെറുതേൻ
വാണിമാർമൌലിതന്നിൽ
ബന്ധിച്ചുംചിത്രമാലേ! ചിലവഴികളിതി-
ന്നൊക്കമാറൊക്കയുംഞാൻ
ചിന്തിച്ചുംചിരതമാലേത്തുമൊരളവതിന്നി-
ല്ലോൎക്കുന്നീയൊക്കെവെക്കം

സന്ധിയ്ക്കുംകൃത്യമാലേപനമിവകൾകഴി-
ച്ചാലുമിച്ഛാനുകൂലം. 148
ഇളവെലിതുകൊണ്ടിടേണ്ടവല്ലാ-
തിളമാൻകണ്ണി!തവാശനാദിയൊന്നും
കളവാണി!കഴിഞ്ഞിടാഞ്ഞെനിയ്ക്കും
കളിയല്ലേകരളിൽകനത്തദണ്ഡം. 149

'വിടകൊള്ളാനഹോവൈകിവിടകൊള്ളാമവസ്ഥകൾ
വിടകൊള്ളാമിനിപ്പന്ഥാവിടകൊള്ളാവധിക്കുവാൻ.'

ഈവിധം * * * തന്വിമാർക്കൊരു * * *

ഇത്രനേരമൊരുവസ്തുചൊല്ലിയി-
ല്ലിത്രനാട്ടുവഴിശുദ്ധമോതുവാൻ
അത്രനല്ലശരിയല്ലതെന്നിവൾ-
ക്കത്രതോന്നിയതുമിപ്പൊഴെന്തഹോ! 151

ആട്ടേകടന്നതിനുചോദ്യമിടേണ്ടവേഗം
പോട്ടേശവിശ്യോരുപരിഭ്രമമില്ലപോവാൻ
കോട്ടംവെടിഞ്ഞുകുതുകേനപറഞ്ഞയച്ചി-
ട്ടാട്ടേനമുക്കുമിഹപോവതിനാവതുണ്ടോ? 152

വിധമുള്ള * * * *

ചിത്രമാലേ!വധൂവംശചിത്രമാലേ!കുളിച്ചിനി
ചിത്രമാലേപനംചെയ്യിന്നിത്രമാലേറിടാതെനീ

'എന്നാലടിയൻപോട്ടേ
നിന്നാലൊക്കില്ലചെന്നുനനയട്ടേ
എന്നിലൊരിഷ്ടമതുള്ളതി-
ലെന്നുംസുമതേ!ഭവാനുകുറവരുതേ' 154

ഈവിധം * * * വിധമുള്ള * *

വൈകുന്നനേരമത്തുകൊണ്ടഹമിപ്പോഴെന്നാൽ
പോകുന്നുമൽസ്മരണയൊന്നിഹവേണമെന്നും
രാകേന്ദുരമ്യമുഖി! മേലിലഹോ! കണക്കി-
ലാകുംനിനക്കിനിയടുത്തിഹകണ്ടുകൊള്ളാം.

തന്നപിമാക്കൊരു * * *

ഈവാശിക്കിങ്ങുഞാൻപിൻബലമണയുമതെ-
　　ന്നോത്താരുത്സാഹമുൾക്കൊ-
ണ്ടീവേശ്യപ്പെണ്ണൊരേത്താപ്പൊടുപുരികുഴൽകെ
　　ട്ടൊട്ടഴിച്ചിട്ടുമന്ദം
കാൽവാശിക്കുംകുറെക്കാതൊരുകുസൃതിനിന-
　　ച്ചന്ധയായ് ചിന്തുപാടി-
ക്കൈവീശിപ്പോണുകൈവിട്ടൊരുകരിണികളി-
　　ച്ചിന്നുപോകുന്നപോലെ. 156

അളവില്ലാതണിറയിൽ-
ക്കളകളരണിതംകളായരുചിരുചിരൻ
കളമൊടുകേട്ടുനിനച്ചാൻ
കളമൊഴിമാർകണ്ണിലുണ്ണിവിടതിലകൻ. 157

പരംപയോരാശികടുംകൊടുങ്കാ-
റററംപെടുമ്പോൾപിടയുന്നപോലെ
തരിമ്പുഭേദംതടയാതെദൂര-
ത്തെരമ്പലൊന്നുണ്ടിതകേട്ടിടുന്നു. 158

(ചെവിയോത്തിട്ട്)

കടുംകൊടുങ്കാററതിനാൽസമുദ്രം

കിടന്നൊരമ്പുകലമ്പലല്ല
പടത്തിരക്കോയിതുശബ്ദമെന്തി-
ങ്ങടുത്തടുത്തങ്ങിനെകേട്ടിടുന്നു. 159
നിലിമ്പവരനിസ്തുലദ്വിരദകണ്ഠനിധ്വാനമോ
ജലംപെടുമൊരുൽകടോൽകടവലാഹനിർഘോഷമോ
ബലംപരമെഴുന്നകാററധികമൂത്തമാഘോഷമോ?
കലമ്പലതിതെന്തഹോകലശലൊട്ടതല്ലോർക്കിലോ
പാർത്തിട്ടിതൊന്നുമണയാവെടിയുംവെടുപ്പിൽ
പാർത്തട്ടഞ്ഞെട്ടുമൊരുകൂട്ടമിയന്നിടുന്നു
പാർത്തിട്ടിതൊന്നുമിഹകാണ്മതിനില്ലതെല്ലു
പാർത്തിട്ടിതിന്റെപരമാർത്ഥമറിഞ്ഞുപോണം 160

(നല്ലവണ്ണം നോക്കീട്ട്)

ഹേ!ഹേ!എന്തെന്തുകൂത്താണിതു ചെകിടടയും
വണ്ണമീവണ്ണമേററം
ഘാഘാരാവംമുഴക്കിപ്പുനരിഹപൊടിപൂ-
ളിച്ചുമേളിച്ചുകൊണ്ട്?
ഹോ!ഹോ!തിക്കിത്തിരക്കിത്തുരുതുരെവളരെ-
ഢ്ഢീക്കൊടാടാംകൂട്ടമയ്യോ!
ഹൂഷ്ഷൂയെന്നാർത്തടുക്കുന്നിതുകടൽപിടയും
മട്ടിലിന്നൊട്ടതല്ലേ! 162
തോക്കങ്ങളൊത്തുപിടിച്ചുതോലിപിണയാ-
തമ്പമ്പടാനോക്കിയാൽ
നോക്കെത്തുന്നൊരുദിക്കിലോളമവസാ-
നിസ്തുലാതണിക്കാരഹോ!

ഢീക്കത്ത്യന്തമിയന്നുകൊണ്ടണിനിര-
ന്നിപ്പോൾവരുന്നുണ്ടുചെ-
ന്തിക്കത്തുംവിധമിന്നതിൻനടുവിലെ-
ന്താണൊന്നുകാണുന്നതും? 163
ചന്തംചേൎന്നൊരുചന്ദ്രനങ്ങിനെശരൽ
കാലത്തുതാരങ്ങളിൽ
ചിന്തുംകാന്തികലൎന്നുദിച്ചുവിലസും
വണ്ണംവിളങ്ങിപ്പരം
ദന്തംവെച്ചൊരുദിവ്യമായകനക-
പ്പല്ലക്കതാണേകനു-
ണ്ടന്തൎമ്മോദമിയന്നകത്തതുപര-
ശ്രീകാമനോകാമനോ. 164
വാണീനിൎദ്ധൂതവാചസ്പതിരതിപതിസ-
ങ്കാശനെൻകാമശാസ്ത്ര-
ശ്രേണീസാരാൎത്ഥവേദ്യൻതുഹിനഗിരിസുതാ-
പാദപാഥോജഭക്തൻ
ക്ഷോണീഭാഗപ്രസിദ്ധൻമഹിതഗുണമഹാ-
രംഗമാംഭൂഗഭദ്ര-
ക്ഷോണീപാലേന്ദ്രനോയിന്നിതുശരിയവനാ
ണില്ലൊരാക്കില്ലൊരല്പം 165
തമ്പേറ്റുംതരമൊത്തകൊമ്പുകുഴൽവാ-
ങ്കാവല്ലകാളങ്ങളൊ-
ത്തമ്പോ! രമ്യമതാംപെരുമ്പറയടി-
പ്പിച്ചിന്നുപിച്ചെന്നിയേ

വമ്പോരോന്നുവളന്നുവൈരിവരരോ-
ടെത്തിത്തകത്തോറവും
വമ്പോരിന്നുവരുന്നിതോവടിവിനോ-
ടിത്തവ്വിലിത്തമ്പുരാൻ? 166

ത്തുണ്ണാത്തുണ്ണംതുരുപ്പിക്കതിരകളണിയാ-
യ്യാഞ്ഞുകേറുന്നധാത്രീ-
ഖണ്ഡംഖണ്ഡിച്ചുപൊങ്ങീടിനപൊടികളുടൻ
വിങ്ങിമങ്ങുന്നുമിത്രൻ
കുണ്ണംകണ്ണെന്നിതെല്ലാംഝടിതിപൊടിപെട്ടം
മാറുപെട്ടെന്നുപൊട്ടി-
ത്തിണ്ണംതിണ്ണംമുഴങ്ങുന്നിതുവെടികൾഗഭീര-
രങ്ങൾഭീരങ്കിയേററം. 167

ശൃംഗംശൃംഗാരവീണാമൃദ്ദമുരളിമൃദം-
ഗങ്ങൾനന്മംഗളശ്രീ
തിങ്ങുംതിത്തിപ്രയോഗംതിമിലതകിൽതര-
പ്പെട്ടതപ്പിൻതകപ്പും
ഭംഗ്യാനല്ലാണ്ടിവാദ്യപ്പടകളൊടിടചേ-
ന്നോരുനാഗസ്വരൌഘം
മംഗല്യസ്ത്രീജനത്തിൻകുരവകളിവഘോ-
ഷിച്ചുപോഷിച്ചിടുന്നു. 168

തങ്കത്താരണിതോരണസ്ഥലവിതാ-
നപ്രൌഢിസൽകൌതുകം
തങ്കുംവങ്കുലവാഴയെന്നിവകളാ-
യെത്തുന്നപൃത്ഥീന്ദ്രനെ

തങ്കപ്പൊന്മണിമേടതൻവളഭിയിൽ
    തിക്കിത്തിരക്കിക്കട-
ക്കൺകോണഞ്ചുകൊടുത്തുകഞ്ജമിഴിമാർ
    നോക്കുന്നുചിക്കെന്നഹോ! 169
തങ്കക്കോപ്പുകളഞ്ജനാദ്രികളണി-
    ഞ്ഞെത്തുംകണക്കുന്മദാ-
ഹങ്കാരംകലരുന്നവൻകരികളും
    വമ്പേറുമമ്പാരിയും
വെൺകററക്കടവേത്രധാരികൾമഹാ
    വെള്ളിത്തടിക്കാരരും
സംഘക്കാരുമിതാവരുന്നകുതുകം
    കോലുന്നുകോലാഹലം 170
വെട്ടന്നിപ്പാരുഞ്ഞെട്ടുംപടുഭടപടഹ-
    പ്രാഭവപ്രൌഢിമാനം
മുട്ടുംതങ്കങ്ങൾതങ്കുംകൊടിയകൊടികൊടി
    ക്കൂറക്കൂറല്ലനേകം
ചുററീടുന്നവെൺചാമരചിതമൊട്ടുനൽ
    ച്ചേലെഴുന്നാലവട്ടം
വട്ടംകൊള്ളാമിതെല്ലാംവരവിതുവളരെ-
    ഘോഷമാഘോഷമത്രേ. 171
തരിമണലതുപാരംതെള്ളിമേല്പട്ടെറിഞ്ഞാ-
ലൊരുതരിമണൽപോലുംതാഴെവീഴാത്തവണ്ണം
തെരുവിതിലിടതിങ്ങിത്തള്ളിയൊത്തിന്നുമർത്ത്യ-
പ്പരിഷകൾമലവെള്ളക്കുത്തുപോലെത്തിടുന്നു. 172

ചെല്ലക്കാരുംചെറുഞ്ചൊട്ടകളരിയൊരരി-
ക്കാരുമാക്രൂരരാകും
വില്ലക്കാരുംമിടക്കുടയൊരുമലയാം
ഗാട്ടകാർഗാട്ടകാരും
തെല്ലുക്കേറുന്നതേരാളികളൊട്ടുമിടചേ-
ൎന്നിങ്ങടക്കനുദന്ത-
പ്പല്ലക്കേറിപ്പുരസ്ത്രീതതിമതിലതികാ-
ഭൃംഗമാംഭൃംഗഭദ്രൻ
വിരവോടവനെക്കണ്ടുവിശ്രുതൻവിധുനന്ദനൻ
പെരികെകൌതുകത്തോടൊട്ടരികേചെന്നുകൂടിനാൻ
പാരംപ്രീതികലൎന്നുപാൎത്ഥിവവരൻ
കല്പിച്ചയച്ചിട്ടതി
നേരംസേവകനാകുമെന്നരികിലേ-
യ്ക്കോടിക്കിതച്ചങ്ങിനെ
കൂറുള്ളോരുകുമാരശേഖരനരി-
ക്കാരൻവരുന്നുണ്ടിതാ
കാൎയ്യംദുൎഘടമായികാരണമിതി-
ന്നെന്തോ?പരംതോററുഞാൻ
പൂവമ്പനൊക്കുംപുതുമോടിയുള്ളോ-
രീവമ്പനാകുന്നൊരുതമ്പുരാന്റെ
സേവയ്ക്കുനിയ്ക്കാത്തിരുമുമ്പിലേയ്ക്കു
പോവാതെപോവാനുമതില്ലധൈൎയ്യം 176
കേട്ടവെണ്ണങ്ങളെശ്ശട്ടം കെട്ടുവാനോൎത്തുവാനതോ.
പട്ടരെപ്പുരിചിൽചൊല്ലി വിട്ടതീവിഷ്ണുശേഖരൻ?

രതിപതിരസികശ്രീഭൂപനാനന്ദവല്ലി-
പ്പൃതുരതിതരമാക്കാനോതിയിട്ടുണ്ടൊരുന്നാൾ
അതിചപലതവേറിട്ടൊന്നുമീഭൃംഗഭദ്ര-
ക്ഷിതിപതിയരുൾചെയ്യില്ലിന്നിതാവാമിതാവാം

അസ്തുവല്ലത്തുമാകട്ടേ ശുദ്ധനാമിവനോടുഞാൻ
തതപമൊന്നുമറിഞ്ഞില്ലെന്നത്രനാട്യംനടിച്ചിടും 179

വിധമുള്ള ..........

അരിമപെടുമതിക്കാരക്ഷമേധാവിയാംതാ-
നരികിലതിജവത്താൽവന്നിടുന്നെന്തുകൊണ്ടോ?
വരികവരികനേരംവൈകിവന്നോരുസാരം
പറകപറകഭൂപൻചൊല്ലിവിട്ടോപകിട്ടോ! 180

"എന്താണതെന്നതൊരുവസ്തുമനസ്സിലായീ-
ലെന്താർശരോപമനതാംഗ്വിലസംഭവാനെ
എന്തെങ്കിലുംഝടിതികൊണ്ടുവരാനതെന്നെ-
ച്ചന്തംകലർന്നരുളിവിട്ടിതുവിഷ്ടപേന്ദ്രൻ" 181

ഈവിധംപറയുന്നോനീ............

ഇവനെക്കൊണ്ടുചെന്നീടാനവിടുന്നരുൾചെയ്തിതോ?
ശിവ!രാമ!നമുക്കെന്നാലവിടെപ്പോകപോക്കെടോ
വിരവോടവനോടൊത്തുവിരുതൻവിധുനന്ദനൻ
പെരികെക്കൗതുകാൽഭൂപന്നരികിൽച്ചെന്നുകൂടിനാൻ

ഹരിയോഹരിയെന്തൊരത്ഭുതംഭോ
ഹരിണാങ്കാനനിമത്സഖേഭവാൻറ

വരവിന്നെവിടുന്നതിത്രനാളും
കരൾനന്ദിച്ചെവിടത്തിലായിരുന്നു" 184

ഈവിധംപറയുന്നോണി ... വിധമുള്ള
ഇവിടെക്കൊട്ടുകൊണ്ടിപ്പോളിവിടുന്നരുൾചെയ്തത്
ലവലേശവുമിന്നെൻറചെവിയിൽച്ചേൎന്നില്ലഹോ.
"ചൊല്ലാൻചൂതശരവിഗ്രഹനമ്മൾതമ്മിൽ
ചൊല്ലുന്നതങ്ങുതിരിവാൻതെരുവിന്നിതിങ്കൽ
ചല്ലുക്കൾകൊട്ടുവെടിയെന്നിവതാൻപറഞ്ഞു
തെല്ലൊക്കെനിൎത്തുകപെരുത്തകലമ്പലിപ്പോൾ"

ഈവിധംപറയുന്നോന്നീ ... തന്നാളിമാക്കൊരു.

വഴിപോക്കനതായഞാൻപറഞ്ഞാൽ
വഴിപോലിപ്പടഹാദിവാദ്യഘോഷം
കഴവേറികൾനിൎത്തുമോനൃപൻതാ-
നഴകോടെന്നൊടുചൊന്നതെന്തുകൊണ്ടോ?
കല്പനാബലമതോൎക്കിലംഗഭൃ-
കല്പനായനൃപനല്പമല്ലഹോ!
കെല്പിനാരിവനൊടൊട്ടുടക്കുവാ-
നിപ്പോൾനാടിനൊരുനാഥനല്ലയോ?
കല്പനാബലമതൊന്നുകൊണ്ടുചെ-
റല്പനാകുമൊരുഞാനരക്ഷ്ണിലും
അപ്പൊഴിക്കലശലുള്ളതൊക്കെയൊ-
ന്നിപ്പൊഴിന്നിവർകുറച്ചിടുംദൃഢം. 189

ഇളച്ചിടാതിന്നബലാമനസ്സിൽ
കളിച്ചിരിക്കുംവിധുനന്ദനൻഞാൻ

ഇളിച്ചുനില്ക്കാതിതുനിൎത്തുവാനായ്
വിളിച്ചുചൊല്ലുന്നുവികല്പമെന്ന്യേ. 190

വിധമുള്ള * * * * (തിരഞ്ഞു നിന്നിട്ട്)

അതിധൃതികലശലിതെല്ലാം
മതിമതിമതിയാക്കിമാറുവിൻനിങ്ങൾ
ക്ഷിതിപതികല്പനയാണെ-
ന്നിതിമതികരുതിക്കളിപ്പിനെപ്പേരും. 191

കനത്തൊരിക്കണ്ടകലമ്പലെല്ലാ-
മിനിത്തുടങ്ങാനരുളുംവരെയ്ക്കും
മെനക്കെടുത്തീട്ടിഹനിങ്ങളൊന്നു-
മനക്കിടാതല്പമടങ്ങിനില്പിൻ. 192

തനപിമാക്കോരു * * * *

ചെകിട്ടിൽത്തറയ്ക്കുന്നകൊട്ടിന്നിതാമൽ
പകിട്ടിൽഭയപ്പെട്ടുനിൎത്തീഭടന്മാർ
തകൎപ്പൊട്ടുമില്ലാതെമാറുന്നതല്ലീ
വകപ്പിട്ടുകൂടാതെകൂടില്ലകാൎയ്യം. 193

പാണ്ടിക്കാരരതാകുന്നീപ്പോണ്ടന്മാർനൃപവാഹനം
വേണ്ടുംവണ്ണമിതാമോദംപൂണ്ടിറക്കുന്നുഭൂതലേ. 194

(വിനയത്തോടുകൂടി രാജാവിനോട്)

ത്രാണിപ്പെട്ടധരാധിനാഥ!തിരുമു-
മ്പാകെയ്ക്കുവന്നീടുവാ-
നാണിപ്പെട്ടിണിയായഞാനിഹധൃതി-
പ്പെട്ടിപ്പുറപ്പെട്ടതും

കാണപ്പെട്ടൊരുകാമദേവ!കളിയ-
ല്ലിന്നേരമീവീഥിയിൽ
കാണപ്പെട്ടതുമെന്റെഭാഗ്യമിതുഞാ-
നോക്കാത്തതാണൊട്ടുമേ. 195

ഇപ്പോളിക്കണ്ടകോലാഹലമുടനിളകി-
ശ്രീമഹാരാജ!പാരം
കെല്പോടുൾക്കൊണ്ടമോദാലെവിടമതിലെഴു-
ന്നെള്ളിടുന്നെന്നതൊന്നും
ഉൾപ്പൂവിൽകണ്ടതില്ലിന്നരുൾകതൊരുവിവാ-
ഹത്തിനോവിക്രമത്താൽ
നല്ലോരിൽകണ്ടകന്മാരുടെഗളമരിവാൻ
തന്നെയോപിന്നെയൊന്നോ? 196

ആവിശ്യപ്പെട്ടുഞാനിന്നഴകിലൊരുവിവാ-
ഹത്തിനുംമത്തരായി-
ട്ടീവിശാലത്തിങ്കലിപ്പോളൊരുപടയതിനും
പിന്നെയൊന്നിനുമല്ല
പൂവിൽപൂർവ്വംപിറന്നോരവളുടെപതിയാം
പത്മനാഭൻവിളങ്ങും
കോവിൽപോയ്ക്കൂപ്പുവാനാണിതുപൊഴുതുപുറ-
പ്പെട്ടതെൻപിട്ടതല്ലേ. 197

രാവിലെഞാനതിയായോ-
രാവിലമെന്യേ!കുളിച്ചുകുറിയിട്ട്
കോവിലുടൻപോയ്വരുമെൻ
കോവിലകത്തേയ്ക്കുനിത്യമിതുസത്യം.

അഷ്ടിസ്സുമമ്പിലഹമന്നഹമങ്ങുചെന്നു
ചട്ടററഭക്തിയൊടു ചക്രിയെനല്ലവണ്ണം
തുഷ്ട്യാതൊഴുംപതിവതാണിതുതൽപ്രസാദാൽ
മുട്ടാറതില്ലിഹതനിക്കുത്തുരൂപമില്ലേ? 199

ഈവിധം പറയുന്നോ നി * * തനാചിമക്കൊരു * * *

കാൎയ്യംതന്നെയതാണുഭൂപതികഥി-
ച്ചീടുന്നതോൎത്തില്ലതി-
ന്നേരംപിന്നെയതെന്തിനെന്നെവിരവോ
ടിപ്പോൾവിളിപ്പിച്ചതും
സാരംവല്ലതുമുള്ളിലൊന്നുകരുതീ-
ട്ടുണ്ടാകുമല്ലാതിവൻ
കാൎയ്യംകണ്ടമനുഷ്യനാണിഹകളി
പ്പിപ്പാൻവിളിപ്പിക്കുമോ? 200

ശ്രീമാനാമിവനന്യകാൎയ്യമിവനെ-
ക്കൊണ്ടെന്തുമമ്പിൽപരം
ധീമാനാകിയഞാൻനിനച്ചവഴിയാ-
മെന്നാണതെന്നാകിലോ
കാമാധീനനതായ്ചമഞ്ഞകഠിന-
ച്ചിഹ്നങ്ങളീഭൂപനിൽ
കാണ്മാനുണ്ടവചൊല്ലിടുന്നിതുമുഖം
തന്നേമുറയ്ക്കങ്ങിനെ. 201

ഇക്ഷ്മാനാഥനിലിക്ഷുചാപവിശിഖാ-
തങ്കങ്ങൾതങ്കുംമഹാ-

ലക്ഷ്മാവസ്ഥകൾകണ്ടിടുന്നിതുകണ്ണ-
ക്കല്ലാതെവല്ലാതഹോ!
പക്ഷേധീരനതാകകൊണ്ടതുപുറ-
ത്തെങ്ങുംനടിക്കുന്നതി-
ല്ലിക്ഷേമോദയനാട്യമൊക്കെവെറുതേ
സാധുക്കൾബോധിക്കുവാൻ 203

വിധമുള്ള * * * *
ഇവിടുന്നെന്നെവരുത്താ-
നവകാശംവന്നതെന്തതരുളേണം
ഇവനിഹപലപടിയല്ലോ
ജവമൊടുവിടണംവിശേഷമരുളേണം. 203
തമ്പിമാക്കൊരു * * * *
വിടന്മോദാല്വിടുന്നിവൻക്ഷണം
വിടുന്നമട്ടല്ലിഹകണ്ടിടുന്നതും
വിടേന്ദ്രനാമെന്നെവിളിച്ചസത്തിനി-
ക്കടന്നുചോദിക്കുകിലെന്തലൌകികം? 204
വന്നതുവന്നുപറഞ്ഞാ-
തൊന്നതുചോദിക്കയെന്നുരച്ചനൃപൻ
ഇന്നൊരുമത്ത്യനതല്ലേ
കൊന്നിടുമോപച്ചതന്നെതിന്നിടുമോ? 205

ഭാരമേററിട്ടതിപ്പോളാക്കാൎയ്യമേററംമറന്നിതോ
ധീരനാകുംഭവാനിത്ര ധാരണാശക്തിയില്ലയോ?
തെററന്നുതാനറിയബ്ബന്ധുവതാണതെന്നു
മററുംനിനച്ചഹമുരച്ചതുവിട്ടുപോയോ?

ചെററിന്നതിൻവിവരമൊന്നറിവാനതാണു
മററൊന്നുമല്ലവിടവര്യ്യ!വിളിച്ചതുംഞാൻ 207
‘പെട്ടന്നുവെണ്മനമതാമരുണാംബുജത്തിൽ
പെട്ടന്നൊളിച്ചൊരളിപോലമരുംഭവാനെ
ഒട്ടംനമുക്കുപുനരിങ്ങുപുറത്തുകണ്ടു
കിട്ടുന്നതിന്നുവിഷമംവിഷമാസ്ത്രമൂർത്തേ! 208

മൂപ്പിച്ചൊട്ടുമരസ്യയല്ലൊരുമഹാ-
കാര്യ്യംഭവാനോടുഞാ-
നേല്പിച്ചിട്ടൊരുമാസമായതിനുപി-
ന്നെന്താണമാന്തംപരം?
ഈപ്പിച്ചൊട്ടമിനിസ്സഖേ!ബതകണ-
ക്കാകില്ലതേച്ചേററവും
കൂപ്പിച്ചിട്ടുവിടുന്നുകന്ദവിശിഖൻ
കൂരമ്പുകുറെന്നിയേ. 209

ഇന്നാളുരച്ചൊരവളെത്തരമാക്കുവാൻതാ-
നിന്നാളുപോയ്വരണമോരണമോർമ്മയില്ലേ?
അന്ന്യായമിന്നൊരുവളിൽഭ്രമമുള്ളെനിക്കി-
നന്ന്യാംഗനാവരണമോരണമോവിശേഷം’

ഈവിധം പറയുന്നോനീ * * * വിധമുള്ള * * *

എന്നോടിതേല്പിച്ചൊരുനാൾമുതല്ക്കു-
ങ്ങിന്നോളമിപ്പേർപെടുമിപ്രദേശേ
വന്നില്ലതല്ലാതിരുമുമ്പിലേക്കും
വന്നില്ലഞാനെൻവസുധാവലാരേ! 211

ബദ്ധപ്പാടുപെരുക്കയുംബതവിഭോ!
കാലംകുറച്ചാകയും
ബുദ്ധിയ്ക്കുള്ളചുരുക്കവുംസകലവും
കൂടീട്ടുള്ളുള്ളഞാൻ
മഹാദ്രീശ!മറന്നുകാൎയ്യമവളി–
ന്നേതാണെന്നതാതേന്നമീ–
സ്സിദ്ധാന്തക്കാറവെന്നുറച്ചുതിരുവു–
ള്ളക്കേടേതോൎക്കേണ്ടഹോ! 212

‘ചിത്രമിസ്ഥലമതഞ്ഞുവിട്ടതാ–
നിത്രനാളുമെവിടത്തിലിങ്ങിനെ
ചിത്തമോദമൊടിരുന്നുസൌഖ്യമി
ന്നത്രമറെറാരിടവുംകിടയ്ക്കുമോ? 213

ഈവിധം പറയുന്നോ നീ * * * വിധമുള്ള * * *
വിഷാദമില്ലാതഹമിത്രനാളും
വിഷാദനാകുംവിഷമാക്ഷനീശൻ
വൃഷാധിരാജദ്ധ്വജനാണ്ടെഴുന്ന
വൃഷാചലംതന്നിലതായിരുന്നു. 214

‘ആട്ടത്തുശ്ശിവമന്ദിരത്തിലെഴുമാ–
സ്ത്രീകൾക്കുനൽസൌഖ്യമോ?
വാട്ടംവിട്ടവർലൌകികങ്ങളൊടൊടിപാ–
റിച്ചോദവാനോടഹോ!
കോട്ടയ്ക്കുള്ളകുലുക്കിയോകുശലന്നാ–
മങ്ങുന്നിതെന്താക്കയും

ഫോട്ട്രേസ്സമ്പ്രതികണ്ടതെന്റസുകൃതം
തന്നോസുഖംതന്നെയോ? 215

തരുണതരുണിമാരെത്തങ്ങളിൽസന്ധിചൊല്ലി
ത്തരമൊട്ടുമിടചേപ്പാൻകേമനാംകാമമൂത്തേ!
തരളമിഴിയതാകുംനല്ലൊരാനന്ദവല്ലീ-
തരുണിമണിയെയല്ലോമുന്നമാച്ചൊന്നതുംഞാൻ.
ആനന്ദവല്ലിയവൾമൂലമൊരിസ്സലുംചെ-
റാനന്ദമില്ലമനതാരിലതാരുതീർപ്പൂ?
താനൊന്നുമില്ലതിനൊരാദ്ധ്യവസാനമെന്നാൽ
ഞാനിന്നുമല്ലശരമുഷ്ണതിൽമുക്രാകുത്തും 217

സഹിപ്പാൻവയ്യിപ്പോൾസരസിജശരത്തീയതിലുടൻ
ദഹിപ്പാറായയ്യോ!സുദതിയവളെസ്സുന്ദര!സഖേ!
വഹിപ്പാനെൻവക്ഷസ്ഥലമിതുഴറിടുന്നിതിഹനി-
വ്വഹിപ്പാനില്ലേന്നോപറകൊരുതരംവിദ്രുതതരം
നല്ലുയാജിപ്പതാനന്ദവല്ലിയോടുവരുത്തുവാൻ
ഇല്ലയോവൈഭവംകല്യനല്ലയോചൊല്ലേഴുംഭവാൻ!

ക്രുദ്ധിച്ചിടുന്നുമദനൻമനതാരിൽമോഹം
വദ്ധിച്ചിടുന്നിതവൾതന്റവരാംഗസംഗം
സിദ്ധിസ്സയില്ലപുനരെങ്കിൽമനസ്സുചുട്ടു
സിദ്ധിസ്സുകാരണമതാകുമതാകുലംമേ. 220

ബുദ്ധിക്കമൂണിനുമുറക്കമതിന്നുമന്യ-
ശ്രദ്ധസ്സുമൂന്നതവരുംപടിവന്നുകൂടി
സ്പദ്ധസ്സുപങ്കജശരൻപകയോടുചിത്ത
മദ്ധിസ്സുമാറിഷുവിടുന്നുവിടേന്ദ്രമൌലേ! 221

ഇപ്രാകൃതങ്ങളിവിടത്തിലൊരാളൊടുംഞാൻ
വിപ്രാഗ്രഗണ്യ!വിടനാഥ!നടിച്ചിടാതെ
ഇപ്രാഭവത്തൊടുമുഴന്നുകഴിച്ചിടുന്നു
മൽപ്രാണനോബത!കരിഞ്ഞുപൊരിഞ്ഞിടുന്നു.

എന്നതുകാരണമവളോ-
ടിന്നിതുഭംഗ്യാപറഞ്ഞുപരമസഖേ!
എന്നനുകൂലയതാക്കി-
പ്പോന്നാൽകൊള്ളാമിതേററമുപകാരം

ഈവിധംപറയുന്നോനീ * * * വിധമുള്ള * * *

മനസ്സുഴിഞ്ഞിന്നരുൾചെയ്തുകൊണ്ടു
മനസ്സിലായ്മന്നവ!കാൎയ്യമെല്ലാം
ഇനിശ്രമിയ്ക്കാമുടനേകഴിയ്ക്കാ-
മെനിയ്ക്കുമാന്തംവരുമോനിതാന്തം? 224

കൂറില്ലയോകുറിയതല്ലിതുതമ്പുരാന്റെ
ചോറല്ലയോപറമതൊക്കെമറന്നിടാമോ?
നൂറില്ലയോവഴികളിന്നിതുനേരയാകും-
മാറല്ലയോപുനരെനിയ്ക്കിതുചൊല്ലുചൊല്ല്. 225

ദോഷംവരാതഴകിലങ്ങതിൽനൂറരട്ടി
വൈഷമ്യമുള്ളചിലദുൎഘടകാൎയ്യമെല്ലാം
തോഷംകലൎന്നിഹനടത്തിയവിരനാണെ-
ന്നേഷംഭവാനഥപെരുത്തുവരുത്തുവൻഞാൻ. 226

അവളുടെവരനാകുംകിംശുകാഖ്യദ്വിജൻതാ-
നവളുടെസവിധത്തിൽതന്നെയങ്ങിത്രനാളും

നൃവരതിലക! മോരിന്നിട്ടകുംഭംകണ്ടാക്കെ
ശ്ശിവ!ശിവ!പിരിയാതെകണ്ടതുണ്ടായിരുന്നു. 227

ഇന്നലെപ്പോയവൻതാനെന്നിന്നുഞാനിവിടെപ്രഭോ!
വന്നനേരത്തുടൻകേട്ട വന്നറിഞ്ഞിങ്ങുവന്നിടാം. 228

കണ്ടിവാർകുഴലിതൻറസമ്മതം
കണ്ടുവാങ്ങുവന്നതെന്തുദുർഘടം
ഇണ്ടൽവാക്കാലകവിഞ്ഞകയ്യഹോ!
രണ്ടുവാക്ക ചിലവേറെവേണ്ടമേ. 229

'ഇതിപ്പൊളങ്ങുന്നുനടത്തിയെന്നാ-
ലിതിൽപരംമററുപകാരമൊന്നും
മതിപ്രമോദത്തൊടുചൊല്ലുവാനി-
ല്ലതിപ്രയാസംപുനരീവിചാസം. 230

മുഴുത്തമോദത്തൊടൊരുത്തനോട്ടം
കഴുത്തറുത്താലുമുരച്ചിടാതുടൻ
എഴുത്തിതങ്ങോട്ടുകൊടുത്തതിൻക-
ണ്ണെഴുത്തിൽവാങ്ങിസ്സുണമൊരുത്തരം' 231

ഈവിധംപറയുന്നോനീ * * * തന്ന.പിമാക്കൊരു *

കടലാസകലംവളഞ്ഞധാത്രീ-
നടുലാളിച്ചെഴുമീമഹീമഹേന്ദ്രൻ
ചടുലാക്ഷിയിലാശയോടുമഞ്ഞ-
ക്കടലാസ്സൊന്നിതമൽകരേതരുന്നു. 232

ഇക്കോട്ടമേറെഴുമെഴുത്തതടക്കിമഞ്ഞ-
ലക്കോട്ടമുദ്രയതുവെച്ചുമുരസ്സുഭൂപൻ.

ഇക്കൂട്ടുകെട്ടിനിതുഞാനിഹകണ്ടിടുംമു-
മ്പിക്കൂട്ടിലിട്ടുപശവെച്ചതുപന്തിയാമോ? 233

അതെന്തെങ്കിലുമാകട്ടെ ചിതമായീലിതെങ്കിലും
ഇതിന്നുമേൽവിലാസം വെച്ചതുടൻനോക്കിടുന്നുഞാൻ.

'ആനന്ദവല്ലിസ്സുകൊടുപ്പതിന്നാ-
യാനന്ദമോടാളിസുഗന്ധിനിസ്സു്
മൂന്നിച്ചുവന്നീടുമെഴുത്തിതേററം
മാനിച്ചിടേണംവളരെസ്വകാര്യം' 235

ശ്രീവിലാസമൊടിക്കത്തിന്മേൽവിലാസമെഴുംനൃപൻ
മേവിലാസിനിയാൾക്കിട്ട മേൽവിലാസംമനോഹരം.

വിധമുള്ള ... ... ...

തടവിതിനുതടിസ്സാതിട്ടൊരിശ്രീവിലാസം
തടവിവിലസുമിന്നീമെച്ചമാംമേൽവിലാസം
വടിവിനൊടവൾകണ്ടാൽതന്നെചിത്താബ്ജഹാസം
വടിയുമതഭവാനിൽതന്നെയാംതൻവിലാസം. 237

ഉള്ളിലാഗ്രഹമതുണ്ടെന്നസ്സ്തി-
ന്നുള്ളിലുള്ളവിധമൊന്നുകാണുവാൻ
ഉള്ളതാണതുനിവൃത്തിയില്ലിതി-
ന്നുള്ളമുദ്രകൾപൊളിസ്സൂഭംഗിയോ? 238

അതുകൊണ്ടിതിലെത്തത്വം മതികൊണ്ടുമുദാരവാൻ
ഇതുകണ്ടവിധംചൊല്ലുന്നതുകൊണ്ടെന്തുദുർഘടം? 239

ആഭാസമൂഹനിധിയാമവൾമൂലമായി-
ട്ടാഭാസപദ്യമതുമൂന്നിഹമുക്രകത്തി

ശ്രീഭാസമാന!ബത!തിത്തിത്തുഞാനതാണു
ഭോഭാസുരാംഗ!മമകത്തിനകത്തതോതാം. 240
'ദുഗ്ദ്ധാബ്ധേരുത്ഥിതായാസുരഭിസുരതരു-
ശ്രീശശാങ്കൈരപങ്കൈഃ
പീതപ്രായാംശുദ്ധമാസീദരിദലിതഗളോ
രാഹുരാഹന്ത!പൂർവ്വം
യസ്യാവാസസ്സുരേന്ദ്രോത്തമമണിസദനേ
കോപിമർത്ത്യസ്ത്വിദാനീം
ശുദ്ധംപാതുംസുധാന്താംമുഹുരപിയതതേ
ഹന്തജാത്യന്ധബുദ്ധിഃ. 241
പൊന്നിൻപൂമൊട്ടുപൊങ്ങുംപുളിനനളിനമി-
ന്ദീവരംശംഖചക്രം
മിന്നുംനന്മുത്തുമീനംമിളദളികൾകരി-
ഞ്ചണ്ടി ചഞ്ചത്തരംഗം
നന്ദിച്ചിത്യാദിചേരുംസരസ്സുരസ്സരി-
ത്തിങ്കലാക്കാന്തനാരോ-
രന്നത്തപ്പോലെമെല്ലിപ്പതിനൊരുകരിന-
ത്തിനുകത്തുന്നുകാമം. 242
മറുവടിവേഗംവിടണം
മറിവരുതേമഞ്ജുപദ്യമാകേണം
മറിചിതിനേററംവേണം
മറിമൃഗനയനേ!മനസ്സുവെക്കേണം.' 243
കഴിഞ്ഞപദ്യങ്ങൾകണക്കിലായോ
വഴിഞ്ഞുപോയോവഷളത്വമായോ?

എഴുത്തിലേതെങ്കിലുമിന്നുചേർത്തൻ
മുഴുത്തകമ്പകൃതിയാണിതെല്ലാം. 244

വമ്പിച്ചീടിനവാസനക്കട്ടമയ-
ല്ലിപ്പദ്യമിപ്പോൾപരം
വമ്പിച്ചൊട്ടുവലിച്ചുകെട്ടിവഷളായ്
കഷ്ടിച്ചുസൃഷ്ടിച്ചതും
അമ്പിൽച്ചാരുനതാംഗിയാമവൾനിമി-
ത്തത്താൽമദിച്ചംഗജൻ
മുമ്പിൽച്ചാടിയടുത്തയച്ചുമൊരുകൂ-
രമ്പിന്റെവമ്പാണെടോ! 245

ഗന്ധാക്ഷതത്തോടിടയുംമഷികൊണ്ടുഞാനാ-
ഗ്രന്ഥാക്ഷരത്തിലിതിനുള്ളിലണച്ചപദ്യം
ഗന്ധദ്വിപേന്ദ്രനടയാമവളിന്നതിന്റെ
ഗന്ധംകുറഞ്ഞവകയോവകയുള്ളതാണോ? 246

ഈവിധംപറയുന്നോനീ * * * വിധമുള്ള
ലോകത്തിങ്കലൊരാളുമില്ലകവിത-
സ്ക്കങ്ങെയ്ക്കുനേരെന്നുസ-
ല്ലോകത്തിന്നൊരുസമ്മതംപരമതു-
ണ്ടെന്നല്ലചൊല്ലുന്നുഞാൻ
ശ്ലോകത്തിന്റെമിടുക്കതാണെയിഭവാ-
നാകുന്നൊരാകാശമീ-
ശ്ലോകത്തിങ്കൽവിടാതെപൂർണ്ണവടിവായ്
പൊയ്യല്ലപൊങ്ങുന്നതും. 247

‘കൃതിയിതിനില്ലൊരജാത്യം
രതിചിത്തിമൂത്തേ! രസജ്ഞേ! ശുഭകീത്തേ!
ഇതിനിതിഭംഗികളിപ്പോൾ
മതിമതിവെറുതേകലമ്പലാക്കരുതേ. 248

ഈവിധംപറയുന്നോനീ * * * വിധമുള്ള * *

പൊൻഫുല്ലാബ്ജപുത്രപ്രകാശമുഖിയാ-
മാനന്ദവല്ലിയ്ക്കിതിൻ
വമ്പെല്ലാമറിയുന്നതിന്നുവിരുതി-
ല്ലെന്നാലുമിന്നാശയേ
കമ്പംലേശമതില്ലനല്ലനിലയാ-
ണോക്കുമ്പൊളൊട്ടുംപ്രഭോ!
തുമ്പില്ലാത്തവളല്ലനിർമ്മലകലാ-
വിദ്യയ്ക്കുവിത്തല്ലയോ? 249

‘ശ്ലോകംവടിഞ്ഞകുതുകത്തൊടവൾക്കുനല്കി-
ശ്ലോകംവെടിഞ്ഞനുസരക്കറിയോടുകൂടി
വേഗംപകിട്ടിമമകോവിലകത്തുസാര-
നാകുംഭവാൻവരണമാദ്യമണിയ്ക്കകത്ത്’ 250

ഈവിധംപറയുന്നോനീ _ _ _ തന്വിമാക്കൊരു _ _

ശ്രീധാരാധരചക്രകാന്തിയൊടുമി-
ബ്ബ്രഹ്മാണ്ഡഭാണ്ഡത്തിനി-
ന്നാധാരായിതന്നായ്മുനിവ്രജമഹാ
ഹൃത്താമരന്താരിലും
ബാധാരക്ഷകമന്ത്രപംക്തിയിലുമെൻ
ചിത്തത്തിലുംമിന്നിടും

രാധാരമ്യമുഖനസ്ഥനൈകസുകൃത-
ക്ളമ്പിന്നുകൂപ്പുന്നുഞാൻ. 251

വിധമുള്ള * * * * *

തങ്കത്താർമകളായതൻകമലയെ-
ത്താനങ്കമേററിസ്സുഖം
തങ്കത്താരിടചേർത്തുതങ്കമലയെ
ക്കോലുന്നകൊങ്കത്തടം
തങ്കുംമോദമണച്ചെഴുന്നഹരിയെ-
ത്താങ്കൽഭവാൻസന്തതം
സങ്കല്പിക്കുകസങ്കടംകെട്ടുമുടൻ
കാമങ്ങളുംകൈവരും. 252

'കൊണ്ടൽനേർവർണ്ണനെച്ചിത്താം
കൊണ്ടുകണ്ടതയെന്നിയേ
കൊണ്ടാടിവിരവിൽകൂപ്പ-
ന്നുണ്ടുഞാനിപ്പൊഴെപ്പൊഴും' 253

ഈവിധംപറയുന്നോനീ * * * * * വിധമുള്ള * * * *

എന്നാൽസാധിക്കയുംചെയ്യുമിന്നാശപ്പെട്ടതൊക്കെയും
നന്ദ്യാനമിച്ചിടുന്നോർക്ക മന്ദാരമരമല്ലയോ? 254

'പോട്ടെപുലന്തരവിഭ്രസൂരവശ്യ! പിന്നെ-
യാട്ടേസമസ്തവുമിനിപ്പടഹാദിഘോഷം
ക്കൂട്ടംചെവിടിഞ്ഞുകറയാതെതുടങ്ങുവാനാ-
ക്കൂട്ടംകലർന്നവരൊടോതുകവീതകമ്പം' 255

വിധംപറയുന്നോനീ * * * * വിധമുള്ള * * * *

വൈകുന്നനേരമതുകൊണ്ടഹമിപ്പൊഴെന്നാൽ
പോകുന്നു മൽസ്മരണയൊന്നിഹവേണമെന്നും
രാകേന്ദുഗസ്യമുഖ!മേലിലഹോകണക്കി-
ലാകുംനരേന്ദ്ര!യിനിയാരുമണിക്കുകാണാം. 256

(തിരിഞ്ഞുനിന്നു സേനാമുഖം നോക്കീട്ട്)

കൊട്ടിക്കൊൾവിൻ! കുല്യങ്ങൾ പടിവെടികൾഗംഭീ-
രങ്ങൾഭേരികളിയെല്ലാം
പൊട്ടിപ്പിൻ! ചോന്ദർ വന്നിപ്പുതുമയുടയപ-
ല്ലക്കെട്ടപ്പിൻ! നടപ്പിൻ!
പട്ടക്കാർ പത്തിരണ്ടായ് നിരയൊടഥനിര-
പ്പിൻ! ചരിപ്പിൻ! തുരപ്പി-
പ്പട്ടാളക്കാർ പകയ്ക്കാതണി ചിന്നണിനിര-
ന്നുഗ്രമായഗ്രമാർഗ്ഗേ. 257

പൊട്ടിപ്പൊങ്ങിത്തുടങ്ങി പൊടി ഭേരി പടവ-
മ്പിച്ചെമ്പിത്തുടങ്ങീ
പൊട്ടിച്ചീറിത്തുടങ്ങി പൊട്ടപൊട്ടെ വെടിപ-
ട്ടാളക്കൊട്ടാളതിങ്ങീ
കൊട്ടിൻഘോഷം തുടങ്ങീ കടകടെയുലകൊ-
ട്ടേറെ ഞെട്ടിത്തുടങ്ങീ
ദിഷ്ട്യാ പാപല്ലക്കിലങ്ങീനൃപതിഹൃദിഹിതം
പോലെപോയിത്തുടങ്ങീ. 258

പാകാന്തകപ്രമുഖസേവിതനായസാക്ഷാൽ
ശ്രീകാന്തനെത്തൊഴുവതിന്നതിഘോഷമോടെ

ലോകംനടുക്കിയണിയിട്ടുഴകോട്ടുവേഗം
പോകുന്നുഭൂപതിയിതാപുകവണ്ടിപോലെ.

ഭദ്രശീലനതാംഭൃംഗഭദ്രഭൂപതിതന്നുടെ
യാത്രോത്സവമതീലോകനേത്രോത്സവകരംപരം

കുടിലാക്ഷികൾതന്മനസ്സെടുപ്പാൻ
കുടിലാകുംവിധുനന്ദനൻവിടേന്ദ്രൻ
കടലാസ്സുതടക്കിടുന്നുവെള്ള-
ക്കടലാസ്സൊത്തൊരുമുണ്ടിലിണ്ടലെന്ന്യേ!

കൊള്ളാമിക്കോപ്പുകൊണ്ടല്ലുഴലിയതിനഹോ!
രാഗമിങ്ങോട്ടുമൊത്താൽ
കൊള്ളാമദ്ധ്യപാനമെന്നാൽകുറയുമിതിനുവ-
ല്ലെങ്കിലുംശങ്കയില്ല
കൊള്ളിസ്സാംകാര്യമെന്നല്ലവളെയുമഴകിൽ
കണ്ടിടാമിപ്പൊഴപ്പം
കൊള്ളാം പാവുംകുളിക്കാംസുഖമതിനവിടെ
സ്സോകനാസ്സോകതന്നേ. 262

ലാക്കിലേവമുറച്ചങ്ങു * * *

ചീററിക്കൊണ്ടാർത്തിചീർത്തങ്ങൊരുചെറുപശുവിൻ
വാലതിൻമൂലഭാഗം
നാററിക്കൊണ്ടാട്ടിണക്കിഭ്രമമളിയൊടുമതിൻ
മെയ്യിലാക്കയ്യിരണ്ടും
കേററിക്കൊണ്ടാശ്ശുഘൃഘൃധ്വനിയോടുകയറി
ക്കർത്തുമാക്കാമഖണ്ഡം

മാററിക്കൊണ്ടുകൊടിങ്ങോട്ടൊരുവൃഷഭമെട
ത്തിന്നുടൻവന്നിടുന്നു 263
വട്ടക്കണ്ണുംവഴിസ്സുള്ളകിഴകുളത്തുക-
ത്തീട്ടുചെമ്മണ്ണുചേരും
മൊട്ടക്കൊമ്പുംകുളമ്പുംകുടിലനുടെത്തുള്ള-
മ്പുന്നവമ്പുംകൊടുമ്പും
കട്ടപ്പൂവാലുമെന്നീവകകലരുമൊരീ
ക്കുററനെക്കാൺകിലുള്ളം
ഞെട്ടിപ്പോംകല്ലുതന്നീടിലുമുടനെമഹേ-
ശ്ശംമഹിശ്ശാത്തവന്നും. 264
വട്ടച്ചുട്ടുംകുനട്ടുംവലിയതലയെടു-
പ്പുംനടപ്പുംവെടുപ്പും
പൊട്ടിച്ചുള്ളഞ്ജനക്കല്ലൊടിയൊടുകിടയാം
വങ്കറുപ്പുംനിറപ്പും
പൊട്ടിച്ചോരന്നഗവ്യംശിവ!ശിവ!ശിവനേ
പൈക്കളെച്ചെന്നുകുത്തി-
ക്കുട്ടിച്ചോരംവരുത്തുന്നിവനുടെതടിയും
താടയുംപേടിയാകും
ധൂർത്തോടിദ്ധൂളിധൂളിച്ചുരവിഹചരമാ
ന്തിപ്പുളച്ചുംതിളച്ചും
നേർത്തോടിച്ചെന്നുനേരിട്ടിണയൊടുടനടു-
ത്തെതിയുംകുത്തിയിട്ടും
ക്കൂത്താടിക്കുസൽവിട്ടുംകൊടിയമദമൊടാ-
പ്പൈക്കളോടൊത്തുകാമ-

ള്ളത്താടിക്കൊണ്ടുനില്ക്കുന്നിവനിതൊരുടയാ
ള്ളററനോക്കൂററനത്രേ. 266
വന്മലയൊത്തിടുമിവനൊട്ട
തമ്മിലിടഞ്ഞാൽ കണക്കിലാക്കിവിടും
ശമ്മലയായിത്തീൎന്നിരു
നിൎമ്മലമാൎഗ്ഗേ കടന്നുപോവതിന്നും. 267
കൂററങ്കത്തിടുമിന്നി
ള്ളററൻ കത്തിക്കലമ്പലാക്കിടുമോ?
ഏററങ്കത്തിനൊരുങ്കാ-
ണേററങ്കത്തിന്നുത്താനതൊത്തിടുമോ? 268
ബ്രഹ്മാണ്ഡങ്ങൾമുഴക്കിമുക്രുഷ്ടമതി-
ട്ടുക്കോടട്ടത്തിടുമീ
ബ്രഹ്മാണ്ഡംവരുമിവഴിയ്ക്കൊരഭിമാ
നത്താലെതീൎത്താലഹോ!
ബ്രാഹ്മണ്യംപരമുണ്ടിവനൊഴിയണം
ഞാനെന്നിതോൎക്കിലിതിൻ-
ചെമ്മണ്ണാടിനകൊമ്പുകൾക്കൊരിരയാ
മിന്നേരമിന്നേഷഞാൻ. 269
ഗളതലമണിയുംമണിയും
കിണികിണിരവവുംമിന്നത്തടിയുംതടിയും
ക്ഷണമൊരുനടയുംനടയും
പണിപണിപറവാനിതോൎക്കിൽമിന്നസംമിന്നസ-
വിക്രമനിവനെക്കെട്ടും
നല്ലുയരുംപൊന്തിടുന്നാവൃത്തിക്കെട്ടും

പൈക്കളൊട്ടല്ലൊരുകെട്ടും
മൃക്രയുമുചിതംമുഴങ്ങുമിട്ടിക്കെട്ടും. 271
ഈക്കാട്ടന്നൊരിവൻറമുഷ്ക്കകളവാ
നാരിപ്പോൾമൂരപ്പിതാ
ക്കാക്കട്ടാഞ്ഞുകവിഞ്ഞതാണിതുപക-
ച്ചോട്ടന്നിതുടെന്നിയേ
ഊക്കൊട്ടോകൊട്ടതായകൊമ്പുകളിവൻ
വെക്കംമെയക്കംകട-
നാൽക്കിട്ടോകരുതിപ്രയോഗമതിവൻ
ക്കൂട്ടില്ലക്കൂട്ടംദൃഢം. 272
സ്നാനംചെയ്തുവരുന്നവങ്കുതിരയും
സന്നിന്ദയോടക്ഷര-
ജ്ഞാനംചേൎന്നൊരുശൂദ്രനുംപടുമദ-
മ്പാടുള്ളനല്ലാനയും
ഗാനംചേൎന്നൊരുപട്ടരുംപരമട-
ത്താലുണ്ടനൎത്ഥംസുരാ-
പാനംചെയ്തവനുംസ്മരാൎത്തികരളിൽ
കാളുന്നൊരാക്കാളയും. 273

അനൎത്ഥമിവരോടൊത്താൽകനത്തിൽവരുമെന്നഹോ
മനുസ്മൃതിയതുണ്ടിന്നുമനസ്സിലതുമോൎക്കണം. 274
മടിമതിയിലെനിയ്ക്കില്ലിപ്രമാണംപിടിച്ചു-
ങ്ങടവിലൊഴികയാണൊന്നസ്തുപോട്ടേവളൎക്കും
(നല്ലവണ്ണം നോക്കീട്ട്)

പടുവൃക്ഷമുടനല്പപോയിന്നിച്ചൊവ്വോടിന്നീ
നടവഴിയിൽനടക്കാമാവുദൈവാനുകൂലം!
ലാക്കിലേവം.വിചാരിച്ചു * * * * *
ശ്രീകൊണ്ടുംസുമനോവിലാസവിഭവം
കൊണ്ടുംവയോവിഭ്രമ-
ശ്രീകൊണ്ടുംവിടപാളിസക്തിയത്തുകൊ-
ണ്ടുംകേളികൊണ്ടുംപരം
ആകാരാദികൾകൊണ്ടുമഞ്ചിതലതാ-
ജാലത്തൊടിദ്ദിക്കെഴും
രാകാരമ്യമൃഗാങ്കബിംബമുഖിമാ-
രോത്തീടിലൊത്തീടുമേ. 276

അടവോടൊന്നുമുമ്പാക്കമെടനംചെയ്തനന്തരം
ഉടനൊന്നുവലംപാർത്തു വിടനോക്കുന്നുവിശ്രുതൻ. 277
കാണായ്മുമ്പൊരുകണ്ണസൂത്രമിയലും
കല്യാണിയെപ്പിന്നെനൽ-
ക്ഷോണീപാലനനന്തരംകയറുമായ്
മുഷ്ക്കാളുമുക്കാളയും
ചേണൊന്നിങ്ങെതിരായണഞ്ഞുടനൊട്ട-
ത്തിട്ടാലതാപ്പന്തിര-
ണ്ടാണിന്നൊക്കെയുമോർക്കിലെൻറശകനം
കൊള്ളാംകുഴക്കില്ലഹോ! 278
നന്ദ്യാനമ്മകലാവിലാസരുചിപ്പൂ-
ണ്ടത്ര്യാപ്തരൊത്തെപ്പൊഴും
നന്നായ്നമ്മകലാവിലാസിനിയെഴും

പൊന്നോടചെമ്മേപരം
ഇന്നേരത്തിതകണ്ടിട്ടനുകയറി-
ച്ചെന്നാൽവരൻവാമനൻ
വന്നേറെക്കലികൊണ്ടപോലെകയറി-
ക്കമ്പംകലമ്പീടുമോ? 279

അരിമയൊടവനുള്ളോരച്ഛനങ്ങേക്കിടത്തീ
ട്ടരസമുഖനതെന്നാണിട്ടപേർതിട്ടമത്രേ
പരമതൊരുയഥാർത്ഥംതന്നെയാണായവൻതാൻ
പരിചിനൊടഭിവാദ്യംചെയ്തുകേൾപ്പുണ്ടതുംഞാൻ

വാമനൻതാനതെന്നുള്ളതോമനപ്പേരതാണതും
കേമനാണിട്ടതോർക്കുമ്പോളീമനുഷ്യനിണങ്ങിടും
ഊമനോപ്പോലിരിക്കുന്ന വാമനപ്രീതിയോമമ
കാമനപ്പെൺകൊടിയ്ക്കുള്ളോരാമനഃപ്രീതിയോഗ്ഗുണം?

മാടമ്പുംമലയുള്ളമാനിനിയതിൽ
സ്നേഹപ്പെടുത്താതെയീ
മാടാംപൊന്നിനാലെന്തിനാണതുനമു-
ക്കേറെസ്സുഖക്കേടിനോ?
മാടംപററുമിരുട്ടുപോയ്നിശിവിള-
ക്കേററംവിളങ്ങീടുവാൻ
മാടമ്പിത്തിടിതന്നിലോതിരിയിലോ
കോലെണ്ണകോലേണ്ടതും. 283

നിത്യംനിസ്തുലമോദമോടവളുമി-
പ്പൊന്നോടപൂക്കേററവും

നിത്യന്മാരൊട്ടുമൊത്തുരാപ്പകൽതക-
ത്തുള്ളംകളിത്തങ്ങിനോ
വത്തിയ്ക്കുന്നോരവസ്ഥപാക്കിലവിടെ-
ച്ചെല്ലപ്പാമെന്നിയ്ക്കുംകരേ
നിത്യൻതന്നെയതാണെഞാനുമവനെ-
ക്കന്നിയ്ക്കുക്കുസേണമോ? 283

അവനിന്നവിടെച്ചെല്ലുമവരെസ്സവ്വമുണ്ടഹോ
അവിശപ്പാസ്മതിൻവണ്ണമവനെന്നെയുമാകിടും
കയറിച്ചെല്ലണംചോറുകയറൊന്നിവനില്ലയോ
കയക്കമവനെന്നാലും കയലുക്കുന്നിരസിച്ചിടും. 286

ആരണന്മാക്കോരേടത്തു ചേരണംചെന്നതെങ്കിലോ
കാരണംവേണ്ടവക്കെന്തു വാരണംവഴിവാടുകൾ.

വിടന്നുമോദത്തൊടിവണ്ണമോത്തു
വിടൻനടന്നാഭവനപ്പടിയ്ക്കൽ
മട്ടത്തിടാതെത്തിമറിഞ്ഞുനോക്കി-
പ്പട്ടത്ഥമോടിങ്ങിനെപാത്തിടുന്നു. 288

നാകസ്ത്രീമണിയൊത്തനമ്മകലവാൽ-
ക്കണ്ണാടിയൊത്തങ്ങുതൻ
പാകത്തിൽസഖിതൻെറകയ്യതിൽവെട്ട-
പ്പായ്ത്താൻപിടിപ്പിച്ചഹോ
ശ്രീകത്തുംപടിപല്ലുതേച്ചിതവസി-
ച്ചീടുന്നുമന്ദസ്മിതം
തൂകിത്തന്മുഖമംഗിപാത്തുമിറയ-
ത്തിപ്പോളുനല്ലോത്സവം. 289

വിരവോടവളെക്കണ്ടു * * * * (112)

'ഹരിഹരിയെഴന്നേറെറന്നെഞ്ഞുനിന്നഞ്ഞുമേളി-
ച്ചുരുതരരസപൂവ്വംവന്നുചേരുന്നതിപ്പോൾ?
നിറമെഴമിറയത്തേയ്ക്കിങ്ങുകേറാമിരിയ്ക്കാം.
വരവിതിഹവിചാരിച്ചിട്ടതില്ലോട്ടുമേഞാൻ. 290

അപൂവ്വദശ്നംകൊണ്ടിന്നപൂവ്വകുതുകാമൃതം
അപാരമുള്ളവാകുന്നു കൃപാരസനിധേ!മമ' 291

ഈവിധംപറയുന്നോന്നീ * * * * * വിധമുള്ള * * * *

അതുരണ്ടാംക്കമിന്നൊപ്പമതിനന്തരമേന്തുമോ
അതുകൊണ്ടീവകബ്ഭംഗിമതിയെന്റെമനോഹരേ!

(ഇറയത്തു കയറീട്ടു്) തന്നപിമാക്കൊരു * * * *

സുരതസൂചനി!ദപ്പണമിപ്പൊഴെൻ-
കരമതിൽബതതന്നിഹചെന്നുനീ
കരുകസാലയെടുത്തിടുകെന്നതി-
ത്തരുണിതാൻപറയുന്നുപരിഭ്രമാൽ 293

ശ്രീവാണിയ്ക്കുതിരാശിരീഷമൃദുലാം
ഗിത്തയ്യലോത്തിടിന്നോ-
തീവാണിയ്ക്കുഴമത്ഥമൊക്കെയുമറി-
ഞ്ഞിത്തവ്വിലിത്തോഴിയും
ഈവാലുള്ളൊരുദപ്പണംബതകൊടു-
ത്തന്തർഗൃഹേചെന്നുട
ത്തീവെയ്ലത്തിറയത്തിട്ടുന്നിതുരസാ-
ലമ്പിൽക്കസാലാസനം 294

ഇഷ്ടമോടിളളവെലിപ്പോളൊട്ടകൊള്ളാംഹിമോദയേ
അഷ്ടാംഗഹൃദയേകേൾപ്പുണ്ടൊട്ടകൊള്ളാമതെന്നഹോ

'പ്രസാദമുൾക്കൊണ്ടഴകേറിട്ടംവാ-
ക്കസാരമേറുന്നഭവാനിദാനീം
കസാലതന്നിൽക്കരയേറിമേളി-
ച്ചസാരമൊന്നിങ്ങടവോടിരിയ്ക്കാം 296

പല്ലുതേപ്പുനിമിഷംകഴിച്ചിടാ-
മില്ലതാമസമടുക്കൽവന്നിടാം
അല്ലൽവിട്ടൊരുമയായ്മറിക്കിടാ-
മല്ലതെങ്കിലതുടൻതുടങ്ങിടാം 297

ഈവിധം പറയുന്നോനീ * * * * (കസാലയിൽ ഇരു
ന്നിട്ട്) വിധമുള്ള * * * *

മുറുക്കവാനെൻമുകിൽവേണി!തെല്ലും
മുറുക്കമില്ലാക്കിളിപ്പോൾനിൻെറ
മുറുക്കിതൊക്കെക്കഴിയട്ടെപിന്നെ
മുറുക്കനന്ദിച്ചൊരുമിച്ചുതന്നെ 298

പല്ലുതേപ്പിൻെറവിസ്താരംപല്ലവാധരി!പാക്കിലോ
തെല്ലതല്ലിന്നിതിൻവട്ടം ചൊല്ലേണംനല്ലയോഗമോ
ചീർത്തമോദത്തൊടിച്ചേടിചേർത്തിട്ടം ചിലതൊക്കയും
ചീർത്തയോനല്ലതോയോഗമോർത്തിതേതാനുമോതിടാം

തിപ്പലിമുളകുംചുക്കം
കർപ്പൂരസ്സത്തുമൊത്തുപൊടിയാക്കി
ഇപ്പൊഴമിക്കരിതന്നിൽ
കെല്പൊടുകൂട്ടിപ്പൊടിച്ചതാണിതഹോ! 301

പാക്കിൽമാവിലകൾംപഞ്ചസാരതേൻ
വൃക്ഷലപ്പത്തുകൊലഞ്ഞലിഞ്ചിയും
ലാക്കിൽനല്ലകടലാടിവേരുമു-
ണ്ടീക്ലിപ്പൊളിയുമുണ്ടുകണ്ടിരോ? 302
ഇക്കാലത്തിലവംഗമിഞ്ചിയിലനൽ
ജാതിസ്സുരാമച്ചവും
തക്കോലംസുലവങ്കമങ്ങകിലുമാ-
ക്കസ്തൂരികർപ്പൂരവും
പുക്കലത്തരിചന്ദനാദികളുമാന്
വെട്ടിത്തിളപ്പിച്ചിടും
തൽക്കാലംതരമാസ്സലുക്കഴിയുവാ-
നുള്ളോരുവെള്ളംവിഭോ! 303
ഈവിധംപറയുന്നോനീ * * * *
നല്ലയോഗമിതുനല്ലസൌഖ്യവും
നല്ലയോഗ്യതയുമുണ്ടതെങ്കിലും
അല്പയോഭവതിചൊല്ലുബുദ്ധിമു-
ട്ടല്ലയോനിരുപമാംഗി!നിത്യവും. 304
‘സുരുചിരാംഗസുഖംപണിയെന്നുമൽ
സുരതസൂചനിയായിടുമിസ്സഖി
വിരവിലിങ്ങിനെവട്ടമൊരുക്കിടും
വിരസയല്ലിവൾവീരശിഖാമണേ!’ 305
ഈവിധംപറയുന്നോനീ * * * *
രാജസമമ്പോസദചിജ-
രാജസമാനപ്രസന്നതരസഫിതേ!

രാജസമല്ലിതുസദാപിജ-
രാജസമാനപ്രശസ്തഗുണവാസതേ! 306
'നഭസ്ഥനക്ഷത്രകദംബനാഥ
ഗഭസ്തിമഞ്ജുന്നൊരുതുംഗകീർത്തേ!
ശുഭത്തിനും ശുദ്ധമതിനുമാണെൻ
പ്രഭുത്വമല്ലീവകതെല്ലുമോഹം' 307

ഈവിധം പറയുന്നോ നീ * * * തന്വിമാക്കൊരു * **

ഇത്രരജോഗുണമൊത്തി-
ട്ടിത്തരുണിയ്ക്കൊത്തുനാസ്തിവേറെയൊരുത്തി
എത്രയുമഴകുവരുത്തി-
ട്ടത്രയെഴുംനന്നിതിൻെറവേശ്യാവൃത്തി. 308

വിധമുള്ള * * * *

മതിനേർമുഖി! വിസ്താരം മതിനിൻപല്ലുതേപ്പിത്
മതിയാക്കുകവന്നാലും മതിമോദാൽമനോഹരേ

തന്വിമാക്കൊരു * * * *

പരന്നമോദത്തൊടുപല്ലുതേപ്പി
മരന്ദനേർവാണികഴിച്ചുകൂട്ടി
ഇരുന്നിടിക്കീന്നെഴുന്നേറ്റുമന്ദം
വരുന്നുവക്ത്രംവടിവോടുതോർത്തി. 310

കല്യാത്മകർകളമോടടുത്തഹമിരു-
ന്നീടട്ടെയെന്നോതിനൽ
കല്യാണിമണിയാളിരുന്നിതവിള-
ച്ചുണ്ടാത്തോഷമിത്തോഴിയേ

തെല്ലുംതാമസിയാതെതെക്കകടമാ
ളൂർത്തിരെത്താരെൻപിച്ചള-
ച്ചെല്ലുംകൊണ്ടിഹവന്നിടെന്നിവൻനിയോ
ഗിക്കുന്നുനിസ്സംശയം. 311

'കാണ്മാറില്ലിത്രനാളുംകനിവിനൊടെവിടെ
പ്പോയ്ഭവാൻ'ഞാൻകനിഞ്ഞാ
ക്കാമാരിശ്രീപുരേപോ'യവിടമതിൽവിശേ-
ഷങ്ങളെന്തൊ'ന്നുമില്ല
'സാമാന്യംസൌഖ്യമല്ലേസരസമദനല-
ക്ഷ്മിക്കുമിന്നാത്മജക്കും
ക്ഷേമംതന്നേനിനച്ചാൽകെടുതിപറവതി
ന്നില്ലവൎക്കുംമകൾക്കും. 312

മോദിച്ചുനല്ലകുശലങ്ങളിതിൻറമാത്രം
ചോദിച്ചതെന്തവിടെനാരികളേറയില്ലേ?
വാദിച്ചിടേണ്ടബഹുപഥ്യമതാണതാണു
ചോദിച്ചതിപ്പൊളണുമാത്രമിതിൻറമാത്രം

തന്നാലിമാരെക്കാരു * * * *

കല്യാണാംഗിയതായൊരിക്കമനിതാൻ
കല്പിക്കയാൽചെന്നെട
ത്തുല്ലാസേനമുറുക്കവാൻമുദിതയാ
യുൾച്ചേരുമിച്ചേടിയും
ചെല്ലുംകൊണ്ടിഹവെച്ചിടുന്നിതമുറു-
ക്കാമെന്നുനമ്മോടുടൻ

മെല്ലെപ്പുഞ്ചിരിതൂകിനമ്മകലയ്യം
ചൊല്ലുന്നുകില്ലെന്നിയേ. 314
നമ്മകളേ!ബതനീയും
നന്മയിലധുനാമുറുക്കുകെന്നേവം
നമ്മൊടോതിവിടേന്ദ്രൻ
നന്മതിയോടുംമുറുക്കതുടരുന്നു. 315
തന്നാിമാക്കോരു * * *
കൊണ്ടാടിമേളിച്ചിവളുംമുറുക്കി-
ക്കൊണ്ടാശുകണ്ണാടിയെടുത്തുനോക്കി
ചുണ്ടുംനനച്ചിങ്ങമരുന്നുതത്ത-
ച്ചുണ്ടെന്നപോലൊന്നുചുകന്നുചിത്രം. 316
പട്ടണിസ്തനി!സുഖംമുറുക്കിതിൻ-
വട്ടമെത്രമിനുസംമൃഗേക്ഷണേ!
കിട്ടുകില്ലിതിനുതുല്യമെങ്ങുമെൻ-
വിട്ടതല്ലപികവാണിമാർമണേ! 317
പൊട്ടയാണുമുറുക്കിന്റെ വട്ടമൊക്കയുമെങ്കിലും
തുഷ്ടനാകേണമീഭംഗിതട്ടിട്ടന്നെന്തിനാണഹോ!
ഈവിധംപറയുന്നോനി * * * വിധമുള്ള * * *
ചന്ദ്രൻതാണുതൊഴുന്നചാരുവദനേ!
സ്നാനാദികൾക്കേററമി-
ങ്ങിന്നെന്താണൊരമാന്തമായിഹവസി-
പ്പാനിത്തണുപ്പാകയോ
എന്നല്ലേകളിയിന്നലെപ്പൊടിപൊടി-
ച്ചുണ്ടായുറങ്ങീല്ലതൊ-

നിന്നെൻകണ്ണുപുളിച്ചിടുന്നുപൊളിയ-
ല്ലിപ്പോഴമയ്യോ!പരം
ഇപ്പൊഴേഞാനുണ്ണൽള്ള കെല്പെഴുന്നവിടപ്രഭോ!
ഇപ്രകാരമതായീടാൻ വിപ്ര!മറെറാന്നുമല്ലഹോ!
ഈവിധംപറയുന്നോനീ * * * വിധമുള്ള * * *
ഇന്നലെക്കളിയുണ്ടായോനന്നായോമിശ്രമായിതോ?.
നന്ദിയിൽകഥയേതെന്നുചൊന്നാലുംശുകവാണി!നീ,
സർവ്വംചൊല്ലുവനംബരീഷചരിതം
സാക്ഷാലതിൽബ്രാഹ്മണൻ
ഭവ്യൻതാൻനവകുഞ്ചനുംനവരസാ-
ഢ്യൻതാൻനവാഡംബരൻ
ദുർവ്വാസാവതുമംബരീഷനവനാ-
രെന്നോമഹാബുദ്ധിമാ-
നവ്യാജൻദ്വിജഭക്തനീക്കളിവെട്ട
പ്പായെൻവിടപ്രൌഢഭോ! 322
പറയാംനവകുഞ്ചൻെറ പറയൻതുള്ളലിന്നുമേ
വരമഞ്ചത്തിലുണ്ടിങ്ങു വരണംരാത്രിയിൽഭവാൻ
ഈവിധംപറയുന്നോനീ * * * വിധമുള്ള * * *
നാളീകതുല്യമിഴി!നമ്മകലേ!മനസ്സി-
ലാളീടണം രസമതെങ്കിൽദിനങ്ങൾതോറും
കേളീവിധങ്ങളതുവല്ലതുമൊന്നുവേണം
കേളീവിധത്തിലതുനമ്മുടെശീലമല്ലേ? 323
വരവാണീമണേ!രാത്രി വരവാണിന്നിദുർഘടം
വരവണ്ണിനി!യെന്നാലുംവരുവൻവഷളാകിലും.

ഇതെല്ലാമിരിക്കട്ടെരംഭോരു!നിങ്ങൾ-
ക്കതെല്ലാംനിതാന്തംസുഖംതന്നെയല്ലേ?
ഇതെന്തുള്ള നിസ്സാരമിപ്പോൾവിശേഷി-
ച്ചതെന്തുള്ളചൊന്നാലുമിന്നായതെല്ലാം 326

മല്ലാരിതൻതിരുമനസ്സതുകൊണ്ടുഞങ്ങൾ
ക്കെല്ലാമതീവസുഖമാണുസുമാസ്ത്രമൂർത്തേ!
ഇല്ലൊ്വിശേഷവിധിയൊന്നുമതിപ്പൊളെന്നു
ചൊല്ലാംഭവാനുമിഹസമ്പ്രതിസൌഖ്യമല്ലേ!

ഈവിധംപറയുന്നോനീ * * * വിധമുള്ള * *
നിങ്ങൾക്കസുഖമാണെങ്കിൽ ഞങ്ങൾക്കാമയമാകുമോ?
അംഗംരണ്ടുനമുക്കന്തരംഗമൊന്നേവമല്ലയോ?

ലളിതസിതയതാകുംനിന്മകൾക്കിപ്പൊളാരാ-
ജ്ജളഭരതനതായോരാരണൻതന്നെയല്ലേ?
അളികുഴലിയവൾക്കിക്കാന്തനാംജന്തുവെന്നാ-
ജ്ജളതയൊഴികെവേറിട്ടൊക്കയുംസൌഖമല്ലേ?

‘ആമൂർഖന്റെവിധങ്ങളമ്പൊടറിവു-
ണ്ടല്ലോമഹാസൌഖ്യമു-
ണ്ടാമോഭർത്തൃസുഖംകുറഞ്ഞതരുണി-
യ്ക്കെന്തോസുഖംതോന്നുമോ?
നാമോത്തുന്നതുമെന്തിനീവിഷയമ-
ല്ലാതുള്ളതെല്ലാംസുഖം
സാമോദാലവൾപെററാരുണ്ണിയുള്ളവായ്
ശേഷംവിശേഷംവിഭോ! 330

അത്തുവ്വോനന്നായീക്കഥയഹമറിഞ്ഞില്ലകളിയ-
ല്പിതെന്നോടോതീട്ടില്ലൊരുവനുമിതിൻമുമ്പിലബലേ
ഹിതംപോലിന്നോണപ്പടവഭവതിയ്ക്കാണിതിനുവി-
ദ്ധതംഞാനേകീടേണ്ടതുമതിഫലാഭംബഹുസുഖം
എന്നുപെററിത്തുകിടാവിനുംസുഖം
തന്നെയോബതമകൾക്കമിന്നഹോ?
‘ധന്യശീല!ധനുമാസമാദ്യമാ-
ണൊന്നുമില്ലൊരുവിശേഷമോതുവാൻ
പാർത്തീടിൽപ്പലതുണ്ടുവാർത്തതരമ-
ല്പിപ്പോൾകുളിയ്ക്കാതിനി-
പ്പാർത്താൽപന്തിയതല്ലരാത്രികമ്പളം
പററിയ്ക്കുമോകാണുമോ?’
ഓർത്താൽജ്ജോലിയതൊന്നുമില്ലകമ്പളി-
യ്ക്കില്ലിന്നതിബ്രഹ്മനാ-
ണാത്താമോദമുടൻവരാം‘വരികിലോ
ചൊല്ലാമതെല്ലാമഹം’ 333
വൈകുന്നുനേരമതുകൊണ്ടിനിഞാനുമെന്നാൽ
പോകുന്നുമൽസ്മരണയൊന്നിതുവേണമെന്നും
രാകേന്ദുരമ്യമുഖി!മേലിലഹോകണക്കി-
ലാകുംനിനക്കതിനിരാത്രിയിൽവന്നുകൊള്ളാം
മന്ദംമഴക്കാറിൽമറഞ്ഞൊളിച്ചീ-
ട്ടുന്നൊരുചന്ദ്രകലയെന്നപോലെ
ഇന്നീയകത്തേയ്ക്കിവൾപോയിടുന്നു
നന്ദിച്ചുഞാനുംനടകൊണ്ടിടുന്നു. 335

പാരാതിങ്ങിനെപാൎത്തുപത്തടിനട-
ന്നപ്പോൾപഴന്നൃവറു-.
ത്താരാണിങ്ങറിയുന്നതിത്രബഹ്മമാ-
നിക്കാതിനിക്കായത്
നേരായിട്ടറിയേണമെന്നുകരുതി-
പ്പെട്ടന്നുഞെട്ടിത്തിരി-
ഞ്ഞാരാലങ്ങിനെനോക്കിനിന്നഥവിചാ-
രിക്കന്നുവീരൻവിടൻ 336
ഞാനിത്രനേരവുമിരുന്നൊരുനല്ലകുഡ്യ-
സ്ഥാനത്തുതെല്ലരികിൽനമ്മകലാസമീപേ
മാനിച്ചതിന്നുതുണയായിഹനിന്നിരുന്ന
സൂനാംഗിയാംസുരതസൂചനിയാണിതല്ലോ.
എന്താണടക്കലിതുവന്നുപുറത്തുപൂവു
സന്തോഷമോടടനെറിഞ്ഞതുകമ്പമുണ്ടോ?
എന്തോരുശ്ലധമതിനെന്നുനടിച്ചിടുന്നു-
ണ്ടെന്തെങ്കിലുംചിലതുചോദ്യമിടുന്നുഞാനും
ഇപ്രകാരംവിചാരിച്ചുനൽപ്രവളാംഗിയോടഹോ!
ക്ഷിപ്രമേവമുരയ്ക്കുന്നുവിപ്രവൎയ്യൻവിടേശ്വരൻ
അഭ്രകേശിനി!പരിഭ്രമിച്ചുകൊ-
ണ്ടഭ്രവാരണഗതേ!മമാന്തികേ
വിഭ്രമത്തൊടിഹവന്നതെന്തെടോ!
സുഭ്രു ഹേസുരതസൂചനി!പ്രിയേ! 340
'അല്പംശ്ലധംകഥിപ്പാനാ
ണിപ്പോൾഞാൻപിന്നിൽവന്നത്'

ക്ഷിപ്ര്രമെന്നാൽപറഞ്ഞാലും
സുപ്രസന്നതരാനനേ! 341
'വന്നിഷ്ടത്തിനുവല്ലത്തുംപറകയ
ല്ലെൻപത്തനത്തിൽഭവാൻ
വന്നിട്ടിപ്പൊളൊരാണ്ടുപോരമമത-
സ്ത്രീമ്മട്ടുകമ്മിട്ടതോ
ഇന്നൊട്ടുംവിഷമിച്ചിടേണ്ടിവിടെവ-
ന്നീരാത്രിയിൽത്തുള്ളക-
ണ്ടെന്നിട്ടെൻെറപുരത്തിലേസ്സൗധകട-
ന്നീടാംകിടന്നീടുവാൻ 342
അല്ലാതങ്ങിവിടത്തിൽവന്നഥപര-
ങ്ങീടിൽക്കിടപ്പാൻകിട-
ഷ്ലില്ലാതെല്ലൊരുപായയുംബതപുത-
പ്പുംവന്തണെപ്പല്ലയോ?'
ചൊല്ലാംനമ്മകലസ്സൂഹന്തമൃഷിയേ-
ണ്ടെന്നോർത്തുടൻചൊന്നതാ-
ണല്ലാതുണ്ടൊരുകാര്യമിങ്ങുവരിക്കി-
ല്ലീരാത്രിമൃഗാത്രിഞാൻ 343
അക്കാര്യമമ്പൊടുകഴിച്ചൊരുപാതിരസ്സ
നല്ലൂാറാണിക്കഴലി! നിൻനിലയത്തിലെത്താൻ
നോക്കാമുപായമൊരുപേക്ഷയതില്ലിതെൻെറ
ഭോഷ്കല്ലനമ്മകലയോടുപറഞ്ഞപോലെ.
'അല്ലതിലല്ലലൊടിവിടെ-
ക്കല്ല്യമതേ! വന്നുബുദ്ധിമുട്ടേണ്ട

നല്ലതതാണന്നുത്തമം
കില്ലതിനുണ്ടോമനസ്സിൽമടിയുണ്ടോ? 345

ട്ടത്താണവരൻദുരാഗ്രഹമെന്നി-
സ്സില്ലൊട്ടുമമ്മസ്സുമി-
ങ്ങേറെപ്രീതിയതുണ്ടതല്ലതവണ-
സ്സാധംമാററമാണിങ്ങുമേ
ആറാശ്വാസമെനിസ്സുഗർഭമവിടെ
ശങ്കാവില്ലവേറിട്ടുമി-
ല്ലാരുംമൽപടിഞ്ഞാനടസ്സുകയുമി-
ല്ലിന്നിത്രപോരേപ്പുരേ? 346

ധാരാളമായിനിനിനയ്യൊരുവസ്തുവേണ്ട
നീരാളനിസ്തുലരുചേ!നലമോടുനമ്മെ
നൂറാളുവന്നുപിടികൂടുമതാണുശല്യം
വാരാളമുൽക്കടവലാഹകവേണിയാളേ! 347

തനുച്ചിമാക്കൊരു * * *
പരിചോടിഹപേരെനിസ്സിതെന്നി
പ്പറയുന്നോരിവൾതൻെറവാക്കതന്നെ
പരമാത്ഥമതാക്കിടുന്നുപിന്നെ-
പ്പരബോധത്തിനുവേറെയൊന്നുവേണോ?

വിധമുള്ള * * *
കരുനിവൃത്തിയതുണ്ടിതിനെങ്കിൽഞാൻ
വരുമിനിത്തികവാക്കുകവേണ്ടനീ
കരുകുഴക്കൊരുവേളഭവിസ്സിലും
പരിഭവിസ്സൊലപങ്കജലോചനേ. 349

പാരംഭയത്തൊടുപറഞ്ഞൊരുമൽപകിട്ടു-
നേരെന്നുറച്ചിതരസിച്ചുമദിച്ചുമന്ദം
ഏറുന്നഭംഗിയൊടുപോയ്പുരതന്നകത്തെ-
ങ്ങേറുന്നനന്ദിയൊടുനന്നിവൾനാരിയല്ലേ?

ഏവംപരംഹൃദിനിനച്ചുവിടൻധരിത്രീ-
ദേവൻപടിപ്പുരപ്പുറത്തുകടന്നുപാരം
ആവീതിയോടുവിലസുന്നവിശേഷവേശ്യാ-
സ്ത്രീവീഥിതന്നിലഥനിന്നുനിനച്ചിടുന്നു. 351

എന്നാലെന്താണുകർത്തവ്യമെന്നാലൊന്നിനിയെന്നഹോ
നന്നായ്ത്തോന്നിച്ചിടട്ടേഗോവിന്ദൻഗോപീകുചപ്രിയ
ലാക്കിലേവമുറച്ചങ്ങു * * * (ൻ

ഗൌരീശങ്കരമൊന്നുതൻഗളമതിൽ
കെട്ടീട്ടുടൻമഞ്ഞളി-
പ്പേറീടുന്നൊരുപട്ടുടുത്തുവരിയായ്
ഭസ്മംധരിച്ചങ്ങിനെ
പാരീരേഴുമുലസ്സുമാറുവെറിയാ-
യുച്ചത്തിലോരോന്നുര-
ച്ചാരിവന്നണയുന്നതമ്പട! വസൂ-
രിക്കത്തുമത്ത്യൽക്കടം 352

മന്നൻഫലണ്ടാകരാളക്ഷിതിവിബുധനതാ
ല്ലേയിതെത്തുന്നുനേരി-
ട്ടുന്നംഭീമൻകണക്കെച്ചിലചപലവചസം-
സാരമാസ്സാരമെന്ന്യേ

നിന്നുച്ചത്തിൽത്തുടങ്ങുംദ്ധ്വമിന്നിയിതൊരാ-
ചത്തുപോകട്ടെമിണ്ടേ-
ണ്ടൊന്നിച്ചില്ലെന്തതാവോ!പിറകിലതിമഹാ
തുഷ്ടരായ്ശിഷ്യരാരും 354
അല്ലാവിദ്യാനട്ടത്തെത്തിയല്ലേകാര്യംകുഴങ്ങിഞാൻ
നില്ലാതിപ്പോൾകടന്നൊന്നുംചൊല്ലാതെപോകിലുത്ത
കണ്ടില്ലെന്നുംനടിച്ചിക്കളെവൊടയിഭവാ- (മം
നെങ്ങുപോകുന്നതമ്മിൽ
കണ്ടിട്ടൊട്ടായികാലംമമകഥകൾസഖേ!
ഹന്ത!ചിന്തിക്കയില്ലേ?
കണ്ടിക്കാർവേണിമാർക്കിന്നൊരുതൊടുകുറിയാം
സത്യശീലാവിലാസം
കണ്ടാക്കാമാഗ്നികത്തീട്ടവിരതമകമു-
ഷ്ണിച്ചുകഷ്ണിച്ചിടുന്നു' 355
ആട്ടേവിചാരിക്കമതിപ്പോളെന്നാൽ
പോട്ടേതിടുക്കംപലതുണ്ടിതോഞാൻ
കേട്ടേനതിജ്ജാലികളൊന്നുതീർന്നി-
ട്ടാട്ടേനടത്താംവ്യസനംകെടുത്താം 357
ഈവണ്ണമോതിയവനെന്ത്വത!വിട്ടുനല്ല
ഭ്രുവിണ്ണവക്കവിലസുംകുറിയാംവിടേന്ദ്രൻ
ഭാവംതെളിഞ്ഞുകുറെയങ്ങുനടന്നുപിന്നീ-
ടേവംതിരിഞ്ഞവിടെനിന്നുനിനച്ചിടുന്നു 358
മൽക്കള്ളവാക്കതൊട്ടുകേട്ടിവൻതാ-
നവൾക്കൊള്ളമുത്സാഹമിയന്നിടാനീം

ചിക്കെന്നുചീററിച്ചിലശബ്ദമിട്ടു
നില്ലാതെപോകുന്നിതുപോക്ക്പോലെ 359
ലാക്കിലേവമുറച്ചങ്ങു * * * *

പാരംഭംഗ്യാവിളങ്ങുന്നിളമതിലതിലും
പൂമലക്കാവുരാജ-
ദ്വാരം ദ്വാരാവതിയ്ക്കൊത്തൊരുപൊലിമപൂത്തു
പ്രൌഢിയിദ്ധാടിയോടേ
നേരകാണുന്നുനേരററൊരുമഹിതമഹാ
ഹർമ്മ്യമേതാണിതയ്യോ!
സാരംകിട്ടീസമസ്തംലളിതസിതയെഴും
രമ്യമാംഹർമ്മ്യമല്ലോ. 360

പോണോപൂർണ്ണരസത്തൊടിപ്പൊളുവിടെ-
യ്യൊന്നെന്തിനാണിന്നതോ
പോണോസാദ്ധ്യമതില്ലവല്ലതുമിനി-
പ്പോയെങ്കിലായെങ്കിലോ
വേണോസംശയമായുറപ്പതിനുപാ-
യംകണ്ടുരണ്ടെങ്കിലും
പൂന്തൽപ്രശ്നമതാണിരട്ടവരികിൽ
ചൊവ്വല്ലപോവില്ലഞാൻ 361

തെററന്നിത്ഥമുറച്ചുകൈവിരലതിൽ
തൻപൂണനൂലങ്ങുടൻ
ചുററിച്ചുററിയതെണ്ണിയങ്ങഥപിഴ-
ച്ചീടാതഴിച്ചപ്പൊഴേ

ഒററപ്പെട്ടിതുശങ്കതീൻവഴിയിൽ
    സന്നദ്ധനായ്നിന്നുടൻ
ചെറേറാക്കുന്നുന്നതാംഗിരിയിൽകൊതിവിടാ-
    ത്തേവംവിടാധീശ്വരൻ. 362

ഇല്ലഭരതനതെന്നകാന്തനിപ്പോൾ
ജളതപറഞ്ഞുഞെളിഞ്ഞൊഴിഞ്ഞിടാതെ
നളിനശരനവീനകീർത്തിയായോ-
രളികുഴലാളവൾതന്നടുക്കലുണ്ടോ? 363
ഉണ്ടെങ്കിലെന്താണവിടെയ്ക്കുപോണം
രണ്ടെങ്കിലുംതാണലസുന്നതല്ലേ
കണ്ടെങ്കിലെന്താണവനിന്നുദ്വേഷ്യം
കൊണ്ടെങ്കിലെന്താണതുതേങ്ങയാണ്. 364
ഇവിടെച്ചെന്നുകടന്നി-
ട്ടിവളെപ്പിട്ടിൽപകിട്ടിടേണമഹോ
ഇവചിന്തിച്ചഥചെന്നി
ട്ടവളെത്താൻപാർത്തുപാർത്തുപാർത്തുവിടൻ.
വെള്ളക്കണ്ണാടിവെള്ളസ്ഫടികമണിവിള-
    ക്കച്ചടിസ്ഥീലമേലാ-
പ്പുള്ളംകാൽതെററിവീഴന്നൊരുന്നിലമണിനീർ-
    പ്പൂമുഖിപ്പൂമുഖാന്തേ
കൊള്ളാംമിക്കണ്ടകോപ്പെങ്കിലുമൊരുരസമി-
    ല്ലിങ്ങുനില്പാനകത്തി-
ങ്ങുള്ളോരീയുള്ളിനാറേറാശിവമയമിന്നിമേ-
    ലൊക്കമേലൊക്കെനാറും. 366

എന്നാലുമസ്സൂവിടനിങ്ങിനെപാൎത്തുതന്നാപി
തന്നെത്തിരഞ്ഞവിടെയൊക്കെനടന്നുനോക്കി
എന്നിട്ടുകാണ്മതിനുപൊങ്ങിമറഞ്ഞകത്തു
ചെന്നിട്ടുകണ്ടുപുനരിത്തരമാൎത്തിടുന്നു. 367
തൈലംതാൻതന്നെപൊത്തിത്തലമുടിമുറുകെ
കെട്ടിനിൎത്തീട്ടുവട്ട-
ശ്ശീലക്കെട്ടൊന്നുകെട്ടീട്ടുടനുടനെമുറു-
ക്കിക്കരിഞ്ഞുണ്ടമാക്കി
മാലേന്ന്യമത്താൾചന്തൊരുടുപുടവമുല-
ക്കച്ചയോടുംമലന്നാ-
ക്കാലുംനീട്ടിക്കിടപ്പാണിവൾചെറിയകയർ-
ക്കട്ടിലിൽക്കെട്ടിയുണ്ടേ.
കിണ്ണംകിണ്ടികരണ്ടിയുള്ളിചെറുപി-
ഞ്ഞാണംമഹാരക്ഷയാം
വണ്ണംകാച്ചിയമോരുകത്തിലമെഴ-
ക്കോലുംകളിപ്പാക്കഹോ
എണ്ണക്കുപ്പികൾതേക്കിലപ്പൊതികളി-
ന്നൊട്ടപ്പനന്നീവക-
ക്കണ്ണിൽക്കണ്ടൊരുശപ്പുശിപ്പുചവറി
ക്കട്ടിൻച്ചുവട്ടിൽസുഖം. 370
'ഇതെന്തുകഥയാണൊക്കിലിതിപ്പോളെഴുന്നേറ്റുഞാൻ
അതിസന്തോഷമാസ്വക്രൂസ്തുതിയല്ലിതുകേവലം'
മതിമതിസമയോചിതംകണക്കാ-
യത്രമതിനിന്നുടെലൌകികോപചാരം

മതിയതിലതിതുഷ്ടിയായിടാന്റിം
രതിപതിരാജവിരാജരത്നഗണേ! 372
ഭവിഷ്ണിനിലളിരസിതേ!
ഭവൂകംഭണിതാവധൂതലളിതസിതേ!
ഭവത്തുമഹാഗ്ഗുണലസിതേ!
ഭവഭ്രഷാരത്നരമ്യകരലസിതേ! 343

* * * * * * *

* * * * * * *

അത്യന്തമൂഢതയെഴുന്നവർ ചെയ്തിടുന്നു
വൃത്താന്തമൊക്കെയുമഹോവിടനിപ്രകാരം
ചിത്തത്തിലോർത്തഥനടന്നുവലത്തുഭാഗ-
മത്തവ്വിലമ്പിനൊടുകണ്ടുനിനച്ചിതേവം. 374
കന്നൽവേണിയതായീടും തന്നുചിസംഗീതമഞ്ജരി
ഉന്നതപ്രമദംവാഴും ധന്യമാംധാമമാണിത്. 375
വീണാപാണികളായതുംബുരുമഹാ-
ശ്രീനാരദന്മാരെയും
ചേണാർന്നീടിനരംഭമേനകയുമാ-
യൊത്തുള്ളനൃത്തത്തെയും
വാണീദേവിയെയുംകദംബവിപിനേ
ചിത്രത്തിലിപ്പൊളിതാ
കാണുന്നിപ്പടിചൊല്ലിടുന്നിതിവർതൻ
വീടെന്നുകേടെന്നിയേ. 376
നടന്നുപിന്നീടതിനങ്ങകത്തു
കടന്നുകൌതുഹലമോടുകൂടി

വിടൻപുരോഭാഗമതിങ്കൽനോക്കി-
ട്ടുടൻനിനച്ചാനവൾതൻവിലാസം. 377
വീണാതന്ത്രികൾമീട്ടീട്ടമൊളിളകും
കൈമോതിരത്തിൻമണി-
ശ്രേണീശോഭകൾമിന്നൽപോലെസതതം
ചിന്നിച്ചുകൊണ്ടേററവും
കാണിയ്ക്കിന്നവൾകണ്ണുടച്ചുകളുമായ്
പാടിപ്പുറംതന്നിലീ-
ക്കാണുന്നോൎക്കുസുഖംകൊടുത്തുതറമേൽ
മേവുന്നിതാവിന്മുദാ. 378
പിന്നെയുംകാമമോടോമൽത്തനൂചിയെക്കണ്ടുകൊണ്ടവ
നന്നനന്നിവൾവാഴുന്നതെന്നുകല്പിച്ചിതേററവും. (ൻ
സൌരഭ്യംപാൎത്തണഞ്ഞുള്ളളിയൊടുമുടികെ-
ട്ടററഹോ! ദക്ഷിണാംസേ-
ചേരുന്നുപൊന്മണിത്തക്കകളുടയൊരണി-
ക്കാതുഴിഞ്ഞാലുപോലെ
പാരാതാടുന്നിടത്തേമുലമലയജവും
ചേൎന്നമിന്നുന്നുവീണ-
യ്ക്കാരോമന്മദ്ധ്യഭാഗേപുത്തമയൊടിടചേ-
ൎത്തുള്ളൊരാലാബുപോലെ. 380
അത്ഭുതമിന്നിവളെന്നെ-
ക്കെല്ലോടേകാൺകകൊണ്ടുചേഗേന
അഭ്യുത്ഥാനംചെയ്യു-
ന്നിപ്പോളതിന്നാലിവണ്ണമോതുന്നേൻ. 381

മതിമതിയുപചാരംപാരമീവണ്ണമെല്ലാ-
മതിരുചികലരുംനീയെന്തിനായേററിടുന്നു?
ഇതുപൊഴുതുവിശേഷാൽനല്ലവിദ്യാപ്രയോഗേ
മതമിതുസകലജ്ഞംമാനിനിമൌലിമാലേ!
നല്ലാർകുലമണേ!പാരം നല്ലോരീപ്പീഠമായതിൽ
ഉല്ലാസേനവസിയ്ക്കാമെന്നല്ലയോചൊല്ലിടുന്നുനീ
പിന്നെപ്പൊന്മണിപീഠാഗ്രംതന്നിലമ്പോടിരുന്നവൻ
ഒന്നുമന്ദസ്മിതംതൂകിച്ചൊന്നാൻനന്ദിയൊടിങ്ങിനെ.
എന്താണിപ്പോൾകഥിയ്ക്കുന്നതുബഹുകുശലം
തന്നെയല്ലേ?ഭവാനും-
സന്തോഷത്താൽനമുക്കിന്നിതുസുദിനമതാ
യെന്നിതോചൊന്നതുംനീ
സന്തോഷത്താൽനമുക്കിന്നിതുസുദിനമതാ-
യെന്നുഞാൻചൊല്ലിടേണ്ടും
ചന്തംചേരുന്നവാക്യംമധുരമൊഴി!ബലം
കൊണ്ടുനീകൊണ്ടുപോയാൾ. ൩൮൫
എന്നാൽപരംസുദിനമായിതുരണ്ടുപേക്ഷ-
മെന്നോപയോജനയനേ!പറയുന്നതിപ്പോൾ
നന്നായതീവനിപുണതമെഴുന്നനീയി-
ച്ചൊന്നോരുവാക്യമിവിടെബ്ബഹുയുക്തമത്രേ. ൩൮൬
അസിതാക്ഷി!നിനക്കിന്നുഹസിതേ!സുഖമല്ലയോ?
വസുവേറുന്നനിൻകാന്തൻവസുശർമ്മാവിനുംപ്രിയേ!
സുഖമെന്നുകഥിയ്ക്കുന്നോ സുകുമാരാംഗിമാർമണേ!
സുഖിയാമവനെങ്ങിപ്പോൾശുകവാണി!വസിപ്പതും?

ഇദ്ദിക്കിലില്ലനിജവാസഗൃഹത്തിലാണി
ന്നദ്ദേഹമെന്നുപരിചിൽപറയുന്നുവെങ്കിൽ
ചോദ്യംനമുക്കിനിയുമൊന്നിഹനാവിൽവന്നു
വിദ്യാവിലാസനിലയേ!വിളയാടിടുന്നു. 390

തിങ്ങുന്നമോദമൊടുചൊല്ലുകചോദ്യമെല്ലാ-
മങ്ങുന്നതെന്നുപരിചിൽപറയുന്നിതോന്നീ
സംഗീതമഞ്ജരിതവപ്രിയജാരനായ
സംഗീതകേതുവിനുമിന്നയി!സൌഖ്യമല്ലേ ?

എങ്ങുന്നുണ്ടായതിപ്പോളിതുശിവ!ശിവ!ഞാൻ
കേട്ടതില്ലിശ്ശശത്തിൻ-
ശൃംഗംനല്ലംബരപ്പൂവിവയൊടുശരിയാ-
യൊത്തൊരീവൎത്തമാനം
ഭംഗ്യാനീയിത്ഥമോതിക്കഥകളിതുമറ-
ക്കുന്നുവെന്നാകിലോഞാ-
നെങ്ങുംകേട്ടീലകണ്ടീലയിസുമുഖി!തെളി-
ഞ്ഞിതിനുമറെറാന്നുചൊല്ലാം. 391

നേരംപോക്കിനിവേണ്ടതെല്ലമപര-
സ്ത്രീലോകമോടുംമുദാ
ചേരുമ്പോളിവചെയ്തിടാംകളികളെൻ-
കല്യാണഗാത്രി!പ്രിയേ!
പാരംപ്രീതിയൊടെൻറനൽച്ചെവികളിർ-
പ്പിക്കേണമേനീസുധാ-
സാരംപെയ്യൊരുവല്ലകീഗളരവ-
ത്താലിന്നുമാലെന്നിയേ! 392

.AYAM PUBLIC LIBRARY
KOTTAY.M.

ചൊല്ലുന്നെന്തുഭവാനഭീഷ്ടമതെഞാൻ
ചെയ്യാമതുംതന്നെയ-
ല്ലെല്ലാവിദ്യയെഴുംഭവാനുടെപുരോ-
ഭാഗെപ്രയോഗിക്കുകിൽ
മെല്ലെന്നെന്നുടെവിദ്യനല്ലരുചിയാം
പൊന്നിന്നുചെന്തീയിലാ
ണല്ലോദോഷഗുണങ്ങൾകാണ്മതുമതെ-
ന്നോതുന്നിതോനീപ്രിയേ! 393

അതിരസികതചേരുംനിൻെറഗീതങ്ങൾകേൾപ്പാൻ
മധുരമൊഴി!യിതെല്ലാംനന്മയിൽസമ്മതിക്കാം
ഇതിരസമൊടുചൊല്ലീട്ടായവൻനല്ലവീണാ-
ചതുരരവമൊടൊത്താപ്പാട്ടുടൻകേട്ടുപാർത്താൻ.

ചിത്രംവീണാനിനാദത്തൊടുസദൃശമതാ-
കുന്നുശാരീരനാദം
ചിത്രംചിത്രംസ്വരംസർവ്വവുമധികതരം
വ്യക്തമാകുന്നുയുക്തം
ചിത്രംതാളംപാടിക്കുന്നതിന്നരിയമഹാ-
കൌശലംപാർത്തുകണ്ടാ-
ലിത്രൈലോക്യത്തിലിപ്പോളിവളൊടുശരിയാ-
യ്നാരിമാരാരുമില്ല. 395

അന്യൂനവിദ്യയുമഹോ!കളവററകാന്തി-
മിന്നുന്നമേനിയുമിവൾക്കിടചേൎന്നതോൎത്താൽ
ചിന്നുന്നശോഭകലരുംമണികൾക്കൊരുന്നാൾ
വന്നീടുമേമണനവുമെന്നുനിനച്ചിടുന്നേൻ.

[illegible]ാട്ടുകേട്ടുടനീവണ്ണം പെട്ടന്നോൎത്തിതുമാനസേ
പുഷ്ടമോദമവൻപിന്നെസ്സ്പഷ്ടമായിട്ടുചൊല്ലിനാൻ.
കളഗാനങ്ങൾകൊണ്ടിപ്പോൾ തളരുന്നിതുനീപരം
തെളിവോടായ[illegible]

ബാലേപൊട്ടു[illegible]
[illegible]ംശപസാ[illegible]
മാലേയാങ്കിത[illegible]
ഭംഗ്യാകുലുങ്ങുന്നഹോ!
ബാലേ!പൊന്മണിമോതിരങ്ങൾവിലസും
നല്ലംഗുലം കമ്പിയിൽ
ചാലേമീട്ടുകയാലിരട്ടിവിരവോ-
[illegible]കതമാകുന്നതേ.

പരം[illegible]ഹാബുദ്ധിയെഴുംഭവാൻെറ
പരേം[illegible]ജ്ഞാനമതെന്തുചൊൽവൂ
പരന്നകൌതൂഹലമോടിവണ്ണം
[illegible]നാപരപുഷ്ടവാണി!

എ[illegible]നീയിന്ദുബിംബസമാനനേ!
ഒന്നുഞാന[illegible]നാട്ടുനന്നായ്പ്രാൎത്ഥിച്ചിടുന്നുകേൾ

വ[illegible]നിഞ്ഞിടുംപരിമളം-
[illegible]
[illegible]ട്ടുമയ[illegible]
[illegible]
ഉണ്ടോയ്യ്യേ[illegible]തിന്നിരണ്ടേഴൽപെട്ട-
ന്നിപ്പോളതിന്നുത്തരം

കണ്ടാൽസുന്ദരി!തൃപ്തിചെയ്യപറവാ-
നെന്തുള്ളപക്ഷാന്തരേ? 402
സന്ധ്യാഭപാനാർത്ഥനചെയ്തതോർത്താൽ
സന്ദേഹമില്ലിന്നൊരനുഗ്രഹംമേ
എന്നുംപരാധീനനതല്ലഹോ!ഞാ-
നെന്നോകഥിക്കുന്നുകരീന്ദ്രയാനേ! 403
പോകുന്നകാലമതിമോദസുധാരസത്തെ
ത്തൂകുന്നഗാനമതിനാലറിയുന്നതില്ല
ഏകുന്നിതത്ഭുതരസംമമ,തേകുളിപ്പാൻ
വെക്കുന്നനേരമിതുകാണുകകഞ്ജനേത്രേ! 404
മന്ദംചെമ്പുകലങ്ങളങ്ങറയിൽവെ-
ച്ചമ്പോടുനാല്പാമരം
ന്ദിച്ചിട്ടൊരുകാന്തവെള്ളമിതചൂ-
ടാറുന്നചേടീജനം
പൊന്നിൻകിണ്ണമതിൽസുഗന്ധതിലജം
കൈക്കൊണ്ടുവന്നാളിമാർ
മിന്നുംകുന്തലഴിച്ചുചിക്കുവതിനാ-
ചിക്കുന്നുനില്ക്കുന്നുതേ. 405
എന്നാലിപ്പോൾഗമിക്കട്ടേസുന്ദരാംഗികൾമാലികേ!
എന്നുമെന്നെമറന്നീടായ്കെന്നോനീചൊന്നതുംപ്രിയേ!
ചാലേകഥിക്കുന്നതുമെന്തിവണ്ണം
ബാലേ!നമുക്കുണ്ടിഹജീവനിപ്പോൾ
മാലൊത്തുപോകുന്നിതുഹന്ത!നാളെ-
ക്കാലത്തുകാണാംകണിയെന്നപോലെ. 407

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA·2 PAR-V Acc. No. 4660

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

നര-2
PAR-V

4660

പരമേശ്വരൻ നമ്പൂതിരി
പ്പാട്

വെണ്മണിക്കൃതികൾ